രാഷ്ട്രീയവും സാമുദായികവുമായ സ്വരം ആ കൃതികളിൽ വ്യക്തമായി കേൾക്കാനില്ലേ? ഉണ്ട്. പക്ഷെ ആശാന്റെ പരമലക്ഷ്യം അതായിരുന്നില്ല അലൌകികസ്നേഹത്തിലേയ്ക്കു കയറാനുള്ള പടവുകളായി അനാചാരങ്ങളുടെ വിമർശനവും സാമുദായികാക്രമങ്ങളുടെ വിമർശനവും അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്. അവശരോടുള്ള അനുകമ്പ അങ്ങനെ അദ്ദേഹത്തിന്റെ ചിന്തയെ വ്യക്തിയിൽനിന്നു സമുദായത്തിലേയ്ക്കു നയിച്ചിട്ടുണ്ട്. പക്ഷെ, ഉറപ്പിച്ചു പറഞ്ഞേ കഴിയൂ? ആശാന്റെ ലക്ഷ്യം സാമുദായികമോ രാഷ്ട്രീയമോ അല്ല; ആദർശപരമാണെന്ന് സമുദായത്തെ വിമർശിയ്ക്കാൻ യുക്തിയ്ക്കും ചിന്തയ്ക്കും കഴിയും. പരിഷ്കരിയ്ക്കാൻ കഴിയുന്നതോ, ഹൃദയത്തിനുമാത്രം! "മനോഗുഹയെല്ലാം സ്ഫുടരത്ന"മായ അമലരാഗത്തിന്റെ ദീപ്തിയിൽ എല്ലാ കൃതികളും ചെന്നൊത്തുന്നതു നോക്കുക. വിഹിതാവിഹിതങ്ങളെ നിശ്ചയിയ്ക്കേണ്ടതു സ്നേഹമാണ്. ധർമ്മരഹസ്യം, ബാഹ്യങ്ങളായ സൌകര്യങ്ങളിലല്ല ഉള്ളിൽനിന്നുയരുന്ന സ്വരത്തിലാണ് സ്ഥിതിചെയ്യുന്നതു്. നിത്യഭിന്നമായ നയമല്ല, ആന്തരമായ സൌഹൃദമാണ് കർത്തവ്യം നിർണ്ണയിയ്ക്കേണ്ടതു്. ദേശാചാരങ്ങൾ അഭിജനസങ്കടകരമാണ്. 'സീത' "പുരുഷന്മാരുടെ ധീരമാനിത"യെ സാമൂഹ്യമായി പഴിയ്ക്കുന്നു. ഇന്നലത്തെ സൌകര്യം സൃഷ്ടിച്ചുവെച്ച നിയമസംഹിത മുമ്പിലെടുത്തുവെച്ച് ഇന്നത്തെ കർത്തവ്യം തീരുമാനിയ്ക്കുമ്പോൾ, നിർമ്മല സ്നേഹത്തോടു കണ്ടഭാവംപോലും നടിയ്ക്കാതെയുള്ള പുരുഷന്റെ പ്രവൃത്തിയെ, അദ്ദേഹം പുരുഷോത്തമനായ ശ്രീരാമനായാലുംശരി, ആശാൻ ചോദ്യംചെയ്യും. "തരുണീപാദജഗഹ്വിണീ ശ്രുതി"യ്ക്ക് അടിമയായിത്തീർന്നുവോ, രാഘവൻ എന്നു ചോദിയ്ക്കുന്ന സീത പെട്ടെന്നൊരു വിപ്ലവകാരിണിയാവുകയാണ്. അതേ ശ്രുതിയ്ക്കും സ്മൃതിയ്ക്കും അവയുടെ ആജ്ഞാനുവർത്തിയായ രാമനും അതുവരെ വഴങ്ങി ജീവിച്ച സീതയുടെ ഈ ഉച്ഛൃംഖലതയിൽ അനൌചിത്യംകാണാത്തതിനു കാരണം, ആദർശത്തിൽനിന്ന് ഒരിയ്ക്കലും വഴുക്കിവീഴാത്ത കവിയുടെ നിലയാണ് രാമനിൽ കുററംകാണുന്നതിനേക്കാൾ തന്നിൽതന്നെ കുററംകണ്ടു സംതൃപ്തിയടയുന്ന സീത, ആത്മാവണിയുന്ന ഭൂഷണത്തിന്റെ — അമലരാഗത്തിന്റെ — ദീപ്തിയിൽ ഉയർന്നുയർന്ന്, 'പ്രിയ രാഘവ' എന്ന സംബോധനയോടുകൂടി സ്നേഹമാത്രമായ ഒരുപരിതലത്തിൽനിന്നു തിളങ്ങുകയാണ്.

പാപത്തിന്റെ കൂലിനേടിയെന്നതിനേക്കാൾ വാസവദത്തയ്ക്കുള്ള പ്രാധാന്യം

അത്ര ചപലമായിരുന്ന ഹൃദയത്തിലും കരുണയുടെ കിരണം തട്ടിയപ്പോൾ അതു നിർമ്മലമായിത്തീർന്നു എന്നുള്ളതിലാണു്. അവിടേയും സമുദായവിമർശനത്തിൽനിന്നു് ആദർശപ്രഖ്യാപനം മുൻകൈനേടുന്നു.

നാകത്തിൽതന്നെ, സ്നേഹത്തിൻെറ ദീപ്താന്തരീക്ഷത്തിൽതന്നെ, പിറന്നു വളർന്ന ചില കഥാപാത്രങ്ങളുണ്ടു്. — ഉപഗുപ്തൻ, ആനന്ദൻ, ദിവാകരൻ. വളർച്ചയെത്തിയ രൂപത്തിൽതന്നെ ജനിച്ച ആ സ്നേഹം ലൌകികമരണത്തിൻെറ ചൂളയിൽ നീററി ശുദ്ധമാക്കേണ്ട ആവശ്യമില്ല. വിശ്വപ്രേമത്തിനുവേണ്ടി ഭുവനസംഗം വെടിഞ്ഞവരാണവർ. വാസവദത്തയുടെ പ്രേമദൌർല്ലഭ്യമോ, ലീലയുടെ പ്രേമവഞ്ചനയോ മദനൻെറ പ്രേമഭീരുതാപമോ, നളിനിയുടെ പ്രേമദൌർബ്ബല്യമോ, അവരിലില്ല. ലൌകികതയുടെ പിടച്ചിലല്ല, ആ നിസ്സംഗന്മാരുടെ ഹൃദയത്തിൽ. ആശാൻെറ ആദർശവിപ്ലവത്തിന് ആർത്ഥികമോ, ഭൌതികമോ ആയ അടിസ്ഥാനമുണ്ടെന്നു് ഈ നിഷ്കിഞ്ചനന്മാരെ മുന്നിൽനിർത്തിക്കൊണ്ടു പറയാൻ കഴിയുമോ ?

ഒരു പ്രസിദ്ധവിമർശകനഭിപ്രായപ്പെട്ടിട്ടുണ്ടു്: "ആശാൻെറ കവിത വ്യക്തിയിൽനിന്നു തുടങ്ങി സമുദായത്തിൻെറ ഒത്തനടുവിൽ എത്തുന്നതുവരെ ഉടനീളം വിപ്ലവം പ്രസംഗിച്ചു.—ജീവിതത്തിൻെറ രൂപത്തിലും ഭാവത്തിലും" എന്നു്. ആശാൻെറ കവിത, വൈയക്തികമോ, സാമൂഹ്യമോ ആകട്ടെ, അതിൻെറ രൂപം രാഷ്ട്രീയമോ സാമുദായികമോ ആകട്ടെ, അതിലെ പ്രശ്നം ആർത്ഥികമോ, ആചാരപരമോ ആകട്ടെ, അതിൻെറ ഭാവം ആദ്ധ്യാത്മികമാണു്: ഭൌതികനായ ഒരു വിപ്ലവകാരിയായിരുന്നെങ്കിൽ ആശാൻ വാസവദത്തയ്ക്കു മോക്ഷം നൽകുമായിരുന്നില്ല, സീതയെ സ്നേഹമാത്രയായി ഉയർത്തുമായിരുന്നില്ല, ലീലാമദനന്മാരെ രേവാഹ്രദത്തിൽ നിക്ഷേപിയ്ക്കുമായിരുന്നില്ല, മാതംഗിയെ കന്യകാമഠത്തിൽ ചേർക്കുമായിരുന്നില്ല, 'നളിനി' എഴുതുമായിരുന്നില്ല. സാമുദായികവും രാഷ്ട്രീയവും ആസ്ഥികവുമായ പ്രശ്നങ്ങളേക്കാളധികം ആശാനെ ചിന്തിപ്പിച്ചതു് മനുഷ്യഹൃദയത്തിലെ പോരുകളും പോരായ്മകളുമാണു്. കവിഹൃദയമുള്ള മറെറാരു നിരൂപകനഭിപ്രായപ്പെട്ടിട്ടുണ്ടു്: "സ്നേഹം ആശാനെ ഒരു വിപ്ലവകാരിയാക്കി; സങ്കുചിതമായ ഒരു സാമുദായികഭാവനയും ആ സ്നേഹത്തിനു കൂട്ടായിട്ടില്ല തന്നെ."

# ആ കൂലിക്കാരൻ

( എ. Cl vi. )

സന്ധ്യാസമയമായ് വായസമോരോന്നായ്
ബന്ധുക്കളോടേ മടങ്ങുകയായ്.
അന്ധകാരത്തിനോടാഹവം ചെയ്തുകൊ-
ണ്ടന്തിയിൽ വിശ്രമം നേടുവാനായ്;
നാളനിരകളിൽ ഭാരംനിയോഗിച്ചി-
ട്ടാഴിയിലർക്കൻ പതിക്കയായി.
അന്ധതാമിസ്രത്തെയൊക്കെയകററുവാൻ
പൊന്തുന്ന പീരങ്കി നർദ്ദിക്കയായ്.
ഭീമമാമാപണമൊക്കവേ ശാന്തമായ്-
സൌമ്യഭാവത്തെപ്പൂണ്ടന്നുലോകം......
തിക്കിത്തിരക്കലു 'മേലേലം' ചൊല്ലലു-
മാകവേ മാഞ്ഞു മറഞ്ഞിതാവോ!
അന്നേരമാപണവക്കിലങ്ങൊററയ്ക്കായ്
വന്നിരിപ്പുണ്ടൊരു വൃദ്ധഗാത്രൻ.
പണ്ടുമുതല്ക്കോരോ ഭാരംവഹിച്ചൊരു
മൂടില്ലാക്കൊട്ടയുമുണ്ടരികിൽ.
നിശ്വാസവീചികളോരോന്നായെത്തുമ്പോ-
ളസ്ഥികൾ മാത്രമവനിൽ കാണാം.
മജ്ജയും മാംസവും മസ്തിഷ്കവുമററ
നിർജ്ജീവവസ്തുവതെന്നുതോന്നും
ആത്മസ്വരൂപത്തോടാരായുന്നുണ്ടവ-
നാത്മനിരൂപണ ഗ്രന്ഥസാരം.

ഹാ! പാരം ദുർവ്വിധി, പാരിലപ്പാവത്തിൻ
ഖേദങ്ങളൊക്കയു മാരുകാണ്മൂ ?
മൂന്നാലുകുഞ്ഞുങ്ങളാണവൻ മാടത്ത-
ന്നന്നം കഴിക്കാതെ കാത്തുനിൽപ്പൂ !
അപ്പന്റെ സമ്പാദ്യക്കൊട്ടയ്ക്കകത്തുള്ളോ-
രങ്ങാടിസ്സാമാനം കാത്തുനിൽപ്പൂ !
പിഞ്ചുപൈതത്തെത്തൻ തോളിലുറക്കീട്ടു
പ്രാഞ്ചിക്കിതച്ചമ്മ വീർപ്പുമുട്ടി
പയ്യാൽത്തളന്നുള്ള മെയ്യിൻചുമടേന്തി
വയ്യാതെ തൂണുംപിടിച്ചു നിൽപ്പൂ......

* * * *

കൂലിക്കൊരാളും വിളിച്ചില്ല കാന്തനെ,
കൂലിവാങ്ങിപ്പാനും സാധിച്ചില്ല.
മാടത്തേക്കിന്നും ഞാൻ കാൽവെപ്പതെ
കൂട്ടുന്നുണ്ടാധിയിതോർത്തവന്ന്. (ങ്ങനെ
കത്തുമിളംവയറോടടുത്തീടുമ-
കുഞ്ഞുങ്ങളോടവനെന്തു ചൊല്ലും ?
അമ്മതന്നംസത്തിൽനിന്നുണർന്നെത്തുന്ന
മുഗ്ദ്ധശിശുവിന്നിന്നെന്തുനൽകും ?......
ചെല്ലുക, ചൊല്ലുക, കുഞ്ഞുങ്ങളോട് നീ
വല്ല പഴങ്കഥമാത്രമിന്നു.
കഷ്ടതയെത്രയനുഭവിച്ചീടിലു-
മിഷ്ടങ്ങൾ നാളെ നീ സാധിച്ചീടാം !!

# മലയാളത്തിലെ ചെറുകഥകൾ *

( വിവർത്തകൻ:— വി. കെ. കാർത്തികേയൻ, ക്ലാസ് iii )

മലയാളഭാഷാസാഹിത്യത്തിൻെറ വിവിധഭാഗങ്ങളിൽവെച്ച് ഏററവും മികച്ചു നില്ക്കുന്നതു ചെറുകഥാപ്രസ്ഥാനമാകുന്നു. കാരണം വ്യക്തമാണ്. സകലതും പ്രജാധിപത്യപരവും ജനകീയവുമാക്കിത്തീർക്കുവാൻ വെമ്പൽകൊള്ളുന്ന ലോകത്തിൽ സാഹിത്യവും അതിനു വിധേയമാണ്. തന്മൂലം മഹാകാവ്യങ്ങളുടേയും വലിയ ആഖ്യായികകളുടേയും സ്ഥാനം ഖണ്ഡകാവ്യങ്ങളും ചെറുകഥകളും അപഹരിയ്ക്കുവാൻതുടങ്ങി. ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ സാർവ്വത്രികമായ പ്രചാരത്തോടുകൂടി ആഖ്യായികകളും ചെറുകഥകളും ഒരുപോലെ കേരളത്തിൽ ജന്മമെടുത്തു ആദ്യത്തെ നോവൽ എഴുതിയിട്ടിപ്പോൾ കഷ്ടിച്ച് അറുപതുവർഷങ്ങളായിട്ടുണ്ട്. ആംഗ്ലേയകഥകളെ അനുകരിച്ചുള്ള ഒരു സാമുദായികപഠനമായിരുന്നു ആ നോവലെങ്കിലും അതൊരു പരാജയമായിട്ടാണനുഭവപ്പെട്ടതു്. അല്പകാലങ്ങൾക്കുശേഷം സാമാന്യം ഉയർന്നതരത്തിലുള്ളതും ചരിത്രപരവും സാമുദായികവുമായ നോവലുകൾ രംഗപ്രവേശംചെയ്തു. അതുമുതൽ, അനുകരിച്ചും അനുരൂപണംചെയ്തും എഴുതപ്പെട്ട നോവലുകളുടെ ഒരു കാലഘട്ടംതന്നെയുണ്ടായി.

ഈ നൂററാണ്ടിൻെറ മൂന്നാംദശാബ്ദംവരെ വായനക്കാരും അതുപോലെതന്നെ പ്രസാധകന്മാരും ചെറുകഥാപ്രസ്ഥാനത്തെ അത്ര കാര്യമായി ഗണിച്ചിരുന്നില്ല. ഈ പ്രസ്ഥാനത്തിലെ അഗ്രഗാമികളായിരുന്ന എം. ആർ. കെ സി., അമ്പാടി നാരായണപ്പൊതുവാൾ മുതലായവർക്കു ശ്രദ്ധേയമായ കഴിവുകളുണ്ടായിരുന്നു. പത്തൊമ്പതാം നൂററാണ്ടിൻെറ അന്ത്യഭാഗം അവരുടെ ലേഖനങ്ങളാൽ മുഖരിതമായിരുന്നു. പക്ഷെ കാവ്യങ്ങളിലും നാടകങ്ങളിലും മുഴുകിയിരുന്ന കേരളീയർ ഈ പുതിയ പ്രസ്ഥാനത്തിലേയ്ക്കൊന്നെത്തിനോക്കുവാൻപോലും തയ്യാറായില്ല. അതിനാൽ ആദികാലത്തെ ചെറുകഥകളുടെ വൈശിഷ്ട്യത്തെ ഇപ്പോൾ ഗ്രഹിയ്ക്കപ്പെടുന്നില്ലതന്നെ. പുരാണകഥകളുടെ താല്പര്യം വെളിപ്പെടുത്തുന്നതിലും മനോഹരമായ ഗദ്യരീതിയിലും, എം. ആർ. കെ. സി., പൊതുവാൾ, ചേലനാട്ട്, എന്നിവരുടെ ചെറുകഥകൾ മികച്ചുനിന്നിരുന്നു. കേരളത്തിൽ പഴമ്പുരാണങ്ങൾ ഒട്ടനവധിയുണ്ട്. ഈ ലേഖകന്മാർ അതിൽനിന്നും കഥാവസ്തുക്കളെ സ്വതന്ത്രമായി സ്വീകരിച്ചു. അതിൻെറ പ്രാധാന്യത്തെപ്പററി പരിശോധിയ്ക്കേണ്ടതില്ല.

അടുത്തതായി ഈ രംഗത്തു നാം കാണുന്നതു് ശ്രീ ഇ. വി. കൃഷ്ണപിള്ളയെയാണ്. അദ്ദേഹം "കേളീസൌധം" എന്ന പേരിൽ തൻെറ ചെറുകഥകളെ സമാഹരിച്ചു നാലുകാണ്ഡങ്ങളിലായി പ്രസിദ്ധീകരിയ്ക്കുന്നതുവരെ ഈ പ്രസ്ഥാനം നിശ്ചലതപ്രാപിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു. പ്രകരണത്തിലും പ്രത്യക്ഷതയിലും

* ശ്രീ. എസ്. കെ. നായർ ഇന്ത്യൻ എക്സ്പ്രസ്സിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതിൻെറ തർജ്ജിമ.

നവീനങ്ങളായിരുന്നു ഈ കഥകൾ. ഇടത്തരക്കാരും വിജ്ഞന്മാരുമായ കേരളീയരുടെ ജീവിതത്തെ യഥാർത്ഥമായി ഈ കഥകൾ പ്രതിഫലിപ്പിച്ചു. ഈ. വി. യുടെ ചെറുകഥകൾക്ക് ഒരു പ്രത്യേകതയുണ്ട്. വാസ്തവത്തിൽ അവ ചെറുകഥകളല്ല; അവയിൽ ഏതുവേണമെങ്കിലും വളരെ എളുപ്പത്തിൽ വികസിപ്പിച്ച് ഒരു നോവലായി രൂപാന്തരപ്പെടുത്താവുന്നതാണ്. മലയാളത്തിൽ ചെറുകഥയ്ക്കുണ്ടായ പുരോഗതിയുടെ ദ്വിതീയഘട്ടത്തെയാണ് അദ്ദേഹം പ്രതിനിധാനംചെയ്യുന്നതു്. നവീനങ്ങളായ ഇതിവൃത്തങ്ങൾ സ്വീകരിച്ച് അത്രവളരെ ആലങ്കാരികഭാഷയൊന്നുംകൂടാതെ വ്യക്തമായി പ്രതിപാദിയ്ക്കുന്നതിനും, സാമുദായികപ്രശ്നങ്ങൾക്കു പ്രതിവിധികാണുന്നതിനും സമുദായമദ്ധ്യത്തിൽ അന്നു നിലവിലുണ്ടായിരുന്ന ഒട്ടുവളരെ തിന്മകൾ തിരുത്തുന്നതിനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

ബംഗാളിയിലുള്ള ചെറുകഥകളും നോവലുകളും തർജ്ജമചെയ്തു പരസ്യംചെയ്യുന്നതിൽ ആഴ്ചപ്പതിപ്പുകളും മാസികകളും ഈയിടെയായി വലിയ താല്പര്യംപ്രദർശിപ്പിച്ചു കാണുന്നു. അവയിൽ പ്രധാനമായിട്ടുള്ളതു് ടാഗോറിന്റെ കഥകളാണ്. വായനക്കാരെ ആകർഷിയ്ക്കുന്നതിൽ അവയ്ക്കു സീമാതീതമായ കഴിവുണ്ട്. മലയാളികളും ബംഗാളികളും തമ്മിൽ കലാപരമായും സാംസ്കാരികമായും വളരെ അടുത്തു ബന്ധമുണ്ടെന്നാണ് സാധാരണ പറയുന്നതു്. അതിനാൽ, മലയാളികൾ ബംഗാളീകഥകളാൽ വളരെ എളുപ്പം ആകർഷിയ്ക്കപ്പെട്ടെങ്കിൽ അതു സ്വാഭാവികംമാത്രമാണ്. തന്മൂലം ദ്രുതതരവും ശക്തിമത്തുമായ പ്രത്യാഘാതങ്ങൾ അനുഭവപ്പെട്ടു. വളരെയധികം മലയാളസാഹിത്യകാരന്മാർ ബംഗാളിരീതിയിൽ കഥകളെഴുതുവാൻതുടങ്ങി. കഥാപാത്രങ്ങളുടെ പേരുകൾ, അവരുടെ സ്വഭാവം, വിധവാവിവാഹം, അമ്മായിഅമ്മപ്പോരു്, എന്നിവ കേരളസംസ്കാരത്തിനും സമുദായത്തിനുമുള്ള അന്യത്വത്തെക്കൂടി കണക്കാക്കാതെ മലയാളത്തിലെ സ്വയംകൃതങ്ങളായ ചെറുകഥകളിലേയ്ക്കു നുഴഞ്ഞുകയറി. എന്നാൽ അങ്ങനെയുണ്ടായ അനുകരണസൃഷ്ടികൾ ഗുണദോഷപരിചിന്തനത്തിൽ കാലത്തിനൊത്തതുമായിരുന്നില്ല.

കഥാരചനയിൽ ഇന്നുള്ള മേന്മ അനുഭവപ്പെട്ടുവാൻതുടങ്ങിയതു്, രണ്ടാം ലോകമഹായുദ്ധം തുടങ്ങുന്നതിനല്പം മുമ്പുമാത്രമാണ്. നല്ല നല്ല ഫ്രഞ്ചുകഥകളും റഷ്യൻകഥകളും മലയാളത്തിലേയ്ക്കു പകർത്തി. മാപ്പസങ്ങ്, ടോൾസ്റ്റോയ്, ഗോർക്കി മുതലായവരുടെ സ്തുതിപാഠകന്മാരും അനുയായികളുമുണ്ടായി. ഫ്രഞ്ചു നിരൂപകന്മാരുടേതുപോലുള്ള സാഹിത്യനിരൂപണങ്ങളും അവരെ സഹായിച്ചു. പ്രാപഞ്ചികാസ്തിക്യവാദം, പ്രകൃതിമാഹാത്മ്യവാദം ആദിയായവ ഓരോ വിദ്യാർത്ഥിയുടേയും സംസാരവിഷയങ്ങളായി. ചെറുകഥാകാരന്മാർക്കുള്ള ഒട്ടുവളരെ സ്കൂളുകൾതന്നെയും രൂപമെടുത്തു.

പുരോഗമനാദ്ധ്യയനശാലകളിലെ അഗ്രഗാമികളായ പലരും പെട്ടെന്നനുഭവപ്പെട്ട പല പരിവർത്തനങ്ങളും നടപ്പിലാക്കി. അവർ സ്വീകരിച്ച ഭാഷാരീതി വളരെ ലളിതമായിരുന്നു. സ്വന്തം ജീവിതത്തിൽനിന്നും ഇതിവൃത്തങ്ങൾ തിരഞ്ഞെടുക്കുന്നതിൽ പലരും ആവേശംകൊണ്ടു. "കല കലയ്ക്കുവേണ്ടി" എന്ന പഴഞ്ചൊല്ലുപോയി, "കല മനുഷ്യനുവേണ്ടി" എന്ന സോഷ്യലിസ്റ്റുതത്വം അംഗീകരിയ്ക്കപ്പെട്ടു. അധഃകൃതരുടേയും പാവപ്പെട്ടവരുടേയും ജീവിതവും ചുററുപാടുകളും വിവരിയ്ക്കുന്ന ചെറുകഥകൾക്കു പ്രാധാന്യം സിദ്ധിച്ചു. അവ പ്രാപഞ്ചികാസ്തിക്യവാദികളെ ആർദ്രചിത്തരാക്കി.

പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, പൊൻകുന്നംവർക്കി, പി. സി. കുട്ടികൃഷ്ണൻ, വെട്ടൂർ രാമൻനായർ മുതലായവരുടെ കഥകൾ മുമ്പുപറഞ്ഞതരത്തിൽ ഉൾപ്പെടുന്നു. ഇവരെല്ലാവരും സാധാരണ ഇടത്തരക്കാരിൽപ്പെട്ടവരും അല്പം ചിലർ മാർക്സിയൻ തത്വശാസ്ത്രത്തിൽ വിശ്വസിയ്ക്കുന്നവരുമാണ്. ഇതിൽ സമുദായത്തെ അതിൻെറ തനി നഗ്നമായ രൂപത്തിൽത്തന്നെ ചിത്രീകരിയ്ക്കുന്നതിന് തകഴി ശിവശങ്കരപ്പിള്ളയ്ക്കുള്ള ധൈര്യവും ആത്മാർത്ഥതയും ശ്രദ്ധേയമാണ്. മാപ്പസങ്ങും, ഫ്രൂഡും ഈ വഴിയ്ക്കദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുണ്ടാവണം.

പ്രകൃത്യാതന്നെ മനഃപരിശോധകന്മാരായ ബഷീർ, കാരൂർ തുടങ്ങിയ മറെറാരു വിഭാഗമുണ്ട്. തങ്ങളെത്തന്നെ വീക്ഷിയ്ക്കുന്നതല്ലാതെ മറെറാന്നും അവർ ശ്രദ്ധിയ്ക്കാറില്ല. ഇവരിൽ ബഷീർ പ്രായേണ ഒരു സഞ്ചാരിയും സ്ഥിരവാസസ്ഥലമില്ലാത്തയാളുമാണ്. അദ്ദേഹത്തിൻെറ ലേഖനങ്ങളെല്ലാം സ്വാനുഭവങ്ങളെക്കുറിച്ചുള്ളവയും ചെറുകഥകൾ സ്വന്തം വ്യക്തിപ്രാഭവത്തെ ആവരണംചെയ്തിരിയ്ക്കുന്നവയുമാകുന്നു. പാവപ്പെട്ട ഒരദ്ധ്യാപകനായ മറെറയാൾ ആത്മാർത്ഥമായും ഹാസ്യപരമായും തൻെറ സഹപ്രവർത്തകന്മാരുടെ അനുഭവങ്ങളെ ചിത്രീകരിയ്ക്കുന്നു. വായനക്കാരാകട്ടെ അവരുടെ അരിഷ്ടാവസ്ഥയിൽ അനുകമ്പാകുലരാകുന്നുമില്ല.

മലയാളത്തിലെ ചെറുകഥാപ്രസ്ഥാനത്തിന് ആധുനികമായുണ്ടായ വളർച്ചയ്ക്കു വളരെ അധികം പ്രചോദനംനല്കിയിട്ടുള്ളതു സുപ്രസിദ്ധ സാഹിത്യകാരനായ ശ്രീ. എസ്. കെ. പൊററക്കാട്ടാണ്. അദ്ദേഹത്തിൻെറ കഥകൾക്കു യാതൊരു രാഷ്ട്രീയ പക്ഷവാദവുമില്ല. വിശ്വാസത്താൽ അദ്ദേഹമൊരു സമഷ്ടിവാദിയായിരിയ്ക്കാം. എന്നാൽ തൻെറ കഥകളൊന്നും അതു സൂചിപ്പിയ്ക്കുന്നില്ല; അവ വെറും ഭാവനാത്മകങ്ങളാണ്. ഒരുപക്ഷേ അഖിലേന്ത്യാപര്യടനം നടത്തിയിട്ടുള്ള കേരളീയനായ ഏക ചെറുകഥാകൃത്ത് ശ്രീ. പൊററക്കാട്ടാണ്. സഞ്ചാരിയെന്നുള്ള നിലയിൽ തനിയ്ക്കുള്ള വിവിധങ്ങളായ അനുഭവങ്ങൾകൊണ്ട് നിബിഡമാണ് കഥകളെല്ലാം. കാശ്മീരിൻെറ പ്രകൃതിരാമണീയകത്വം, ബോംബേയിലെ തിരക്കായ ജീവിതരീതി, പഞ്ചാബിലും ബംഗാളിലും തനിയ്ക്കുണ്ടായിട്ടുള്ള പരാക്രമപരമായ അനുഭവങ്ങൾ എന്നിവയെല്ലാം വിവരിയ്ക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ചെറുകഥാകൃത്തുക്കളിൽ ഏററവും സമ്മതനായ വ്യക്തി ശ്രീ. പൊററക്കാട്ടാണ്.

ചെറുകഥാപ്രസ്ഥാനം തല്ക്കാലം തൃപ്തികരമാണ്. രണ്ടോ മൂന്നോ ചെറുകഥകളില്ലാത്ത ഒരു ദിനപ്പത്രംപോലും മലയാളത്തിലില്ല. ഇതിനുവേണ്ടി ചില മാസികകൾതന്നെയുമുണ്ട്.

# സ്മരണയുടെ ചുരുളിൽ

( ഈ. ആർ. വേലായുധൻ, Cl i. )

ഇന്നു ഞാൻ താരുണ്യത്താരിലായെങ്കിലും
നിന്നെ സ്മരിപ്പൂ ഞാനിന്നും.

* * * * *

കണ്ണു തുറന്നു ഞാനീലോകം കാണവെ
കൺമണിയുണ്ടെന്റെ മുന്നിൽ
അമ്മതന്നമ്മിഞ്ഞ യാസ്വദിച്ചീടവേ,
അമ്മമടിയിലിരിക്കെ,
എന്നും കിളിർന്നലിഞ്ഞുള്ള ചിരിയുമാ
യെൻമുന്നിലുണ്ട നീ യെന്നും
എല്ലാം കഴിഞ്ഞു കഴിഞ്ഞുപോയെങ്കിലു—
മെല്ലാം സ്മരിപ്പു ഞാനെന്നും !

* * * * *

പൂപറിച്ചീടുവാൻ പൂക്കൊട്ടയായി നാം
പോവുകയില്ലയോ, കാട്ടിൽ
ഓരോ മലരുമതിത്തേടത്തീടവെ
ഓരോന്നു തമ്മിൽ പറയും.
ഓളിമ്പിട്ടിട്ടു നാമോണപ്പുലരിയി-
ലോടിനടക്കുകയില്ലേ ?
എല്ലാം കഴിഞ്ഞു, കഴിഞ്ഞുപോയെങ്കിലു—
മെല്ലാം സ്മരിക്കയാണിന്നും !

* * * * *

പുസ്തകസ്സഞ്ചിയായ് കൂട്ടുകാരൊത്തു നാം
ഹസ്തം ഗ്രഹിച്ചു രണ്ടാളും
പാഠശാലക്കു ഗമിച്ചു, മതേവിധം
പാഠങ്ങൾ നന്നായ് പഠിച്ചും,
എന്നും കളിച്ചും, ചിരിച്ചും, പഠിച്ചു നാ-
മന്നത്തെ നാളുകൾ പോക്കി.
എല്ലാം സ്മരിപ്പൂ, സ്മരിപ്പൂ, സ്മരിപ്പിവ—
നെല്ലാം സ്മരിക്കയാണിന്നും !

അന്നൊരുനാളിലെന്നദ്ധ്യാപകനെന്നെ
നന്നായിട്ടൊന്നു ശിക്ഷിക്കെ
ഓമനെ! നിന്റെ കുവലയലോചന-
മോതുവാൻ വയ്യാത്തമട്ടിൽ—
കണ്ണീർക്കണങ്ങൾ നിറഞ്ഞൊഴുകീടുമാ
കണ്ണിലേക്കൊന്നു ഞാൻ നോക്കെ
ഓളമിളക്കിയെൻ ഹൃത്തിലാകുന്നനീ—
രോതുവാൻ വയ്യാത്തമട്ടിൽ
അന്നു നിൻ ആയിരമുമ്മയാലെൻ ഹൃദി
നിർവ്വാണം പൂകിയോനാക്കി.
എല്ലാം കഴിഞ്ഞു കഴിഞ്ഞുപോയെങ്കിലു
മെല്ലാം സ്മരിക്കയാണിന്നും.

* * * * *

കൃത്യാന്തരങ്ങൾക്കിടയിലും കൂടി നീ
കൃത്യമായെത്തുമെൻ മുന്നിൽ
ഒന്നും പറയുവാനില്ലെനിയ്ക്കെങ്കിലു-
മെന്തൊക്കെ, നമ്മൾ പറയും ;
നിർമ്മലമായുള്ള മാനസമായി നാം
നർമ്മസല്ലാപങ്ങൾ ചെയ്യും ;
പൊട്ടിച്ചിരിക്കുവാൻ മാത്രമായിട്ടു നീ
"പൊട്ടിക്കു"മോരോഫലിതം.
കുട്ടിക്കുരങ്ങശാക്ഷി, യോമനസ്വപ്നങ്ങൾ
നട്ടുവളർത്തി നീ യെന്നിൽ
മായാത്ത സ്വപ്നങ്ങളെന്നിലർപ്പിച്ചു നീ
മായികേ, പോയി മറഞ്ഞു.
കഷ്ടം ഹതവിധിയെന്നോമലാളെ നീ
തട്ടിയെടുത്തു മറഞ്ഞു.

* * * * *

മാങ്ങപെറുക്കുവാൻ ചങ്ങാതിമാരുമാ-
യങ്ങേപ്പറമ്പിൽ നാം നില്ക്കെ,

മാമ്പഴമെന്നു ഞാൻ വ്യാമോഹിച്ചീടുവാൻ
മാവിൽ നീ കല്ലൊന്നെറിയെ,
മാങ്ങപെറുക്കുവാൻ വെമ്പിഞാനോടിയാ
മാവിൻ തണലിലെത്തീടെ,
ഓരോരൊ കൊമ്പിലും തട്ടിത്തടഞ്ഞിട്ട-
തെൻശിരോഭാഗത്തു വീഴെ,
ഇററിററുവീണെൻശിരസ്സിൽനിന്നും നിണം;
ഇററിററുവീണു, കണ്ണീരും.
ഇന്നെൻതലയിലായ് കാണുമപ്പാടുക-
ളന്നെനിക്കായി നീ തന്നു.
എന്നിട്ടുഞാൻ, നിൻസ്മരണ വാഴ്ത്തീടുവാ-
നെന്നും തലയിൽത്തലോടും
കണ്ണീർക്കണങ്ങളെൻ കണ്ണിൽ നിറയവെ,
കണ്മണീ, ഞാൻ വിരമിക്കും.

* * * * *

കട്ടിലിൽ ചിന്നിപ്പുറക്കും മുടിയുമായ്
ഇഷ്ടിയില്ലാതായ് ക്കിടന്നു.
എന്നെച്ചതിച്ചു നീ പൊയ്പ്പോകുമെന്നു ഞാ-
നില്ലില്ലറിഞ്ഞില്ല, കഷ്ടം!

എത്രവേഗം നീ മറഞ്ഞു,യറിഞ്ഞു ഞാ-
നെത്രവേഗം നിന്നഭാവം.
എന്നെയുംകൂടിനീകൊണ്ടുപോയെങ്കിൽഞാ-
നിന്നൊരു ഭാഗ്യവാനായി.
എന്നമിതുപോലെ ജീർണ്ണിച്ചു ജീവിപ്പാ-
നെന്നാൽ കഴിയുകയില്ലേ!
വാടിക്കരിഞ്ഞുപോയെൻജീവിതമലർ
വാടി, പൂത്തീടാത്തമട്ടിൽ.
എന്നുമിഞ്ചിഞ്ചായി നീറിമരിക്കുവാ-
നെന്നാൽ കഴിയുകയില്ലേ!
ക്രൂരിരുൾതിങ്ങുമീമൂലയിൽ ഞാനൊരു
മൂകനെപ്പോലെയിരിക്കും
ഓമനസ്വപ്നങ്ങൾ മാടിവിളിച്ചു, ഞാ
നോമനേ, പൊട്ടിക്കരയും;
പൊട്ടിക്കരഞ്ഞു കരഞ്ഞു ഞാനങ്ങിനെ
പൊട്ടിത്തകർന്നു മരിക്കും!
എന്നെങ്കിലുമൊരു സുപ്രഭാതത്തിൽ ഞാൻ,
നിന്നോടുകൂടി ലയിക്കും.

# ആരാണ് അപരിഷ്കൃതൻ?

( ടി. പി. മുഹമ്മദ്, Cl: ii. )

മരവിരിധരിച്ച്, പച്ചമാംസവും കാട്ടുകിഴങ്ങുകളും ഭക്ഷിച്ചുകൊണ്ട്, അവർ അലഞ്ഞുനടക്കുകയാണ്. കൂടുതൽ മൃഗങ്ങളെ കൊന്നവനാണ് അവരുടെ നേതാവ്! പച്ചപിടിച്ച് ഫലഭൂയിഷ്ഠമായ കായലോരങ്ങളാണ്, അവരുടെ വാസസ്ഥലങ്ങൾ!

"അപരിഷ്കൃതരായ പുരാതനവർഗ്ഗക്കാർ". ചരിത്രകാരൻ അവരെ വേർതിരിക്കയാണ്. വെറും പകിട്ടും പുറം പൂച്ചും നിറഞ്ഞ ആധുനികലോകത്തിൽ അവരെ അവതരിപ്പിക്കുകയാണ്! സ്നേഹവും വിശ്വാസവും നിറഞ്ഞു്, മൈത്രിയുടെ മോഹനമേലാപ്പിൻകീഴെ, സാഭിമാനം ചരിച്ചിരുന്ന അവരെ നോക്കി; വെറുപ്പും അവിശ്വാസവും നിറഞ്ഞു് കലുഷചിത്തരായ ആധുനികമനുഷ്യർ, പകയുടേയും അധികാരദുർമ്മോഹത്തിൻേറയും അടിയിൽ അമർന്നിരുന്നുകൊണ്ട്, പേപറയുകയാണ്, "അപരിഷ്കൃതർ" എന്ന്.

അപരിഷ്കൃതർ! ......ആരാണപരിഷ്കൃതർ? ......ഒന്നു താരതമ്യപ്പെടുത്തി നോക്കാം......

സ്നേഹത്തിൻെറ പൊൻസിംഹാസനത്തിലേറുവാൻ, സഹജാതിയ്ക്കുവേണ്ടി സ്വജീവൻപോലും സമർപ്പിക്കുവാൻ സന്നദ്ധരായിരുന്ന ആ ആദിമമനുഷ്യരോ, അതോ, അധികാരസ്ഥാപനത്തിന്നായി അവശലക്ഷങ്ങളെ ആയിരമായിരമായി അരിഞ്ഞൊടുക്കുന്ന ആധുനികമനുഷ്യരോ?

അല്ലെങ്കിൽ ........

മതത്തിൻേറയും മദത്തിൻേറയും മാരകലഹരിയിൽ മതിമയങ്ങി, മനംമരവിച്ച്, മനുഷ്യരാശിയെ വെട്ടിക്കൊല്ലുന്ന ആധുനികമനുഷ്യരോ, അതോ, വർഗ്ഗീയവാദത്തിൻെറ വിഷബീജങ്ങൾക്ക് വിശ്രമമേകാതെ, വിശ്വാസത്തിൻെറ പൊന്നൂഞ്ഞാലിൽ ഒന്നിച്ചിരുന്ന് ആടി രസിച്ചിരുന്ന ആദിമമനുഷ്യരോ?

അല്ലെങ്കിൽ... . ...

അപരൻെറ അന്തമററ അവശതയിൽ അകമലിഞ്ഞു്, അവൻെറ ആശ്വാസത്തിന്നായി സ്വന്തം രക്തംപോലും ഊററിക്കൊടുക്കുവാൻ ഉത്സാഹികളായിരുന്ന ആദിമമനുഷ്യരോ, അതോ, സ്വന്തം സഹോദരൻെറ രക്തം ഊററിയെടുത്ത്, നിഷ്ഠൂരണം അവനെ ജീവിതത്തിൻെറ ഓടയിലേക്ക് എടുത്തെറിഞ്ഞു് സ്വാർത്ഥതാല്പര്യങ്ങൾക്കു നിറം വെപ്പിക്കുന്ന ആധുനികമനുഷ്യരോ?

അല്ലെങ്കിൽ.........

പൊള്ളയായ പ്രേമഗാനങ്ങളുംപാടി വ്യാമോഹത്തിൻെറ വിരിമാറിൽ തലയണച്ച്, തുക്കുകയറിനെ പൂജിക്കുന്ന ആധുനികമനുഷ്യരോ, അതോ യാഥാർത്ഥ്യത്തെ നേരിടുവാൻവേണ്ടി, ജീവിതയാതനകൾക്ക് മാധുര്യംപകർന്നുകൊടുത്തിരുന്ന വിപ്ലവഗാനങ്ങൾ ആലപിച്ച് വിജയത്തിൻെറ വെൺമേടയിലേക്കു മുന്നേറിക്കൊണ്ടിരുന്ന ആദിമമനുഷ്യരോ?

അല്ലെങ്കിൽ........

പട്ടിണിയും പാപ്പരത്തവും, കഷ്ടപ്പാടും കണ്ണുനീരും, അസമത്വവും അസമാധാനവും, അടിമത്തവും അനാചാരവും നിലനിർത്തിക്കൊണ്ടുപോകുന്ന ഒരു സാമൂഹ്യഘടനയെ വാർത്തെടുത്ത്, അതിനെ പൂവിട്ടുതൊഴുത് ആത്മസംതൃപ്തരായിക്കഴിയുന്ന ആധുനികമനുഷ്യരോ, അതോ, സുഭിക്ഷതയും,

സന്തോഷവും സമാഹ്ലാദവും, സാഹോദര്യവും സമ്പൽസമൃദ്ധിയും, പരസ്പരവിശ്വാസവും പട്ടുത്തുയത്തിയിരുന്ന ഒരു വ്യവസ്ഥിതിയുടെ സ്ഥാപകരായിരുന്ന ആദിമമനുഷ്യരോ ?

അല്ലെങ്കിൽ.........

അയൽക്കാരുടെ അനശ്വരമായ വിജയമാണ് തങ്ങളുടെ ആത്മസംതൃപ്തിയ്ക്കുള്ള ആധാരം എന്ന് വിശ്വസിച്ചിരുന്ന ആദിമമനുഷ്യരോ, അതോ, സഹോദരരാഷ്ട്രങ്ങളുടെ ചിതാഭസ്മമാണ് തങ്ങളുടെ വളർച്ച്യ്ക്കുള്ള വളമെന്ന് വിശ്വസിക്കുന്ന ആധുനികമനുഷ്യരോ ?

അല്ലെങ്കിൽ.........

സത്യത്തിൻെറ പ്രകാശത്തിൽ യാഥാർത്ഥ്യങ്ങളുടെ തനിനിറം മനസ്സിലാക്കി, നിസ്സഹായരും നിർദ്ദോഷികളുമായിരുന്നവരെ, നീതിയുടെ നിർമ്മലഹസ്തങ്ങളിൽ സംരക്ഷിച്ചിരുന്ന ആദിമമനുഷ്യരോ, അതോ, നിയമത്തിൻെറ നീറുന്ന തീച്ചൂളയിലേക്ക് നിസ്സഹായരായ നിർദ്ദോഷികളെ നിർദ്ദയം തള്ളിയിട്ടു, നിവൎന്നുനിന്ന് ദീർഘശ്വാസംവിട്ട്, മുതലക്കണ്ണീരൊഴുക്കി അനുതാപം രേഖപ്പെടുത്തുന്ന ആധുനികമനുഷ്യരോ ?

ആരാണ് അപരിഷ്കൃതർ ?.........

മനുഷ്യനിർമ്മിതങ്ങളായ നിസ്സാരവ്യത്യാസങ്ങളെ വളരെ വലിയ കന്മതിലുകളാക്കി വൎദ്ധിപ്പിച്ചുകാണിക്കുന്ന ആധുനികമനുഷ്യരുടെ മുമ്പിൽ ആദിമവൎഗ്ഗക്കാർ അപരിഷ്കൃതരാണ്. അവരെപ്പററി ചിന്തിക്കുന്നതുപോലും 'അപരിഷ്കാര' മായിട്ടാണ് ആധുനികമനുഷ്യർ കണക്കാക്കുന്നതെന്നു തോന്നുന്നു. കാരണം, മാനസികപരിഷ്കാരമല്ല ബാഹ്യമോടിയാണ്", ആധുനികൻെറ പരിഷ്കാരം ! മാനസികമായി ആരെത്രയെല്ലാം അധഃപതിച്ചാലും, അതൊരധഃപതനമായി അവനു് അനുഭവപ്പെടുകയില്ല; അവൻെറ അന്തഃകരണം അത്രയ്ക്ക് അധഃപതിച്ചിരിക്കയാണ്.

ആററംബോബും, നശീകരണായുധങ്ങളും ക്രമാതീതമായി വളൎന്നുവരിക—അതവൻെറ --- ആധുനികൻെറ—പരിഷ്കാരചിഹ്നങ്ങളാണ്. അടിസ്ഥാനരഹിതങ്ങളായ കാരണങ്ങൾക്കുവേണ്ടി അപരനെ വെട്ടിക്കൊല്ലുക അതും ഒരാധുനികപരിഷ്കാരമാണ്! എബ്രാഹാം ലിങ്കൻെറയും, മഹാത്മാഗാന്ധിയുടേയും വധം—അതു് ആധുനികപരിഷ്കാരത്തിൻെറ ചില വശങ്ങളാണ്. സഹജാതിയെ സ്നേഹിച്ചുവെന്നുള്ളതാണ് ലിങ്കൻെറയും ഗാന്ധിജിയുടേയും പേരിൽ കണ്ട അപരാധം! രാജ്യം വെന്തു് എരിയുന്ന അഗ്നിജ്വാലകൾ ആധുനികമനുഷ്യൻെറ പരിഷ്കാരം ഉയൎത്തിപ്പിടിക്കുന്ന വെന്നിക്കൊടികളാണ്.

എന്നാൽ.........

എന്തൊക്കെയായാലും, ആധുനികമനുഷ്യൻ ഇനിയും അഭിമാനിക്കും; താൻ പരിഷ്കാരിയാണെന്ന് ! പരമ്പരാനുഗതമായ ആ നീചചരിത്രം അവൻ ഇനിയും ആവൎത്തിക്കും; തന്നെപ്പററിത്തന്നെ ഇനിയെങ്കിലും അവൻ മനസ്സിലാക്കിയില്ലെങ്കിൽ.

കയ്യിലിരിക്കുന്ന ചിത്രശലഭത്തെ ഞെക്കിക്കൊന്നുകൊണ്ടു് ആധുനികമനുഷ്യൻ ഇനിയും അഹിംസ പ്രസംഗിക്കും; കാരണം, അഹിംസയുടെ അൎത്ഥം അവന്നു് അജ്ഞാതമാണ്.

സഹോദരൻെറ തല തല്ലിപ്പൊളിച്ചുകൊണ്ടു് ഇനിയും അവൻ സാഹോദര്യം പ്രസംഗിക്കും; അവൻ സഹോദരരെ സഹോദരദൃഷ്ടിയോടെ വീക്ഷിക്കുവാൻ ഇനിയും പഠിച്ചില്ലെങ്കിൽ

ആയിരമായിരം കുടുംബങ്ങളെ അനുദിനം പട്ടിണിയിലേക്ക് അടിച്ചിറക്കിക്കൊണ്ടു് അവൻ സുഭിക്ഷതയ്ക്കായി ഇനിയും ആഹ്വാനംചെയ്യും, കാരണം, അതാണവൻെറ പരിഷ്കാരം.

അവസാനമായി ആധുനികപരിഷ്കാരിയുടെനേരെ, ഈ ചോദ്യം എടുത്തെറിയേണ്ടിയിരിക്കുന്നു,

"ആരാണ് അപരിഷ്കൃതൻ?"

# കാവ്യം കുറിക്കട്ടെ!

( പ്രഭാകരൻ മൂരിയക്കാട്ട്, ക്ലാസ്സ് ii. )

( പാന )

സ്വന്തരക്തത്തിൽ തൂലിക മുക്കി ഞാ-
നന്തരംഗവികാരം കുറിക്കട്ടെ!
യാതനയുടെ ക്രൂരിരുൾ തിങ്ങിടും
പാതകളെന്റെ ചുററിലും കാണ്മു ഞാൻ
കത്തിയാളും വിശപ്പിന്നനലനാൽ
തീർത്ത പട്ടടക്കാടെന്റെ നാടിപ്പോൾ.
എങ്ങുമെങ്ങും വിതരുന്ന തൂവെട്ടം;
എന്റെ നാട്ടുകാർക്കജ്ഞാതമാണവ.
അന്ധതയുടെ മുള്ളുവേലിക്കക-
ത്തൊന്നു ചെന്നവർ നില്ക്കുകയാണിന്നും.
ഈ ദുരന്തസ്ഥിതിയിലും സ്വപ്നത്തിൻ
വീണമീട്ടുവോർ മിട്ടട്ടേ, ഞാനില്ല!
ഭാവനയുടെ ശീതള കോമള-
ദ്യോവിലിന്നുമുലാത്തുവാൻ വയ്യാമേ!
എന്റെ നാടിന്റെ കണ്ണു തുറപ്പിക്കാൻ
ഇത്തരുണത്തിൽ പാടണം പാട്ടു ഞാൻ.
പോരടിക്കും ജനതതിക്കാവേശം
കോരിയേകുവാൻ പററണമെൻകാവ്യം.
ശാന്തിയുടെ നവയുഗജ്യോതിസ്സിൻ—
കാന്തിയെൻ മാതൃഭൂവിലും കാണണം.
തുല്യതയുടെ ശീതളച്ഛായയിൽ
കല്യയാമംബ വിശ്രമമേലണം.
ആ മനോജ്ഞ സമുദായസൃഷ്ടിക്കെൻ
ചോരകൊണ്ടു ഞാൻ കാവ്യം കുറിക്കട്ടെ!

ചെറുകഥ.

# അലാറം

( ഇ. എ. രഘുവരൻ, Cl. i. )

പതിവുപോലെ അന്നും കുറുപ്പുസാർ ആ ചായക്കടയിൽക്കയറി ഒരു ചെറിയ ചായയ്ക്കു് ഓർഡർകൊടുത്തിട്ടു ബെഞ്ചിൽ ഇരിപ്പുറപ്പിച്ചു. കാഴ്ചയിൽ ഏറെപ്പഴക്കം തോന്നിക്കുന്നതും ചില ഓപ്പറേഷൻെറ പരുക്കുകളോടുകൂടിയതുമായ ആ പഴയ കോട്ടാണു് മാസ്റ്റർ അന്നും ധരിച്ചിരുന്നതു്. ചായ മേശപ്പുറത്തെത്തി. പക്ഷെ മാസ്റ്റർ അതു ചുണ്ടിലേക്കടുപ്പിച്ചപ്പോൾ ചായക്കടക്കാരൻ ചോദിച്ചു: "എന്താ, കുറുപ്പുസാറെ, അഞ്ചാന്തിയായിട്ടും ശമ്പളമൊന്നും കിട്ടിയില്ലേ?"

കുറുപ്പുസാർ അപരാധിയെപ്പോലെ തലയുയർത്തി. അയാൾ ആ ചോദ്യത്തിൻെറ മുമ്പിൽ ചൂളിപ്പോയി. വേറെ പലരും അവിടെയിരുന്നു ചായകുടിക്കുന്നുണ്ടു്. എങ്കിലും കുറുപ്പുസാർ പെട്ടെന്നു പറഞ്ഞു: "ഇതുവരെ ശമ്പളം കിട്ടിയില്ല. ഇത്തവണ ശമ്പളബില്ല് പാസ്സായിട്ടില്ല അതു് അനുവദിക്കുന്ന അധികാരി സക്കീട്ടിലാണു്. എന്താ ചെയ്യ? വലിയ ശമ്പളം വാങ്ങുന്ന അവർക്കറിയാമോ ബാക്കിയുള്ളവരുടെ കഷ്ടപ്പാടു്?"

ചായക്കട മാനേജർ പിന്നീടൊന്നും പറഞ്ഞില്ല. കുറുപ്പുസാർ ചായകുടികഴിഞ്ഞു കൈ കഴുകി തൻെറ പഴയ ശീലക്കുടയിൽ തുടച്ചു പോകുവാനെന്നഭാവത്തിൽ ബെഞ്ചിൽനിന്നും എഴുന്നേററു. അയാൾ ആ മാനേജരെ സമീപിച്ചു. അല്പം ലജ്ജയോടെങ്കിലും അതു പുറമെ കാണിക്കാതെ മാസ്റ്റർ ചോദിച്ചു.

"ഒരു ബീഡി തരണം."

മാനേജർ മേശവലിപ്പു തുറന്നു് ഒരു ബീഡിയെടുത്തു് എല്ലാവരും കാൺകെ മേശപ്പുറത്തുവെച്ചു. വളരെ വിഷമത്തോടെയെങ്കിലും കുറുപ്പു് അതെടുത്തു് അടുത്തിരുന്നയാളുടെ ബീഡിക്കുററിയിൽ കത്തിച്ചു. കുട കക്ഷത്തിൽവെച്ചു മസ്റ്റർ ഇനിയും പോകാനുള്ള ഭാവമില്ല

"ഒരു അരയണക്കു പഴം തരണം മിസ്റ്റർ"

മാനേജർതന്നെ രണ്ടു പഴം ഉരിഞ്ഞുകൊടുത്തു. അവ കോട്ടിൻെറ പോക്കററിൽ തിരുകിയശേഷം മേശപ്പുറത്തു കിടന്നിരുന്ന എക്കൌണ്ടുപുസ്തകം തുറന്നു് ഒന്നര അണ പററു് എഴുതി, കുടയുമെടുത്തു നിരത്തിലിറങ്ങി നടന്നുപോയി.

പട്ടണത്തിൽനിന്നും അരമൈൽ അകലെയാണു് കുറുപ്പുസാറിൻെറ വീടു്. മാസ്റ്ററുടെ വരുമാനംകൊണ്ടു കഴിയുവാൻ എരിപൊരികൊള്ളുന്ന ആറു വയറുണ്ടവിടെ. വീട്ടിലേക്കു നടക്കുമ്പോഴും മാസ്റ്ററുടെ മസ്തിഷ്കത്തിൽ പലവിധ ചിന്തകൾ ഉയൎന്നുകൊണ്ടിരുന്നു. കുറുപ്പുമാസ്റ്റർ ചിന്തിച്ചു! "എൻെറ ജീവിതത്തിലെ ഏററവും വലിയ പരാജയം ഞാൻ ഒരു സക്കാരുദ്യോഗസ്ഥനായി എന്നുള്ളതാണു്. പട്ടിണിക്കു പാസുവാങ്ങുന്ന ഒരു ഗതിയററ ഉദ്യോഗമാണു് സ്കൂൾവാദ്ധ്യാരുടേതു്. അതും ഒരു ഗവമ്മെണ്ടുവിദ്യാലയത്തിലായാൽ പിന്നെ പറയാനുമില്ല" മാസ്റ്ററുടെ ഓമ്മയിൽ ആദ്യം ഉയ

ന്നവന്നതു് ആ ചായക്കടക്കാരന്റെ ചിത്രമാണു്. അയാൾക്കു സർക്കാരുദ്യോഗത്തേയും ശമ്പളബില്ലിനേയുംകുറിച്ചു വല്ലതുമറിയാമോ? ഒന്നാംതീയതിതന്നെ കുറുപ്പുമാസ്റ്റർക്കു ശമ്പളം കിട്ടി. പക്ഷെ അതെല്ലാം ചിലവായിപ്പോയി. മാസ്റ്ററുടെ മനഃപൂർവ്വംകൊണ്ടല്ല പണം കൊടുക്കാതിരുന്നതു്, പരിതഃസ്ഥിതികൾ അനുവദിക്കാഞ്ഞതിനാലാണു്;

നൂറു നൂറു് ആവശ്യങ്ങൾ മാസ്റ്ററെ തുറിച്ചുനോക്കുകയാണു്. റേഷൻകടക്കാരനു പണം കൊടുത്തില്ലെങ്കിൽ അടുത്തദിവസം തുടങ്ങി മുഴുപ്പട്ടിണിയാണു്. പുരവാടക കൊടുത്തില്ലെങ്കിൽ പിന്നെ പറയാനുമില്ല. വിളിച്ചെടുത്ത ഒരു കുറിക്കു് പണംവയ്ക്കാനുണ്ടു്. അതു കൃത്യസമയത്തു കൊടുത്തില്ലെങ്കിൽ വീട്ടുസാമാനങ്ങൾ ജപ്തിചെയ്യും. കാലത്തു 10 മണിതൊട്ടു വൈകീട്ടു 4 മണിവരെ 'തലയിരച്ചാൽ' കിട്ടുന്ന ശമ്പളം 50ക. യാണു്. അതുകൊണ്ടു 5 കുഞ്ഞുങ്ങളേയും ഭാര്യയേയും അയാൾക്കു പുലർത്തണം.

മാസ്റ്ററുടെ ചിന്ത ഇത്രയുമായപ്പോൾ അയാൾ സ്വഗൃഹത്തിന്റെ പടിക്കൽ എത്തി. അച്ഛന്റെ വരവിനെ അത്യാകാംക്ഷയോടുകൂടി കാത്തു പടിക്കൽ നിൽക്കുന്ന ആ ബാലനെ അയാൾ വാരിയെടുത്തു പുണർന്നു കോട്ടിന്റെ കീസയിൽനിന്നും ഒരു പഴമെടുത്തു് അവനു കൊടുത്തു. ആശിച്ചതു ലഭിച്ചതിൽ അവനു സന്തോഷമായി. തുടർന്നു ഗൃഹപ്രവേശംചെയ്ത ഗൃഹനായകനെ തന്റെ മൂത്ത മൂന്നു മക്കളും, പിഞ്ചുപൈതലിനെ എളിയിലേന്തി അമ്മിഞ്ഞകൊടുക്കുന്ന അവരുടെ തള്ളയും ആർത്തിയോടെ എതിരേററു.

അയാൾ തന്റെ കയ്യിൽ ഉണ്ടായിരുന്ന ബാലനെ സാവധാനം നിലത്തിറക്കി, ഭാര്യയുടെ കയ്യിൽനിന്നും ആ പിഞ്ചുകുഞ്ഞിനെ വാങ്ങി, അവനു് ആഹ്ലാദംതോന്നുമാറു് ഒരു കിക്കിളിയിട്ടു് ഒരു പഴം അവനും കൊടുത്തു. അവൻ നിഷ്കളങ്കമായി പൊട്ടിച്ചിരിച്ചു. അയാൾ തന്റെ കോട്ടും ഷർട്ടും എല്ലാം ഊരി മാററി വെറും ഒരു ചെറിയ മുണ്ടുമാത്രം ഉടുത്തു് വരാന്തയുടെ ഒരു ഭാഗത്തായി ഇട്ടിരുന്ന ഒരു കസാലയിൽ കുഞ്ഞിനേയും മാറത്തടക്കി കിടപ്പായി. അയാളുടെ ജീവിതയാഥാർത്ഥ്യങ്ങൾ ഓരോനിമിഷവും ചിന്തയുടെ അഗാധതയിലേക്കു് അയാളെ തള്ളിമാററിക്കൊണ്ടിരുന്നു. എന്നാൽ തന്റെ പിതാവിന്റെ അഗാധമായ ചിന്തയുടെ അതിരുകവിയാത്തവിധത്തിൽ ആ പൈതൽ എപ്പോഴും അയാളെ അലട്ടിക്കൊണ്ടിരുന്നു. ക്രമേണ മൂത്ത മൂന്നു സന്താനങ്ങൾ ഓരോരുത്തരായി അയാളുടെ കസേലയുടെ ചുററും പററിക്കൂടിത്തുടങ്ങി. അവർക്കു് അയാളെ ചില ആവശ്യങ്ങൾ അറിയിക്കുവാനുണ്ടു്. അതിനുള്ള നിവൃത്തിമാർഗ്ഗം അയാളിൽനിന്നും ആരാഞ്ഞറിയേണ്ടതുണ്ടു്. അവർ ഓരോരുത്തരായി ഇങ്ങിനെ പറഞ്ഞുതുടങ്ങി. മൂത്തമകൾ തുടർന്നു: "അച്ഛാ! എനിക്കു ഇതുവരെ ഏഴാംക്ലാസിലേക്കുള്ള ഇംഗ്ലീഷുപുസ്തകം മേടിച്ചിട്ടില്ല ഞാൻ മററുള്ളവരുടെ പുസ്തകം നോക്കിയാണു് ക്ലാസിൽ വായിക്കുന്നതു്. ഞാൻമാത്രമേ ഇനി പുസ്തകം വാങ്ങാതെയുള്ളു. രണ്ടുദിവസത്തിനകം പുസ്തകം വാങ്ങിയില്ലെങ്കിൽ ക്ലാസിനു പുറത്തുപോകണമെന്നു സാർ പറഞ്ഞു."

രണ്ടാമത്തെ മകൻ തന്റെ ആവശ്യങ്ങളുടെ പട്ടിക ഉടനെ നിരത്തുകയായി. "എനിക്കു പള്ളിക്കൂടത്തിൽ ഇട്ടുകൊണ്ടു പോകുവാൻ കുപ്പായമൊന്നും ഇല്ല. ഇന്നു് ഒരു കീറിപ്പൊളിഞ്ഞ കുപ്പായമിട്ടുകൊണ്ടാണു് ഞാൻ പോയതു്. അതു കണ്ടു ഉടനെ കുട്ടികൾ എന്റെ ചുററും കൂടി ആർത്തുവിളിച്ചു പരിഹസിച്ചു. ഒരു പുതിയ കുപ്പായം

കൂടാതെ ഇനി സ്കൂളിൽ പോകുവാൻ എനിക്കു കഴികയില്ലച്ഛാ". "എനിക്കു പെനസിലില്ല. ഇന്നു് അടുത്തിരിക്കുന്ന ഒരു കുട്ടിയുടെ ഒരു തുണ്ടുപെൻസിൽ വാങ്ങിയാണു് ഞാൻ എഴുതിയതു്. അവൾക്കു വലിയ പെനസിൽ ഉണ്ടു്. എനിക്കും വലിയ പെനസിൽ വേണം" എന്നു മൂന്നാമത്തെമകനും ഉണർത്തിച്ചു. ഇതെല്ലാം കേട്ടശേഷം അയാൾ മക്കളെ വിളിച്ചു സൌമ്യമായി ഓരോരുത്തരേയും തലോടിക്കൊണ്ടു ഇങ്ങിനെ പറഞ്ഞു "അച്ഛൻ നാളെത്തന്നെ ഇതെല്ലാം മേടിച്ചുതരാം കിട്ടോ. ഇപ്പോൾ പോയി പഠിച്ചുതുവായിക്കു";ഒരുകണക്കിൽ സമാധാനിപ്പിച്ചു് അവരെ പറഞ്ഞയച്ചു. അപ്പോൾ ഇതാ വരുന്നു ദുർഘടംപിടിച്ച ജീവൽപ്രശ്നങ്ങളുമായി അയാളുടെ ഭാര്യ. അവൾക്കു് അതാണു് പ്രധാനം. അവളും ഇങ്ങിനെ തുടങ്ങി: "ഇന്നാലെ റേഷൻമേടിക്കുവാൻ ചെന്നപ്പോൾ റേഷൻകടക്കാരൻ പറയുന്നു, "ഒരു പൈപോലും നിറുത്താതെ നിങ്ങളുടെ കണക്കു തീർത്തില്ലെങ്കിൽ, നിങ്ങൾക്കു നാളെത്തൊട്ടു് അരി തരുവാൻ സാദ്ധ്യമല്ല. കണ്ടവൾക്കു് ഇങ്ങിനെ കണ്ടമാനം കടംകൊടുക്കുവാൻ ഞങ്ങളെക്കൊണ്ടു സാദ്ധ്യമല്ല." പിന്നെ കുറിക്കു പണമിറക്കാതെ മുടക്കമുണ്ടെന്നുപറഞ്ഞു നോട്ടീസുവന്നിരിക്കുന്നു., പുരവാടക കൊടുക്കാഞ്ഞിട്ടു് ഉടമസ്ഥൻ പുരമേയുന്നില്ല. അതിനാൽ മഴപെയ്താൽ പുര മുഴുവനും ചോരുകയാണു്. ഇങ്ങിനെ എത്രനാൾ തുടരണമെന്നു എനിക്കു് അറിഞ്ഞുകൂടാ." മൂകമായി ഇതെല്ലാം കുറുപ്പുസാർ മൂളിക്കേട്ടു. മറുപടിയായി അയാൾക്കു് ഒന്നുംതന്നെ പറയുവാനില്ല.

ദിവസങ്ങൾ അങ്ങിനെ ഓരോന്നായി മുന്നോട്ടുപോയി. ഒരുദിവസം പതിവുപോലെ സ്കൂൾവിട്ടു കാപ്പികുടിക്കുവാനായി കുറുപ്പുസാർ ചെല്ലപ്പൻപിള്ളയുടെ പീടികയിൽ കയറി. അയാളുടെ മുഖഭാവം പണ്ടത്തേതിൽനിന്നും വളരെ വ്യത്യസ്തമായിരുന്നു. എന്തെന്നില്ലാത്ത ഒരു ഗൌരവസ്വരത്തിൽ അയാൾ കുറുപ്പുസാറിനെനോക്കി ഇങ്ങിനെ ചോദിച്ചു: "എന്താ! ഇന്നു 9-ാംനുആയിട്ടും ശമ്പളം കിട്ടിയില്ലപോലും. മതി, അഭ്യാസമൊന്നും നമ്മളുടെ അടുക്കൽ എടുക്കേണ്ട. ഈ ചെല്ലപ്പൻപിള്ള ഇതൊക്കെ കുറച്ചു പയററിയ ആളാ." കുറുപ്പുസാർ ഒന്നും അറിയാത്തഭാവത്തിൽ "എന്താ, ചെല്ലപ്പൻപിള്ളേ പതിവല്ലാത്തപോലെ ഇങ്ങിനെ"? ചായക്കടമേനേജർ പറഞ്ഞു: "സംഗതിയൊക്കെ ഞാൻ അറിഞ്ഞു. നിങ്ങൾക്കു് ഒന്നാംതിയതി ശമ്പളം കിട്ടിയതാ. ഇതുവരെ ഒരു പൈപോലും ഇവിടെ തന്നിട്ടില്ല. ഇന്നു വന്നസ്ഥിതിക്കു മടക്കി അയക്കുന്നില്ല. നാളെത്തൊട്ടു ഇവിടെ സാദ്ധ്യമല്ല." കുറുപ്പുസാർ ഒരക്ഷരംപോലും മിണ്ടാതെ അവിടെനിന്നും ഇറങ്ങിപ്പോയി. അയാൾ അന്നു പഴം വാങ്ങിയില്ല. ഓർക്കാഞ്ഞിട്ടല്ല പക്ഷെ കച്ചവടക്കാരന്റെ ഗൌരവം അതിനു് അനുവദിക്കാത്തതുകൊണ്ടുമാത്രം. അടക്കുവാൻ വഹിയാത്ത അപമാനത്തോടും താങ്ങുവാൻ കഴിയാത്ത ഹൃദയവേദനയോടുംകൂടി അയാൾ വീട്ടിലേക്കു തിരിച്ചു. പിതാവിന്റെ വരവിനെപ്രതീക്ഷിച്ചു പതിവുപോലെ തന്റെ പുത്രൻ അന്നും പടിവാതുക്കൽ നിന്നിരുന്നു. ഒരു പഴംപോലും തന്റെ സന്താനത്തിനു വാങ്ങിക്കൊടുക്കുവാനുള്ള തന്റെ അപ്രാപ്തിയോർത്തു് അയാൾ വ്യസനിച്ചു. കുഞ്ഞിനെ കണ്ടമാത്രയിൽ അയാളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. ഒരു നിസ്സഹായനെന്നോണം, ഒരു അപ്രാപ്തനെന്നഭാവത്തിൽ അയാൾ ആ കുഞ്ഞിനെ വാരിയെടുത്തു പുണർന്നു പലതും പറഞ്ഞു് അവനെ സമാധാനിപ്പിച്ചു. അച്ഛന്റെ നിസ്സഹായതയിൽ കനിവുതോന്നുമാറു്, അപമാ

നത്തിൽ അനുകമ്പതോന്നുമാറു്, ആ കുഞ്ഞു് ഒന്നും മിണ്ടിയില്ല.

അന്നു രാത്രി കുരുപ്പുസാറിന് ഉറക്കം വന്നില്ല തികച്ചും ഒരു കാളരാത്രിയായിരുന്നു അയാൾക്കു്. കട്ടിലിൽ ഞെങ്ങിയും ഞെരുങ്ങിയും, തിരിഞ്ഞും മറിഞ്ഞും കിടന്നതല്ലാതെ അയാൾക്കു് കൺപോള അടയ്ക്കുവാൻ കഴിഞ്ഞില്ല. അയാൾക്കു് ഓരോ നിമിഷങ്ങൾ ഓരോമണിക്കൂറുകളായിത്തോന്നി. രാത്രി പകലിനേക്കാൾ സുദീർഘമാണോ എന്നയാൾ ശങ്കിച്ചു. ഒരുവിധത്തിൽ ഇരുന്നും കിടന്നും അയാൾ നേരം അഞ്ചുമണിയാക്കി. എന്നാൽ അഞ്ചുമണിക്കു ഉണന്നിട്ടു് അയാൾക്കു് യാതൊരുകാര്യവും ഇല്ല. സാധാരണ ആറുമണിക്കാണു് കുരുപ്പു് എഴുന്നേൽക്കുക. ഒരുമണിക്കൂർകൊണ്ടു തന്റെ പ്രഭാതകൃത്യങ്ങൾ എല്ലാം നിർവ്വഹിച്ചശേഷം അയാൾക്കു് ഒരു കുട്ടിക്കു ട്യൂഷൻ എടുക്കുവാൻ പോകേണ്ടതുണ്ടു്. അതു് അടുത്തുള്ള ഒരു വലിയ ഉദ്യോഗസ്ഥന്റെ ഗൃഹത്തിലാണു്. എന്നാൽ ഇന്നു കുരുപ്പുസാർ നേരത്തെ ഉണന്നു. അതുകൊണ്ടു ഒരുമണിക്കൂർ നേരത്തെ ട്യൂഷനും പോകേണ്ടിവന്നു.

അയാൾ ആ ഗൃഹസ്ഥന്റെ വീട്ടിൽ എത്തി. അവിടെ ആരും ഉണന്നിട്ടില്ല. അയാൾ ആരെയും ഉണർത്തുവാനോ, അലട്ടുവാനോ തുനിഞ്ഞതുമില്ല ആ ആഫീസുമുറിയിൽനിരത്തിയിട്ടുള്ള കസേലകളിലൊന്നിൽ അയാൾ പതിവുപോലെ ഇരിപ്പുറപ്പിച്ചു. സമയം അറിയുവാനുള്ള ഉൽക്കണ്ഠയോടെ അയാൾ അടുത്ത മേശപ്പുറത്തു നിക്ഷേപിച്ചിരുന്ന ഘടികാരത്തിലേക്കു നോക്കി.

മണി 6½ കഴിഞ്ഞു, അഞ്ചുനിമിഷങ്ങളായി. അയാൾ ഇന്നു് അരമണിക്കൂർ നേരത്തെയാണു്. അത്രയുംനേരം അവിടെ സ്വസ്ഥമായിരുന്നു കഴിച്ചുകൂട്ടണം. അപ്പോഴും തന്റെ ജീവൽപ്രശ്നങ്ങൾ അയാളെ അലട്ടിക്കൊണ്ടിരുന്നു അയാൾ ഓർത്തു; "ഇന്നു പത്താംതീയതിയാണു്. ഒരു ദുർഘടംപിടിച്ചദിവസം. കുട്ടികൾക്കു് ഫീസുകൊടുക്കണം, പുരവാടകൊടുക്കണം, കുറിക്കു പണം വയ്ക്കണം, ചായപ്പീടികയിൽ കണക്കുതീർക്കണം. ഇതിനെല്ലാം എവിടെനിന്നാണു് അയാളുടെപക്കൽ പണം? ഒരു ശില്ലിപോലും സ്വതന്ത്രമായി എടുക്കുവാൻ അയാളുടെകയ്യിലില്ല. ട്യൂഷൻവകയിൽ ഒരുമാസത്തെ മുൻകൂർ പററിക്കഴിഞ്ഞു.

നിമിഷങ്ങൾ അങ്ങിനെ ഓരോന്നായി ഇഴഞ്ഞുകൊണ്ടിരുന്നു. അത്യുത്സാഹത്തോടും, കൃത്യനിഷ്ഠയോടുംകൂടി ഓരോ നിമിഷവും ചൂണ്ടിക്കാണിക്കുന്ന ആ ഘടികാരത്തിന്റെ വലിയ സൂചികളെ അയാൾ സൂക്ഷിച്ചുനോക്കി. നിമിഷം പത്തുകഴിഞ്ഞു. മണി 6-45 ആയി. 15 നിമിഷവുംകൂടി കഴിഞ്ഞാൽ ആ വീട്ടുകാർ ഉണരും. അയാളുടെ ഏകാന്തതയ്ക്കു ഭംഗംവരും. അയാൾ ആ ഘടികാരത്തെ വീണ്ടും വീണ്ടും സൂക്ഷിച്ചുനോക്കി. ഭംഗിയുള്ള പുതിയ ഘടികാരം. ഇന്നത്തെനിലയ്ക്കു് എത്ര കുറഞ്ഞാലും 30ക. യെങ്കിലും കിട്ടും. 30ക. കിട്ടുകയാണെങ്കിൽ തന്റെ തല്ക്കാലകാര്യം സാധിക്കാം. എന്നുവെച്ചു അതു് എടുക്കുകയോ? മോഷ്ടിക്കുകയോ? അതു സാദ്ധ്യമല്ല. അയാളുടെ അഭിമാനം അതിനു അനുവദിക്കുകയില്ല. എടുത്താൽതന്നെ പോരല്ലോ അതു സൂക്ഷിക്കുവാൻ സുരക്ഷിതമായ ഒരു സ്ഥലം വേണ്ടേ? തന്റെ കോട്ടിന്റെ വിസ്താരമുള്ള പോക്കററിൽ ആ ടൈംപീസ് സുരക്ഷിതമായിരിക്കും.

അങ്ങിനെ ചെയ്താലോ? അയാളുടെ ആലോചനകൾ ഇങ്ങിനെ തുടൎന്നുകൊണ്ടിരുന്നു. പെട്ടെന്നു് ആരോ അവിടെ ഉണരുന്ന ശബ്ദം മാസ്റ്ററുടെ കർണ്ണപുടങ്ങളിൽ പതിച്ചു. അയാൾ വീണ്ടും ആ ഘടി

കാരത്തിലേക്കു നോക്കി. "വേണമെങ്കിൽ ഉടനെ ആകട്ടെ" എന്നു ഘടികാരം തന്നോട് ഉപദേശിക്കുന്നതുപോലെ മാസ്റ്റർക്കു തോന്നി. അയാളുടെ ദേഹമാകെ ഒരു കോരിത്തരിപ്പ്. ഹൃദയസ്പന്ദനം പെട്ടെന്നു നിന്നുപോയതുപോലെ ഒരു എരിച്ചിൽ. വിറയ്ക്കുന്ന കൈകളോടെ അയാൾ ആ ഘടികാരത്തെ എടുത്തു. അയാളുടെ നിഷ്കളങ്കമനസ്ഥിതി അയാളെ ആ ധീരകൃത്യത്തിൽനിന്നു പിടിച്ചുമാററിക്കൊണ്ടിരുന്നു. ഒടുവിൽ ജീവിതയാഥാർത്ഥ്യത്തിൻെറ വിളിതന്നെ വിജയിച്ചു. മാസ്റ്റർ ആ ഘടികാരം എടുത്തു കീസയിൽ നിക്ഷേപിച്ചു. അരനിമിഷം കഴിയുന്നതിനു മുൻപുതന്നെ നിദ്രാദേവിയെ കൈകളെക്കൊണ്ടു പിടിച്ചു മാററുന്നതുപോലെ കണ്ണുംതിരുമ്മിക്കൊണ്ട് ആ ഗൃഹനായകൻ ആപ്പീസുമുറിയിൽ പ്രവേശിച്ചു കസേലയിൽ താനൊന്നുമറിയാത്തഭാവത്തിൽ ഇരിക്കുന്ന കുരുപ്പുസാറിനെ കണ്ടപ്പോൾ ഇങ്ങിനെ ചോദിച്ചു: "എന്താ കുരുപ്പുസാറെ! ഇന്ന് കുറച്ചു നേരത്തെയാണല്ലോ. മണി ഏഴായില്ലല്ലോ? ഏഴുമണിക്കു അലാറം അടിച്ചിട്ടുവേണം ഉണരുവാൻ എന്നോർത്താണു ഞാൻ കിടന്നിരുന്നതു്!" എന്നു പറഞ്ഞു ഗൃഹനാഥൻ മണിയറിയുവാനായി മേശപ്പുറത്തേക്കു നോക്കി. എന്നാൽ ഘടികാരം മേശപ്പുറത്തു കണ്ടില്ല. വീട്ടിലെ ഓരോരുത്തരേയും വിളിച്ചു ചോദിച്ചു. ആരും കണ്ടവരില്ല. അപ്പോൾ കേൾക്കുന്നു ഒരു അലാറം അടിക്കുന്ന ശബ്ദം! അല്പസമയം കൊണ്ടുതന്നെ എവിടെയാണെന്നു എല്ലാവർക്കും ഗ്രഹിക്കുവാൻകഴിഞ്ഞു. ആ ഗൃഹനായകൻ അത്ഭുതാധീനനായി നിശ്ചലനായി നിന്നുപോയി. കുരുപ്പുസാർ കീസയിൽനിന്നും ആ ഘടികാരം എടുത്തു മേശപ്പുറത്തു വെച്ചു. സാറിൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. അയാൾ ഇടറിയ കണ്ഠത്തോടെ ആ ഗൃഹനായകൻെറ മുമ്പിൽ തൻെറ കണ്ണീരിൻെറ കഥ പറഞ്ഞു കേൾപ്പിച്ചു. എല്ലാം കേട്ടശേഷം ആ മഹാമനസ്കൻ ഇപ്രകാരം പറഞ്ഞു. "സംഗതികളെല്ലാം എനിക്കു വ്യക്തമായി മനസ്സിലായി. ഇതിനു നിങ്ങളെ പഴിച്ചിട്ടു കാര്യമില്ല. വാസ്തവത്തിൽ ആ ഘടികാരത്തിൻെറ "അലാറം" നിങ്ങളുടെ ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ച് എന്നെ അറിയിക്കുകമാത്രമാണു് ചെയ്തതു്. അതുകൊണ്ടു് ഈ പരമാർത്ഥം എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. ഇതുപോലെ ഓരോ സന്ദർഭം വരുമ്പോൾമാത്രമേ വലിയ ഉദ്യോഗസ്ഥന്മാർക്ക്, ഉദ്യോഗസ്ഥമേധാവികൾക്ക്, പാവപ്പെട്ട ചെറിയ ഉദ്യോഗസ്ഥന്മാരുടെ അഷ്ടിക്കുപട്ടിണിക്കാരുടെ യാഥാർത്ഥ്യങ്ങളും യാതനകളും ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. ലജ്ജാധിക്യത്താൽ നമ്രശിരസ്കനായി ഇരിക്കുന്ന കുരുപ്പുസാറിനെനോക്കി അയാൾ ഇങ്ങിനെ തുടർന്നു. "നിങ്ങളെ നിങ്ങളുടെ തല്ക്കാലകാര്യനിവൃത്തിക്കുവേണ്ടി ഞാൻ സഹായിക്കാം. അതാണല്ലോ ഈ പ്രവൃത്തിക്കു നിങ്ങളെ പ്രേരിപ്പിച്ചതു്. പറയു!...... നിങ്ങൾക്ക് എന്തുവേണമെന്ന്?" കുരുപ്പുസാറിനു കുറച്ചുനേരത്തേക്ക് ഒന്നുംതന്നെ സംസാരിക്കുവാൻ കഴിഞ്ഞില്ല. അയാൾ അത്രയ്ക്കു് അശക്തനായിരുന്നു. അല്പം കഴിഞ്ഞു് ഇടറിയസ്വരത്തിൽ കുരുപ്പുസാർ ഇങ്ങിനെ മറുപടിപറഞ്ഞു. "മുപ്പതുരുപ്പിക മതി തല്ക്കാലം. ആ ഗൃഹസ്ഥൻ മേശയുടെ വലിപ്പുതുറന്നു പേഴ്സിൽനിന്നും മൂന്നു 10 രൂപ നോട്ടുകൾ എടുത്ത് അയാൾക്കു കൊടുത്തുകൊണ്ടു പറഞ്ഞു. "നിങ്ങളോട് എനിക്കു പരിഭവമോ ഗൌരവമോ ഇല്ല. നിങ്ങൾക്കു മുൻപതിവനുസരിച്ച് ഇനിയും ഇവിടെ വരാം". കുരുപ്പുസാർ യാതൊന്നും മിണ്ടാതെ സാവധാനത്തിൽ അവിടെനിന്നും ഇറങ്ങിപ്പോയി.

# "വിജയദിനം"

( എൻ. കെ. കുമാരൻ, Cl, iv. )

ഹാ നവ ചൈതന്യത്തിൻ
പൂരമേ, സ്വാതന്ത്ര്യത്തിൻ-
പുണ്യസന്ദേശം വാഴ്ത്തും
ദിനമേ! നമസ്കാരം.
തങ്കരശ്മിയാലക്ക-
നാപാദചൂഡം നിന്മെ-
യ്യാതങ്കമേശാതേററം
തഴുകിപ്പുണരവെ,
ഭാരതോർവ്വീതൻപുണ്യ
സംസ്കാരസങ്കേതമായ്-
ആരമ്യം വിലസുന്നീ
തൃക്കൊടിവിഹായസ്സിൽ.
ഒന്നര നൂററാണ്ടോള-
മേതുശക്തിയീമന്നിൽ
പാരതന്ത്ര്യത്തിൻഘോര
ശൃംഖല ഘടിപ്പിച്ചോ ?
ക്രൂരമാമസ്സാമ്രാജ്യ-
ദേവതപോലും കാങ്കെ
സാദരം വണങ്ങുന്നി-
ത്രിവർണ്ണപതാകയെ.
ശ്രേഷ്ഠമാമഹിംസയിൽ
ക്കൂടി നാം വിടുതിക്കായ്
കഷ്ടം! മെത്രയോ രക്ത-
പ്പുഴകളൊഴുക്കീല ?
ആ വീരഭടന്മാർ തൻ
ചോരയാൽ കഴുകിയ
പാവന സമ്പത്തല്ലോ
ഈ മന്ദ്രപതാകകൾ.
കാമ്യമെന്നല്ലോ ചൊല്ലു-
ശാന്തിയുമഹിംസയും
ഭീമമാം ഖഡ്ഗത്തേക്കാ,-
ളിന്ത്യ തൻ മക്കൾ ചേർത്തും.
മേൽക്കുമേൽ ലസിക്കട്ടെ
സ്വാതന്ത്ര്യബോധം തുഷ്ട്യാ
മർത്ത്യമാനസങ്ങളിൽ
ചേർമ്മിപ്പതാകകൾ.

II

സ്ഫീതഹർഷത്തിൻ പിന്നി-
ലങ്ങതാ പൊങ്ങീടുന്നു
ദീനലക്ഷത്തിൻ തപ്ത-
വീർപ്പുകൾ, ദയനീയം.
വിസ്മരിക്കൊലാ, തെല്ലു-
മീഹതഭാഗ്യർ തൻെറ
അശ്രുപൂർണ്ണമാം നിത്യ-
ജീവിതമഹോ നമ്മൾ,
നീചമാമപ്പാശ്ചാത്യ-
കാളസർപ്പത്തിൻ ദർപ്പം
തേച്ചുരച്ചകററുവാൻ
നിക്കർമ്മഭൂവിൽനിന്നും
ധീരമായ, ചഞ്ചലം-
ദീർഘനാൾ രണംചെയ്ത
വീരയോദ്ധാക്കളല്ലോ-
കേഴുമീയുർവ്വീമക്കൾ,
ഇന്നഗണ്യകോടിയി-
ലാണിവരെങ്കിൽക്കഷ്ടം

മെന്തുസാഫല്യം ? കാമ്യ-

മാകുമീ സ്വാതന്ത്ര്യത്താൽ !

ആ കണ്ണുമശിക്കട്ടെ,

സർവ്വരുമീസ്വാതന്ത്ര്യം

ഐകമത്യമല്ലോ നാടിൻെറ

പാവന മുദ്രാവാക്യം !

III

ഏതൊരു മഹാത്മാവീ-

യാഷഭൂവിൻ നന്മയ്ക്കായ്

യാതനയ്ക്കുതം പേറി,

സ്വർഗ്ഗരാജ്യം വാഴുന്നോ ?

ആ രാഷ്ട്രപിതാവിൻെറ,

അദ്വിതീയജ്യോതിസ്സിൻെറ

നിസ്തുലപ്രഭാപൂരം

വിശ്വത്തിനേകി ദീപം.

നിശ്ചയമദ്വിതീയൻെറ-

ധർമ്മസൂക്തമീമന്നി-

ന്നഖിലസൌഭാഗ്യം ഭാഗ്യം —

നിർത്തിടാൻ പോരും മേന്മേൽ

ആയതിന്നായുത്തിഷ്ഠിൻ,

മർത്ത്യരെ, നാം നാടിൻെറ

ശ്രേയസ്സിലല്ലോ നമ്മ-

ളാനന്ദമടയുന്നു.

* * * * *

സോത്സാഹമെത്തും ദിവ്യ-

"വിജയദിനം" ഭാവി-

സൽസമാധാനത്തിൻെറ

നാന്ദിയായ് ബ് ഭവിക്കട്ടെ !!

# ഭൂതരായരിലെ നായകൻ

( പി. കുഞ്ഞികൃഷ്ണമേനോൻ, ബി. ഏ., ബി. ഓ. എൽ. )

നോവൽ, നാടകം, ചെറുകഥ തുടങ്ങിയ സാഹിത്യവിഭാഗങ്ങൾ മനുഷ്യജീവിതത്തെ പ്രതിഫലിപ്പിച്ച് സാമാന്യജനങ്ങൾക്കു സമ്മോദവും സംസ്കാരവും നൽകുന്നവയായതുകൊണ്ടാണ് മനുഷ്യരെ പ്രതിനിധാനംചെയ്യുന്ന പാത്രങ്ങൾക്ക് അവയിൽ സർവ്വോപരി പ്രാധാന്യംകല്പിക്കുന്നത്. ഇതിവൃത്തസൌധത്തിലെ അന്തേവാസികളാണ് കഥാപാത്രങ്ങൾ. അവരുടെകൂട്ടത്തിൽ പരമാധിപത്യം വഹിക്കുന്നവനെയാണ് നാം നായകനായിട്ടെണ്ണുക. മന്ദിരനായകൻ മററുള്ളവർക്കു മാതൃകയായിത്തീർന്നാൽ കാവ്യത്തിൻെറ സദാചാരവശംകൂടി സമാദരിക്കപ്പെട്ടമെന്നാശംസിക്കാം. പക്ഷേ, കുററങ്ങളും കുറവുകളും വയ്യെന്നില്ല; എന്തുകൊണ്ടെന്നാൽ, നായകൻ മനുഷ്യനാണ്; ദൈവത്തിൻെറ പ്രതിപുരുഷനല്ല. എങ്കിലും, ഗുണാധിക്യംകൊണ്ട് ദോഷാംശങ്ങൾ, ചന്ദ്രനിൽ കളങ്കമെന്നപോലെ, നിമജ്ജനംചെയ്താൽ ഉചിതമായെന്നർത്ഥം. അനുകരണീയങ്ങളായ വാഗ്വ്യാപാരങ്ങൾകൊണ്ട് അനുവാചകന്മാരെ ആകർഷിക്കുക, അഥവാ, സ്നേഹാദരങ്ങളെ സമാർജ്ജിക്കുക, അനുഭാവത്തിനു പാത്രീഭവിക്കുക — ഇതൊക്കെയാണ് നായകനിൽനിന്നു നാം പ്രതീക്ഷിക്കുന്നത്.

ഇത്രയും പറഞ്ഞതിൽനിന്ന് പാത്രങ്ങളെല്ലാം തുല്യനിലയിലല്ലാ പരിഗണിക്കപ്പെടുന്നതെന്നു സിദ്ധിച്ചു. കഥയിൽ ഒരു നായകനില്ലെങ്കിൽ എന്താണ് തരക്കേട്? ചോദിക്കാവുന്നൊരു ചോദ്യമാണത്. പക്ഷേ, കഥാഗതിക്ക് ഏകാഗ്രത വേണമെങ്കിൽ അതിനെ നിയന്ത്രിക്കുന്ന പാത്രങ്ങളിൽ ഒന്നിന്ന് നേതൃത്വം നല്കേണ്ടിവരുന്നു. ഇതിവൃത്തമന്ദിരത്തിലെ അന്തേവാസികൾക്കെല്ലാവർക്കും തുല്യവലുപ്പത്തിലും തുല്യസജ്ജീകരണങ്ങളോടുകൂടിയുമുള്ള അറകളല്ലാ നല്കേണ്ടതെന്നർത്ഥം. സമവിഭക്തങ്ങളായ അറകളിൽ സോഡാക്കുപ്പികൾ നിരത്തുന്നതുപോലെയോ, ബാലാമണിപ്പെട്ടിയിൽ ഏലത്തരി കരയാമ്പൂവ്, വാൽമുളക് തുടങ്ങിയവ നിറയ്ക്കുന്നതുപോലെയോ, പച്ചമരുന്നുപീടികയിൽ ചുക്കു, മുളകു, തിപ്പലി, കരിഞ്ചീരകം തുടങ്ങിയവ ശേഖരിക്കുന്നതുപോലെയോ ഇതിവൃത്തമന്ദിരത്തിനകത്ത് വാളെടുത്തവരെയൊക്കെ വെളിച്ചപ്പാടന്മാരായി വിട്ടാൽ അവരുടെ പെരുമാററം നിയന്ത്രണാതീതമായിത്തീരും; നമുക്കതിനകത്തു കടന്നു തപ്പിനോക്കിയാൽ ഒന്നും കൈയ്യിൽ തടയാൻ കിട്ടുകയുമില്ല. ഏതെങ്കിലും ഒന്നോ രണ്ടോ പാത്രങ്ങളിൽ ഗ്രന്ഥകാരൻെറ പ്രത്യേകശ്രദ്ധ കേന്ദ്രീകരിച്ചേകഴിയൂ. ആ മുൻഗണനയ്ക്കർഹനാണ് നായകൻ.

നായകനു മുൻഗണനയുണ്ടെന്നുവെച്ച് അയാൾ എല്ലാ മുറികളിലും കിടന്നു വിലസിയേകഴിയൂവെന്നില്ല. മിടുക്കുള്ളൊരു കാരണവൻ തൻെറ മുറിയ്ക്കകത്തെ ചാരുകസേരയിൽ കിടന്നുകൊണ്ടു ചുററുപാടും കണ്ടറിഞ്ഞു കുടുംബഭരണം നടത്തും. സാമർത്ഥ്യമില്ലാത്തവൻ ഓടിനടന്നിട്ടും പ്രയോജനമില്ല. എന്താണതിൽനിന്നു തെളിയുന്നത്? നോവലിലോ, നാടകത്തിലോ ഏററവുമധികം പ്രാവശ്യം അരങ്ങത്തുവന്നുനിന്നതുകൊ

ണ്ടോ, എല്ലാവരേക്കാളുമധികം സംസാരിച്ചതുകൊണ്ടോ നായകപട്ടം കെട്ടാൻ കഴിയുകയില്ല. വാക്കിലോ ക്രിയാംശത്തിലോ തൂക്കം കൊണ്ടു മികച്ചുനിന്നതുകൊണ്ടായില്ലാ, കഥയുടെ ഏകാഗ്രതയ്ക്കവലംബമായിരിക്കുകയാണാവശ്യം. അരങ്ങത്തുവന്നില്ലെങ്കിലോ അധികം പ്രസംഗിച്ചില്ലെങ്കിലോ തരക്കേടില്ല; അയാളുടെ ചൈതന്യം കഥാഗതിയിൽ ആദ്യന്തം തിളങ്ങിക്കൊണ്ടിരിക്കണം. ഒരു പെൻസിലിന്റെ മുനപോലെയോ, മെഴുകുതിരിയിലെ നൂൽത്തിരിപോലെയോ, എവിടെമുറിച്ചുനോക്കിയാലും അതു സ്പഷ്ടമായിരിക്കണം. പാലിൽ അലിഞ്ഞുചേർന്ന പഞ്ചസാരപോലെ കഥയിൽ എവിടേയും ആ ചൈതന്യം തെളിഞ്ഞുകാണണം കഥാസൂത്രത്തിന്റെ പിരിവുകൾ മുറുകുമ്പോഴും അഴയുമ്പോഴും ആ നായകത്വം അടിക്കടി അതോട് അനുബന്ധമായിട്ടേ ഇരിക്കാവൂ. ആമുഖമായിട്ട് ഇത്രയും പറഞ്ഞുകൊണ്ടു ഭൂതരായരിലേക്കു കടക്കാം.

മലനാട്ടിലെ അരാജകത്വത്തിന്റെ ബാധ അതിനെക്കുറിച്ചു പ്രതിപാദിക്കുന്ന ആഖ്യായികയിലും അതേപടി പകർന്നിട്ടുണ്ടെന്നു കാണാൻ പ്രയാസമില്ല. പാത്രസൃഷ്ടിയിൽ അത്യാവശ്യമായ അച്ചടക്കം അപ്പൻതമ്പുരാന്റെ നായകോന്നമനത്തിൽ അവഗണിക്കപ്പെട്ടുപോയി. പെരുമാൾവാഴ്ചയ്ക്കു പൂർണ്ണവിരാമമിട്ടു മലനാടിന്റെ മാനം രക്ഷിക്കുകയാണ് കഥയുടെ മർമ്മമെന്നുണ്ടെങ്കിൽ—കഥയുടെ ഏകാഗ്രതയ്ക്കവലംബമായിട്ടുള്ള ലക്ഷ്യം ഏറെക്കുറെ അതാണെന്നു സമ്മതിക്കാതെ തരമില്ല—കുമാരൻ ചെറിയച്ചനെയാണ് നാം അതിൽ ആദ്യംതന്നെ അരങ്ങേറിക്കാണുന്നത്. എന്നാൽ, ചെറിയച്ചൻ താമസംവിനാ, അപ്രത്യക്ഷനായിത്തീരുന്നു. ഭൂതരായരുടെ ആഗമനത്തോടുകൂടി ചെറിയച്ചനെ മഷിയിട്ടുനോക്കിയാൽ പോലും കാണാൻ പ്രയാസമായി. പിന്നീടുള്ള സംഭവങ്ങൾ ചെറിയച്ചന്റെ ചൈതന്യത്തിന്റെ പിറകിലാണ് നടക്കുന്നതെങ്കിൽ ഏകാഗ്രതയ്ക്കു ഹാനിയില്ലെന്നുകരുതാമായിരുന്നു. പക്ഷെ, അതല്ലാ നാം കാണുന്നത്. നമ്മുടെ സഖാക്കളെപ്പോലെ അയാൾ 'അണ്ടർഗ്രൌണ്ടി'ലായിപ്പോയി. ഇതിനെല്ലാംപുറമെ, നായകപട്ടം കെട്ടത്തക്ക സ്വഭാവപരിശുദ്ധിയും ചെറിയച്ചനിൽ തൊട്ടുകുളിക്കാനില്ല. ചിരുതക്കുട്ടി അയാളെ വരണമാല്യമണിയിക്കാൻ സന്നദ്ധയല്ലെന്നു വന്നതുകൊണ്ട് അവളുടെ പ്രണയത്തിന്നു പാത്രമായ ചന്തുക്കുറുപ്പിനോടുള്ള അസൂയ നിമിത്തമുണ്ടായ പകപോക്കലല്ലേ അയാളുടെ പരാക്രമത്തിന്റെ പിറകിൽ നാം കണ്ടതു്? പെണ്ണുങ്ങളോടു പകപോക്കുന്ന ആ പട്ടവങ്കനെക്കുറിച്ച് നമുക്കാർക്കും വലിയ ആദരവുണ്ടാവാൻ കാരണമില്ല.

പൊന്നുനിലത്തു മുമ്പീന്നില്ലേ കഥയിൽ ആദ്യവസാനക്കാരനായി? പക്ഷെ, മുമ്പീന്നു പിന്നിലിരുന്നു ചരടുവലിക്കുകയാണ് ചെയ്യുന്നത്. മാത്രമല്ലാ ചിരുതപ്പടയ്ക്കു തീകൊടുത്തു് ചന്തുക്കുറുപ്പിനേയും ചിരുതക്കുട്ടിയേയും ഇത്ര വിഷമിപ്പിച്ചതു നമുക്കു പൊറുക്കാവുന്നതല്ല. പാടത്തിട്ടപ്പണിക്കർക്കവകാശപ്പെട്ട തുറപ്പണം വട്ടുറപ്പുകളെന കൊടുപ്പിച്ചതു് അന്യായമായിപ്പോയി. സർവ്വോപരി, പെരുമാൾവാഴ്ചയോട് അയാൾക്കു വെറുപ്പുതോന്നിയതു് സ്വന്തം ചില അവകാശങ്ങൾ നഷ്ടപ്പെട്ടതുകൊണ്ടാണ്. അതിനു പകരംപോക്കുന്നതു് ഒളിവിലിരുന്നിട്ടാണെന്നൊരാക്ഷേപവും പറയാനുണ്ട്. 'കുറുക്കൻ' എന്നു് ഭൂതരായർ പറയുന്നതു കുറിക്കുകൊള്ളുന്നുണ്ടു്.

ചന്തുക്കുറുപ്പിനെ നമുക്കു നായകനാക്കാമോ? നിവൃത്തിയില്ല. ചിരുതക്കുട്ടിയുടെ കാമുകനാണെന്നതിൽക്കവിഞ്ഞു് ആ യുവാവി

ന് എന്താണൊരുയോഗ്യത? വെളിച്ചത്തു വന്നു വല്ലതുമൊന്നു പ്രവൎത്തിക്കാൻ അയാൾക്കവസരംസിദ്ധിക്കുന്നില്ല. ഭൂതരായരെപ്പോലെ സംഭവബഹുലമായൊരാഖ്യായികയിൽ അത്തരമൊരു മൂകപാത്രത്തെ നായകനാക്കാൻ മനസ്സനുവദിക്കുന്നില്ല

എന്തിനിത്ര വിഷമിക്കുന്നു? മലനാടിന്റെ മാനം രക്ഷിക്കാൻ മുന്നിട്ടുനിന്നു പ്രവൎത്തിച്ച അയിരൂർ ചാത്തരുള്ളപ്പോൾ നായകപട്ടത്തിന്നാളില്ലെന്നു നിരാശപ്പെടേണ്ടതുണ്ടോ? ഗംഗാധരതിരുകോവിൽപാട്ടിലെ ആശ്രിതനും, മലനാട്ടിൽ ആയുധപ്പയററിന്റെ രീതികൾ ഉറപ്പിച്ച സമ്പ്രദായികൾ എന്നു പേരുകേട്ട പടയാളികൾക്കു തലച്ചെന്നവനും ആയ ചാത്തർ മലനാട്ടിലെ സ്വാതന്ത്ര്യപ്രേമികളുടെ തലവനല്ലേ? ആദൎശശുദ്ധിക്ക് ഒരു കുറവുമില്ല. ധീരൻ, അഭിമാനി, ദേശപ്രേമി—ഇതൊക്കെ മതിയാകുന്ന യോഗ്യതകളാണ്. പക്ഷെ, ചാത്തൎക്കു പങ്കില്ലാത്ത സംഭവങ്ങളാണ് പതിനഞ്ചാം അദ്ധ്യായംവരെ നാം കാണുന്നതൊക്കെ. അതിൽ ചാത്തരുടെ സ്വാതന്ത്ര്യസംരംഭങ്ങളെ സഹായിക്കാൻ വേണ്ട പശ്ചാത്തലം സൃഷ്ടിക്കുവാൻ പററിയ പലതും ഇല്ലെന്നില്ല. പക്ഷെ, അവയുമായി അദ്ദേഹത്തിന്നു പരോക്ഷമായിട്ടെങ്കിലും പങ്കില്ലാത്തതിനാൽ ഏകാഗ്രതയ്ക്കു ഭംഗം നേരിടുന്നു. സ്വാതന്ത്ര്യസംരംഭങ്ങളുടെ സന്നിബിഡതയിൽ നായകന്റെ നിഴൽപോലും കാണാനില്ലെന്നുവരുന്നതു പൊറുക്കുന്നതെങ്ങനെ?

ഇങ്ങനെ ചാത്തരെ ബാധിക്കാത്ത സംഭവങ്ങൾ പല അദ്ധ്യായങ്ങളിൽക്കൂടിയും തിക്കിത്തിരക്കി കടന്നുപോയിട്ടുണ്ടെന്നുള്ള ഒരു ന്യൂനതയൊഴിച്ചാൽ മറെറാന്നും അദ്ദേഹത്തിന്റെ നായകപദവിയിൽ പ്രതിബന്ധമായിട്ടില്ല ധൂൎത്തനും, സാഹസിയും, ക്രൂരാഗ്രേസരനുമായ ഭൂതരായൎക്കെതിരായുള്ള സമരസംരംഭത്തിന്റെ മൂക്കുകയർ ചാത്തരുടെ കൈയ്യിലാണ്. തന്റെ ഓമനമകളായ ഓമല ഭൂതരായരുടെ പ്രേമഭാജനമായിരുന്നിട്ടും ചാത്തരുടെ രാഷ്ട്രീയലക്ഷ്യങ്ങളുടെ ലാക്കു പിഴയ്ക്കുന്നില്ല. ആറായിരത്തവരിൽ അണിത്തലവരെ അദ്ദേഹം മല്ലൂരുമല്ലൻ കോട്ടയിൽ കൊണ്ടുവന്ന് യുദ്ധം പരിശീലിപ്പിച്ചു. ഗംഗാധരതിരുകോവിൽപാടിന്റെ പ്രീതിയും സഖ്യവും സമ്പാദിച്ചു. കുഞ്ഞമ്മരക്കാരേയും ഇട്ടുണ്ണിരാമത്തരകനേയും സ്വാധീനിച്ചു കാലം മുന്നോട്ടുകടന്നപ്പോൾ പൊന്നുനിലത്തു മൂമ്പീന്നുകൂടി അദ്ദേഹത്തെ അതിഥിയായി സ്വീകരിച്ചുതുടങ്ങി. ഇങ്ങനെ, പ്രതികൂലശക്തികളെ സംഘടിപ്പിച്ച് മലനാടിനെ പാണ്ടിപ്പൂതത്തിന്റെ വക്ത്രത്തിൽനിന്നു പിടുങ്ങിയെടുത്ത് ഗംഗാധരതിരുകോവിൽപ്പാടിനെ ഏല്പിച്ച ചാത്തൎക്കു മലനാട്ടിലെ സ്വാതന്ത്ര്യസമരത്തിന്റെ "നേതൃത്വംകൊടുക്കാനെന്താണ് വിരോധം?

പാണ്ടിപ്പൂതത്തിൽനിന്നും പിടുങ്ങിയെടുത്ത മലനാട് ഗംഗാധരതിരുകോവിൽപാടിങ്കൽ സമൎപ്പിക്കപ്പെട്ടതുകൊണ്ട് അദ്ദേഹത്തിനല്ലേ നായകപദവിക്കവകാശമെന്ന് ഒരു മറുപക്ഷമുദിക്കാം. മാലോകൎക്കു മുഴുവൻ കണ്ണിലുണ്ണിയാണദ്ദേഹം. പക്ഷെ, ആ മഹാശയൻ തിരശ്ശീലയുടെ പിന്നിൽനിന്ന് എപ്പോഴെങ്കിലുമൊന്ന് അരങ്ങത്തു വന്നിരുന്നെങ്കിൽ—! അതുണ്ടായില്ല കാണാത്ത ഒരാളെക്കുറിച്ച് എന്തഭിപ്രായമാണ് നാം രൂപീകരിക്കുക?

പുസ്തകത്തിന്നു 'ഭൂതരായർ' എന്നു പേരിട്ടതുകൊണ്ട് അദ്ദേഹത്തെയല്ലേ ഗ്രന്ഥകാരൻ നായകനായി കല്പിച്ചിട്ടുള്ളതെന്നൊരു ചോദ്യം ഉന്നയിച്ചേക്കാം. രായർ മലനാട്ടിലേക്കു വരുന്നതുവരെയുള്ള കഥയി

ലെ സംഭവങ്ങൾ ആ ഏഴുന്നെള്ളത്തിന്നാവശ്യമായ ഒരുക്കങ്ങളായി വ്യാഖ്യാനിക്കാൻ വിരോധമില്ല. അപ്പോൾ, ഉടനീളം ഭൂതരായരുടെ ചൈതന്യം കഥയിൽ വ്യാപിച്ചിട്ടുണ്ടെന്നാശ്വസിക്കാം. പക്ഷെ, നായകപദവിയേക്കാളധികം പ്രതിനായകപട്ടത്തിന്നാണ് ആ പാണ്ടിപ്പൂതത്തിന്നവകാശം.

“ഭൂതരായരിൽ പ്രജാശക്തി നായികയും, രാജശക്തി നായകനുമായിട്ടാണ് ഗ്രന്ഥകർത്താവു സങ്കല്പിച്ചതെന്നു തോന്നുന്നു. കുടുംബകലഹംനിമിത്തം നായികയുടെ തല്ക്കാലാവസ്ഥ അത്യന്തം ദയനീയമായിത്തീന്നിരിക്കുന്നു. ഈ സ്ഥിതിയിൽനിന്നും രക്ഷിച്ചു നായികയെ പരിണീതയാക്കി രമിപ്പിക്കുകയാണ് നായകന്റെ തല്ക്കാലകൃത്യം. അതു നിറവേറുന്നതിനുവേണ്ടി ഒന്നിലധികം വീരപുരുഷന്മാർ രംഗപ്രവേശംചെയ്യുന്നു. ശുദ്ധമനസ്കനായ പെരുമാളിന് ഓജസ്സുമതിയാകാതെപോയി. പള്ളിബാണന്ക് ആലോചനാശക്തിയും, കാര്യപ്രാപ്തിയും ലേശംപോലുമില്ല. ഭൂതരായർക്കു വീര്യം, ശൌര്യം, പ്രാപ്തി മുതലായ ഗുണങ്ങളുണ്ടെങ്കിലും ദയയും നയവും കണികാണ്മാനില്ല. ......ഈ രാജ്യലക്ഷ്മി പരദേശികളോട് ഇണങ്ങുകയില്ലെന്നു കണ്ടപ്പോൾ ഗംഗാധരതിരുകോവിൽപാട് പ്രത്യക്ഷനാകുന്നു. അദ്ദേഹത്തിന്റെ രാജഗുണങ്ങൾ തികഞ്ഞുകണ്ടതുകൊണ്ട് രാജ്യലക്ഷ്മി സന്തോഷപുരസ്സരം കണ്ഠത്തിൽ വരണമാല്യമർപ്പിക്കുന്നു.” ഇതാണ് ഡി പത്മനാഭനുണ്ണിയുടെ അഭിപ്രായം. (മണ്ഡനമഞ്ജരി)

നായകസൃഷ്ടിയിൽ തമ്പുരാനു നേരിട്ട പരാജയംനിമിത്തം നോവലിനെ ബാധിച്ച മഹാരോഗത്തിനു പത്മനാഭനുണ്ണി വിധിച്ച ചികിത്സ അരിഷ്ടശാന്തിക്കുപകരിക്കുന്നുണ്ടോ ? ഇക്കണ്ട കഷ്ടപ്പാടുകളൊക്കെസ്സഹിച്ച നായികയുടെ വരണമാല്യത്തിനു കഴുത്തു നീട്ടിയ തിരുകോവിൽപ്പാടിനെ നമുക്കു മര്യാദയ്ക്കൊരുനോക്കു കാണാൻ കഴിഞ്ഞിരുന്നെങ്കിൽ—! കോവിൽപ്പാട്ടു കേമനായിരിക്കാം. പക്ഷെ ആ കേമത്തം മരുഭൂമിയിൽ വികസിക്കുന്ന പുഷ്പത്തിന്റെ സൌരഭ്യംപോലെയാണ്. പ്രജാശക്തിയെ നായികയും രാജശക്തിയെ നായകനുമാക്കുന്നതിനു പകരം കേരളത്തെ പരതന്ത്രയായ ഒരു മാതാവും ചാത്തരേയും പരിവാരങ്ങളേയും അംബയുടെ വീരസന്താനങ്ങളുമായി പരിഗണിച്ച് ഉത്തമപുത്രൻ എന്ന പദവി അയ്രൂർ ചാത്തർക്കു നല്കാൻ എന്താണ് വിരോധം ? വാസ്തവമാലോചിച്ചാൽ, കണക്കിലധികം ധൂർത്തടിച്ചുനടക്കുന്ന ഒരു തരുണിക്കു കണവനെക്കണ്ടെത്താൻ കാരണവന്മാർ കഴിച്ചുകൂട്ടുന്ന കഷ്ടപ്പാടാണ് നാം ഭൂതരായരിൽ നായകനെത്തേടുമ്പോൾ നേരിടുന്നത്. കഥാവനിത നിയന്ത്രണാതീതമാംവണ്ണം താന്തോന്നിത്തംകാട്ടിനടന്നു. ആതാണ് അടുക്കുന്ന വരോരോരുത്തരും പിൻവലിക്കുന്നത്.

# കലാലയത്തിൽ

( സി. ആർ. രാമകൃഷ്ണൻ, പൂർവ്വവിദ്യാർത്ഥി )

ഏതാകിലുമെൻെറ തോഴിഞാൻനിങ്ങളോ-
ടോതിടാമിന്നപ്പരമാത്ഥമൊക്കെയും
പാവനപ്രേമ പ്രസൂന പരിമള
മാലയും കൈകളിലേന്തി മനോഹരം
ആനന്ദലോലരായന്നൊക്കെയെൻമുന്നി
ലാടിക്കഴഞ്ഞണഞ്ഞെത്തിയ നാളുകൾ
നിത്യനിരാശതൻ വീഥിയിലേകയായ്
നിർദ്ദയമെന്നെ ത്യജിച്ചു പിരിഞ്ഞുപോയ്
പ്രേമസുരഭിലമാകുമെന്നോമന
മാനസവാടിതൻ സുന്ദരസീമയിൽ
പൊന്നൊളിചിന്നും കിനാക്കളെക്കൊണ്ടു
(ഞാ-
നന്നുനിർമ്മിച്ചോരാ സങ്കല്പമണ്ഡപം
നിഷ്കരുണം ഹാ തകർത്തു സഹോദരി
മർത്ത്യനെവെല്ലും കഠോരമാം ദുർവ്വിധി.
മന്ദസ്മിതംതൂകിനിന്നൊരാഭാവനാ
നന്ദനോദ്യാനം മറഞ്ഞിതെന്നേക്കുമായ്
മംഗളരാഗംപരിമളം പൂശിയ
സങ്കല്പവാടികളെല്ലാം കൊഴിഞ്ഞുപോയ്.
ഗാനവും നൃത്തവുമായിക്കഴിഞ്ഞൊരാ
നാളുകളൊന്നും തിരിച്ചുവരില്ലിനി
എല്ലാം കഴിഞ്ഞവശേഷിപ്പതുള്ളവ,
അല്ലലേകീടും സ്മരണകൾ മാത്രമാം.
വിശ്വസംസ്കാരനികേതനമാകുമാ
വിശ്രുതവന്ദ്യകലാലയം തന്നിലായ്
ആനന്ദചിത്തയായ് ഭാവനാലോലയായ്
സ്നേഹിതേ! അന്നു ഞാൻ ചെന്നോരു
(വേളയിൽ
കണ്ടു നിരാശയിലസ്വസ്ഥചിത്തനായ്
സന്തതം കേഴുമാ ഗന്ധർവ്വബാലനെ

ആഡംബരത്താലലംകൃതമായൊരു
മേടയിൽ മേവും മനോഹരനല്ലവൻ
മുത്തുസിംഹാസനംതന്നിൽക്കളിക്കുന്ന
വിശ്രുതരാജകുമാരനുമല്ലവൻ
വാസ്തവം തോഴീതുറന്നു പറയുകിൽ
നിർദ്ധനനായൊരു "യാചക"നാണവൻ
എന്നിരുന്നാലു,മവനിലായ് കണ്ടു ഞാൻ
നിർമ്മലരാഗം നിറഞ്ഞോരുമാനസം
വ്യാകുലചിത്തനായ് ശോകം തുളുമ്പുന്ന
ഗാനവും പാടിക്കഴിയുമബ്ബാലനെ
കണ്ടനാൾതൊട്ടു പരിവർത്തനം പല-
ത്തുണ്ടായി മാമക മാനസവാടിയിൽ
പൂത്തു വിരിഞ്ഞു ചൊരിഞ്ഞു പരിമളം
പുഷ്കലപ്രേമവികാരശതാവലി
കോമളമാകുമാ കോകിലം പാടുന്ന
ഗാനങ്ങൾ തൻകൊച്ചലകളേററങ്ങിനെ
കോൾമയിർക്കൊണ്ടങ്ങു പാരംവിവശയാ-
യക്കൊച്ചുബാലനരികത്തിലെത്തി ഞാൻ
രാഗാർദ്രചിത്തയായെൻ "പ്രേമവീണയെ"
യേകിനാനായവന്നന്നു സമ്മാനമായ്
കത്തിയെരിയും ഹൃദയത്തിലന്നു ഞാൻ
വർഷിച്ചു ശീതളസാന്ത്വനധാരകൾ
മാമക സൌഹൃദ സൌരഭ്യമേററൊരാ
ഗായകൻ നിർവൃതിതന്നിൽ നിമഗ്നനായ്
ഓതീ വിനീതനായ് മാമകസ്നേഹിതേ
ലോകം വെറുക്കുമീ യാചകബാലനെ
ഇത്രമേൽ സ്നേഹിച്ചിട്ടന്നോരുതാവക
വേഴ്ചയിലെന്നെ മറന്നുപോകുന്നു ഞാൻ
പാടിടാം പാവനഗാനങ്ങൾ മേലിൽ ഞാൻ
മോഹിനീ നിന്നെക്കുറിച്ചു നിരന്തരം

മാമക ഭാവനകൊണ്ടുതീർത്തീടുമ-
ക്കോമള പുഷ്പവിമാനത്തിൽ നിന്നെ ഞാൻ
അപ്സര കന്യകമാരും കൊതിക്കുന്നൊ-
രത്ഭുതദേശത്തിലെത്തിച്ചിടാം സഖി"
പാടിനാനെന്നെയും വർണ്ണിച്ചുകൊണ്ടവൻ,
സോദരീ, ഗാനമനവധി മേല്ക്കുമേൽ.
ആ രാഗസിന്ധുവിൽ മുങ്ങിക്കുളിക്കയാ-
ലാനന്ദനിർവൃതിപൂണ്ടുപോയെന്മനം
മാമകമാനസക്ഷേത്രത്തിലായവൻ
രൂപം പ്രതിഷ്ഠിച്ചലങ്കരിച്ചങ്ങിനെ
നിത്യവുമോരോരൊഭാവുകം കൊണ്ടു ഞാ-
നർച്ചനചെയ്തു കഴിക്കയായ് നാളുകൾ
ഒത്തുചേർന്നീടുമന്നദിനം ഞങ്ങളാ-
പ്പുഷ്പവിരിച്ച തരുതലം തന്നിലായ്
ഓതിടുമെന്നെക്കളിയാക്കി മാമക
തോഴൻ കഥകൾപലതുമാവേളയിൽ
ഓതുമാധന്യൻ "സുഖങ്ങൾ വരുന്നോരു
വേളയിലെന്നെ മറന്നേക്കു തോഴി നീ
അല്ലാ ദുരിതവ്യഥകൾ വന്നെത്തുകി-
ലല്ലൽവേണ്ടെന്നു ഞാനുണ്ടു നിന്നന്തികേ
പശ്ചിമസാഗരതീരദേശത്തിലെ
രാജ്ഞിയായ്* പാരിൽ പരിലസി
(ക്കുന്നൊരാ
കൊച്ചുതുറമുഖപ്പട്ടണം തന്നുടെ
ചുററും ലസിക്കുന്ന രമ്യമാം കാഴ്ചകൾ
മാമക മാനസ ഭിത്തിമേലിപ്പൊഴും
മായാതെ മിന്നിത്തിളങ്ങുന്ന ഭംഗിയിൽ
കാലവർഷത്തിൻ പുതപ്പുമണിഞ്ഞുകൊ-
ണ്ടാടിയുലയുന്നൊരാഴിതൻ തീരവും
താമരപ്പൊയ്കയിലന്നങ്ങളെന്നപോൽ
കായലിൽ നീന്തുന്ന ബോട്ടിൻനിരകളും
നിത്യവും പുഞ്ചിരിതൂകി കുളുർകാററിൽ
നർത്തനംചെയ്യുന്ന പൂങ്കാവനങ്ങളും
ആ വയെല്ലാമൊക്കെയുമപ്പുറത്തുള്ളൊരാ
ദ്വീപിങ്കൽ നില്ക്കുന്ന തെങ്ങിൻ നിരകളും
സാഗരസീമയിൽ ചെന്നസ്തമിക്കുന്ന
ഭാനുവും കുങ്കുമംപൂശിയ സന്ധ്യയും
ഒക്കെയും കണ്ടുകണ്ടാനന്ദലോലരായ്
നില്ക്കുമീഞങ്ങൾ കലാലയം തന്നിലായ്
ഏകിടും ഞാനൊരു ഹാരമെൻ തോഴനു
മാമക മുഗ്ദ്ധകടാക്ഷപുഷ്പങ്ങളാൽ
ഒന്നല്ലനവധി ബാലികാബാലന്മാർ
ഞങ്ങളെ നിത്യം പരിഹസിച്ചെങ്കിലും
അക്കലാശാലയിലുള്ള യുവതിമാ-
രൊക്കെയുമോതിയപവാദമെങ്കിലും
കുററങ്ങളേശവുമില്ലാത്തതെന്നോടു
കൂട്ടുകാർവന്നു പുലമ്പിയെന്നാകിലും
തെററിദ്ധരിച്ചതില്ലല്പവും ഞാനെൻെറ
മർത്ത്യക്കുയോജിച്ചതല്ലാത്ത ദുഷ്ക്കർമ്മം.
എത്രമേൽവേണമെന്നാകിലും ചെയ്തിടാം
ഘോരമൃഗീയവികാരതൃപ്തിക്കുതൻ
ജീവിതംതന്നെ ബലിയുംകൊടുത്തിടാം
എന്നാൽ ലളിതഹൃദയങ്ങളന്യോന്യ-
മൊന്നിച്ചുചേർന്നാലപരാധമായഹോ!
നാളുകൾ കോർത്തൊരുമാലയും നിർമ്മിച്ചു
കാലം നടന്നുപോയ് ജീവിതവാടിയിൽ
അല്പവും ഞങ്ങളറിഞ്ഞതില്ലേതുമേ
വത്സരം "രണ്ടു" ഗമിച്ചോരു വസ്തുത
എന്നേക്കുമായിക്കഴിഞ്ഞു ഹാ ഞങ്ങൾതൻ
ധന്യമായുള്ളൊരാവിദ്യാർത്ഥിജീവിതം
തമ്മിൽവെടിഞ്ഞു ഗമിക്കുവാൻ ഞങ്ങൾക്കു
വന്നുപോയ് കാലം പിരിയാൻ സമയമായ്
മൂകരായ് നമ്രശിരസ്കരായ് കണ്ണുനീർ
ധാരയുമായി ഹാ നിന്നുപോയ് ഞങ്ങളും
പൊട്ടിക്കരഞ്ഞുകൊണ്ടേകി തിരിച്ചെനി-
യ്ക്കക്കൊച്ചുഗായകനെൻ "പ്രേമവീണ"യെ
അക്ഷരമൊന്നുപറയാതെയായവൻ
വിസ്മൃതിക്കുള്ളിലീയെന്നെ വെടിഞ്ഞു
(പോയ്
പാടെതകർന്നുവ്യഥാവിലായ്പോയൊരെൻ

* Queen of Arabian Sea.

വീണയും കൈകളിലേന്തി നിരാശയിൽ
ഏകാകിനിയായ് മടങ്ങി കലാലയ
ജീവിതമെല്ലാം കഴിഞ്ഞുഞാനീവിധം
കണ്ടിടാം മേലിലും മാമകജീവിത-
ച്ചെണ്ടിന്മേൽ പ്രേമപ്രസൂനമെന്നാകിലും
സ്നേഹം നുകരുവാൻ യാചിച്ചതിൻ ചുററും
തോഴീ,യണയുമളിനിരയെങ്കിലും
എന്നാത്മപുത്രനായ് ഏതെങ്കിലുമൊരാൾ
വന്നിടും ഭാവിയിലെന്നിരുന്നീടിലും
അത്രക്കുനിർവൃതിയേകും നിമിഷങ്ങൾ
നിശ്ചയം മേലിൽ ലഭിക്കില്ലൊരിക്കലും
ഇന്നലേയോളവും വിദ്യാർത്ഥിനിയെന്നാൽ
ഇന്നുഞാൻ മാതൃകയാമൊ“രദ്ധ്യാപിക”
ഓർക്കിലിന്നെനിക്കുണ്ടു മഹനീയ
കർത്തവ്യമൊന്നീജഗത്തിനോടായിതാ,
മാതാവിനേപ്പോലെയിക്കൊച്ചുബാലികാ-
ബാലകന്മാർക്കുഞാനേകണം നേർവഴി
ആദിവ്യഗായകനെന്നേക്കുമായഹോ
ഈവിധമെന്നെ ത്യജിച്ചുപോയെങ്കിലും
ഈലോകരംഗത്തിലൊത്തുചേർന്നീടുവാൻ
മേലിലീഞങ്ങൾക്കസാദ്ധ്യമാണെങ്കിലും
ഭാവനതന്നന്തരീക്ഷത്തിൽ ഞങ്ങൾ തൻ
മാനസമൊന്നിച്ചു പാറിപ്പറന്നിടും
പാടിക്കളിച്ചുചിരിച്ചുകൊണ്ടങ്ങിനെ
പോകുമീഞങ്ങൾ വിഹായസ്സിനപ്പുറം
സ്നേഹവും മോഹവും മൊട്ടിട്ടുമേവിയോ-
രാവസന്തോത്സവം പോയിയെന്നാകിലും
ഓരോനിമിഷവും കണ്ണീർചൊരിഞ്ഞുകൊ
ണ്ടോർമ്മവെച്ചീടും കലാലയം ഞങ്ങളെ
ഹാ മമ തോഴീ തകരുന്ന മാമക
മാനസമിന്നാനിരാശനെയോർക്കുകിൽ
“ഒന്നുകൂടി മമ കൺകുളിർപ്പിക്കുവാ
നെന്നുഞാൻകാണുമാ ഗന്ധർവ്വബാലനെ”
സ്നേഹിതാ! മാമക സങ്കല്പഗായക
“വേണുഗോപാലാ” മറക്കരുതെന്നെ നീ
ഭാവിയിൽ താവക “വൃന്ദാവനത്തിൽ”നിൻ
ഭാമിനിയാകും “സതീ”യോടുകൂടി നീ
പുഞ്ചിരിതൂകീരമിച്ചു സുരഭിലം
ചാഞ്ചാടിനില്ക്കും ലതകൾക്കിടയിലായ്
പാലൊളിതൂകുമപ്പൂനിലാവേററു
പാതിരാവിങ്കലുലാത്തുന്നവേളയിൽ
താവകസ്നേഹിതയായൊരീനിർഭാഗ്യ
ബാലികയെബ്ഭവാനോർമ്മവെച്ചീടണെ.
ലോലമാണെന്നുടെ ചിത്തമെന്നോർക്കണേ!!

# സൌന്ദൎയ്യം

( സി. പുരുഷോത്തമൻ, ക്ലാസ്സ് iv. )

സന്ദൎശകന്റെ ഹൃദയത്തിൽ ആഹ്ലാദമുണ്ടാക്കുന്ന ധൎമ്മത്തിനാണ് സൌന്ദൎയ്യമെന്നു പറയുന്നതു്. പ്രകൃതിയിലുള്ള എല്ലാ വസ്തുക്കളിലും സൌന്ദൎയ്യത്തിന്റെ അംശം കലൎന്നിട്ടുണ്ട്. അന്തൎലീനമായിരിക്കുന്ന സൌന്ദൎയ്യം പുറമേക്കു പ്രകാശിക്കുമ്പോൾ ആ വസ്തു സുന്ദരമായിത്തോന്നുന്നു. സൌന്ദൎയ്യത്തിന്റെ ഈ ബഹിസ്ഫുരണം എത്രകണ്ടു വൎദ്ധിച്ചതാണോ അത്രയും, ഒരു വസ്തു, ബാഹ്യദൃഷ്ടികൾക്കു മനോഹരവും ആകൎഷകവുമായിരിക്കും. ലീനമായിരിക്കുന്ന സൌന്ദൎയ്യത്തിന്റെ ബാഹ്യമായ പ്രകാശനമില്ലാത്ത വസ്തുക്കളെല്ലാം ബാഹ്യചക്ഷുസ്സിന് അസുന്ദരങ്ങളായിത്തോന്നുന്നു.

സൌന്ദൎയ്യമെന്നുപറയുന്നതു് ലയീഭൂതമായിരിക്കുന്ന ഒരു ഗുണവിശേഷമായതുകൊണ്ട് അതിന്റെ പൂൎണ്ണമായ ആസ്വാദനം ആന്തരദൃഷ്ടികൾകൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ. ഇതുകൊണ്ടാണ് ചിലപ്പോൾ വിരൂപങ്ങളായിത്തോന്നുന്ന വസ്തുക്കളിൽപ്പോലും സൌന്ദൎയ്യം ദൎശിക്കുവാൻ ചിലൎക്കു സാധിക്കുന്നതു്. വൈരൂപ്യമെന്നുപറയുന്നതു് സൂക്ഷ്മമായ സാരൂപ്യത്തെ വലയംചെയ്തുകൊണ്ടിരിക്കുന്ന അല്ലെങ്കിൽ അതിനെ മൂടിയിരിക്കുന്ന ഒരു അന്ധകാരമാണ്. ആ അന്ധകാരം നീങ്ങിയാൽ — ആ അന്ധകാരത്തെ ഭേദിച്ചു ഉള്ളിലേക്കു കടന്നുചെന്നാൽ— അവിടം സൌന്ദൎയ്യത്തിന്റെ സാന്നിദ്ധ്യംകൊണ്ട് തേജോമയമായിരിക്കുന്നതുകാണാം. കാൎമേഘപടലങ്ങൾകൊണ്ടു മൂടിയ അമ്പിളി എപ്രകാരം അഗോചരനായിരിക്കുന്നുവോ, മേഘങ്ങൾ തിരോധാനംചെയ്തുകഴിഞ്ഞാൽ അതു് എങ്ങിനെ പുഞ്ചിരിപ്പൂനിലാവൊഴിച്ച് ലോകത്തിനാകമാനം ആഹ്ലാദം പ്രദാനംചെയ്യുന്നുവോ അതുപോലെയാണ് വൈരൂപ്യത്താൽ അഗോചരമായ സൌന്ദൎയ്യത്തിന്റെയും സ്ഥിതി. വൈരൂപ്യമെന്ന മേഘപടലം നീങ്ങിയാൽ സൌന്ദൎയ്യം അതിന്റെ പ്രകാശധോരണി പരത്തുകയായി. ലോകത്തിൽ വിരൂപന്മാരായി പലരുമുണ്ട്. എന്നാൽ അവരുടെ ഹൃദയം സൌന്ദൎയ്യപൂൎണ്ണമാണ്. ആത്മീയചൈതന്യത്തിന്റെ ഒരു പ്രതിഭാസമായ മഹാത്മാഗാന്ധി കണ്ടാൽ ഒരു സുന്ദരനായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ ഹൃദയമോ?, ലോകത്തിൽ മുഴുവൻ ഒളിവീശുവാൻ മതിയായ വിധം അത്രയ്ക്കു സൌന്ദൎയ്യസമ്പന്നമാണ്.

സത്യസൌന്ദൎയ്യങ്ങൾ അന്യോന്യം അത്യന്തം ബന്ധപ്പെട്ടതാണ്. അതുകൊണ്ടാണ് കീററ്സ് എന്ന ആംഗ്ലേയമഹാകവി "Beauty is Truth; Truth-beauty" എന്നു പറഞ്ഞിട്ടുള്ളതു്. സൌന്ദൎയ്യം സത്യമാകുന്നു; സത്യംതന്നെ സൌന്ദൎയ്യവും. സത്യം എന്നുള്ളതുകൊണ്ട് അദ്ദേഹം വിവക്ഷിക്കുന്നതു് ലോകത്തിൽ സ്ഥിതിചെയ്യുന്നതു് എന്നാണ്. (That has got existence) പ്രകൃതിയിൽ സ്ഥിതിചെയ്യുന്നതെല്ലാം സത്യമാണ്; അവയെല്ലാം സുന്ദരവുമാകുന്നു. അതായതു് സൌന്ദൎയ്യമുള്ള വസ്തുക്കൾക്കുമാത്രമേ പ്രപഞ്ചത്തിൽ നിലനില്പുള്ളൂ; നിലനില്പില്ലാത്തവയെല്ലാം സുന്ദരങ്ങളല്ല; സത്യങ്ങളല്ല. ഇതുകൊണ്ടു മനസ്സിലാക്കേണ്ടതു സ

ത്വവും സൌന്ദയ്യവും അന്യോന്യം ബന്ധപ്പെട്ടതാണെന്നുമാത്രമല്ല; അവ രണ്ടും അഭിന്നങ്ങൾകൂടിയാണ് എന്നത്രേ.

സത്യത്തെ അന്വേഷിക്കുകയും ആരാധിക്കുകയും ചെയ്യുന്നവർ സൌന്ദയ്യാന്വേഷകന്മാരും സൌന്ദയ്യാരാധകന്മാരുമാണ്. സൌന്ദയ്യോപാസകന്മാരായ കവികൾ തങ്ങളുടെ കവിതകളിൽക്കൂടി സത്യത്തെ അന്വേഷിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. കലയുടെ മുഖ്യാംശം സൌന്ദയ്യമാണ്. വികാരങ്ങളെ ഉണത്തുകയും ഭാവനയിൽ നൂതനചിത്രങ്ങൾ ഉല്പാദിപ്പിയ്ക്കുകയും ചെയ്യുന്ന കലാധമ്മത്തിന്നാണ് കലാസൌന്ദയ്യമെന്നു പറയുന്നതു്. കലയുടെ ജീവൻ ഇതാകയാൽ അതു് (കല) സത്യാത്മകവുമാണ്. സത്യത്തിൻെറ അല്ലെങ്കിൽ സൌന്ദയ്യത്തിൻെറ ആവിഷ്കാരമാണ് കല എന്ന് ഇതുകൊണ്ടു കിട്ടുന്നു. ആത്മാവിഷ്കാരമാണ് കലയെന്ന നിവ്വചനംകൊണ്ടു് മേൽ പ്രസ്താവിച്ച തത്വംതന്നെയാണ് തെളിയുന്നതു്. എങ്ങനെയെന്നുവെച്ചാൽ, അവനവനുണ്ടാകുന്ന പ്രത്യേകാനുഭവങ്ങളിൽനിന്ന് ഉദിക്കുന്ന അമൂല്യമായ അനുഭൂതിവിശേഷത്തെ, ആ അനുഭവങ്ങളെത്തന്നെ വിവരിച്ച് മററുള്ളവരുടെ ഹൃദയത്തിലേക്കു സംക്രമിപ്പിക്കുകയാണല്ലോ കല. സത്യമെന്നും സൌന്ദയ്യമെന്നും പറയുന്ന വിശിഷ്ടധമ്മം ഈ അഭിസംക്രമണത്തിൽ ഉൾചേന്നിട്ടില്ലെങ്കിൽ മാനസികമായ ആ അനുഭൂതിയെ അങ്കുരിപ്പിക്കുവാൻ സാദ്ധ്യമാകയില്ല. പ്രതിപാദിക്കപ്പെടുന്ന സംഗതിതന്നെ സത്യമായതും തൽഫലമായി സൌന്ദയ്യമുള്ളതും ആകാതെ ഇതു സാദ്ധ്യമല്ല. ഇങ്ങനെ ഹൃദയത്തേയും ബുദ്ധിയേയും ഉണത്തി വ്യാപരിപ്പിക്കുന്ന കലാധമ്മം സൌന്ദയ്യമാണ്.

എന്നാൽ സവ്വവ്യാപകവും സവ്വത്തിലും ചേന്നുകിടക്കുന്നതുമായ സൌന്ദയ്യത്തിൻെറ ആസ്വാദനത്തിൽ എല്ലാവരും ഒരുപോലെ വത്തിക്കാത്തതെന്തുകൊണ്ടു്? ഇതിനു സമാധാനംപറയേണ്ടതു് ഓരോരുത്തരിലും ഉള്ള സൌന്ദയ്യബോധത്തെ അടിസ്ഥാനപ്പെടുത്തിയാണ്. എല്ലാവരിലും സൌന്ദയ്യബോധമുണ്ടു്. ചിലരിൽ ആ ബോധം കുറെയേറെ വളന്ന് വിശാലവും സൂക്ഷ്മതയോടുകൂടിയും ആയിട്ടു കാണാം. പലരിലും അതു് ഉയിർത്തെഴുന്നേല്ക്കാതെ, പ്രവത്തനമില്ലാതെ, വളരാതെ അങ്ങനെ കിടക്കുകയാണ്. ഇങ്ങനെ മനുഷ്യരിൽ കുടികൊള്ളുന്ന സൌന്ദയ്യബോധത്തിൻെറ അളവനുസരിച്ച് സൌന്ദയ്യദശനത്തിൽ വ്യത്യാസങ്ങൾ കാണാം. അതുകൊണ്ടാണ് കലാകാരന്മാക്കു സാധിക്കുന്നതുപോലെയുള്ള സൌന്ദയ്യദശനം സാധാരണന്മാക്കു സാധിക്കാത്തതു്. സാധാരണ പല വസ്തുക്കളും നാം കാണുന്നുണ്ടു്. ചിലതെല്ലാം ബാഹ്യദൃഷ്ടികൾക്കു് സുന്ദരങ്ങളായും മററുചിലതെല്ലാം അസുന്ദരങ്ങളായും തോന്നാറുണ്ടു്. ലോകത്തിൽ പതിവുള്ളതാണ് പൂക്കൾ വിടരുക, കൊഴിഞ്ഞുപോവുക എന്നതൊക്കെ. എന്നാൽ സൌന്ദയ്യബോധം വളന്നിട്ടുള്ള ഒരു കവി അതു ദശിച്ചപ്പോൾ അതിൽ ഒരു സൌന്ദയ്യം അല്ലെങ്കിൽ സത്യം ഉള്ളതായി അദ്ദേഹത്തിനു ബോധപ്പെട്ടു അതിൻെറ ഫലമാണ് ഖണ്ഡകാവ്യരത്നമായ വീണപൂവ്. ആ കൊഴിഞ്ഞുപോയ പുഷ്പത്തിൽ അദ്ദേഹം ദശിച്ച സൌന്ദയ്യത്തിൻെറ ആവിഷ്കാരമാണ് ആ ലഘുകൃതി. ഇപ്രകാരം പ്രപഞ്ചം മുഴുവൻ സൌന്ദയ്യംനിറഞ്ഞിരിക്കുന്നു; യാഥാത്ഥ്യംനിറഞ്ഞിരിക്കുന്നു; അവയെ കാണ്മാനുള്ള കണ്ണ് എല്ലാവക്കുമില്ലാതെ പോയെന്നുമാത്രം

# വാനമ്പാടിയോട്*

( അച്യുതൻ, Cl, iii. )

I

വേദനിക്കുന്നു, ചിത്തം, വിഷംമോന്തിയപോ,ലെൻ
ചേതനനീറവുന്നോതോ മന്ദതഘനീഭവം.
അല്ലെങ്കിൽ മദ്യം പാത്രം വരളുംവരെ മോന്തി-
ത്തെല്ലിട കഴിഞ്ഞോ ? ഞാ,നഖിലം മറക്കുന്നു.
പച്ചയാം പടപ്പിൻെറ പാളിയിൽ, സാന്ദ്രച്ഛായാ-
സ്വച്ഛസുന്ദരമായ മധുരാന്തരീക്ഷത്തിൽ.
അഖിലം മറന്നങ്ങു വസന്തശ്രീഘോഷിക്കും
ഖഗമെ! ലഘുപക്ഷ വനദേവതെ, തെല്ലും.
താവകാനന്ദാവസ്ഥ പാർത്തസൂയകൊണ്ടല്ല,
കേവലം ഭവദാനന്ദൈകദൾനാസ്വാദാൽ.

II

പകരു നവം മദ്യമല്പം! ഏറെനാളൂഴി-
ക്കകമാഴത്തിൽവച്ചു കുളിരേററിയമദ്യം,
അലരിൻകുലം, ഗ്രാമശാദ്വലപ്രകൃതിയും
നലമാം നൃത്തം, മധു മത്തസംഗീതാഘോഷം.
വെയിലേററൊളിതങ്ങും മേനിയോടൊന്നിച്ചാർത്തു
പുളയുന്നവരേയുമോർമ്മിപ്പിച്ചിടും മദ്യം!
ഹാ! പാത്രം നിറയെ വൈദേശികമദ്യം തുട-
പ്പാർന്നു കവിയട്ടെ, കാവ്യധാരപോൽ ശുദ്ധം.
മുത്തുകൾപോലെ പതഞ്ഞെത്തിന കുമിളകൾ
മുററിക്കണ്ണിറുക്കട്ടെ ചെന്നിറംപൂശുംവക്കിൽ.
ഞാനതുപാകംചെയ്തീലോകവും മറന്നുടൻ
കാനനച്ഛായയ്ക്കുള്ളിൽ നിന്നൊപ്പം മറയട്ടെ.

III

മായട്ടെവിദൂരത്തിൽ, ഞാനലിഞ്ഞോക്കാതാട്ടെ
നീയപ്പച്ചിലച്ചാർത്തിലറിയാതുള്ളതെല്ലാം,

---

* കീററ്സ് എന്ന ആംഗലകവിയുടെ Ode to a Nightingale എന്ന കവിതയുടെ തർജ്ജിമ.

ഇവിടെത്തങ്ങും തപ്തജീവിതം, ശോകം, രോഗം
അവിരാമമാംശ്രമം, വിക്ലമ,മഖിലവും.
ഇട്ടിക്കിൽ മനുഷ്യരൊത്തങ്ങിങ്ങായ് പലവട്ടം
ഖേദവാർത്തകളോതിയാശ്വസിക്കുന്നു, പാരം
വ്യാധിയാൽ വലയുന്നു, ശോകത്താൽ നരയ്ക്കുന്നു
യൌവ്വനം വിളറുന്നു, ശോഷിച്ചു മരിക്കുന്നു.
ഇവിടെ,ച്ചിന്തിക്കുക സങ്കടപ്പെട്ടുകയാ-
ണി,വിടെ വ്യഥാനമ്രം നയനങ്ങളെന്നെന്നും.
നശ്വരം സൌന്ദര്യത്തിൻ നക്ഷത്രനയനങ്ങൾ,
നശ്വരം പ്രേമം നാളേക്കില്ലവയുടെ മുമ്പിൽ.

IV

കളയൂ ! മദ്യം ദൂരെ ! ഞാനങ്ങു പറന്നെത്തു-
ന്നതുമദ്യത്തിൻ മൂഢശകടം വഴിക്കല്ല.
'മന്ദമസ്തിഷ്കം കഴിവററതെങ്കിലും, കാവ്യ-
സുന്ദരാദൃശ്യങ്ങളാം പക്ഷങ്ങൾവഴിക്കല്ലൊ
എത്തിഞാൻ നിന്നൊപ്പം ഹാ!, രാവുണരുകയായി,
തുഷ്ടിയിൽ സിംഹാസനമേറീ റാണിയാം തിങ്കൾ;
ചുററിലും ലസിക്കുന്നു നക്ഷത്രയക്ഷിശ്രേണി;
ചെററുമിപ്രദേശത്തിൽ വെളിച്ചം വീഴുന്നില്ല.
തെന്നലേററുലയുന്ന ശാഖികൾക്കിടയിലൂ
ടുന്നതം നാകത്തിൽനിന്നുതിരും കതിരെന്യേ.

V

അദൃശ്യം മൽപാദാന്ത സംസ്ഥിതസൂനങ്ങളേ-
ത,ഥ വാ ദ്രുമച്ചാർത്തിലുലാത്തും മണമേതോ?
സൌരഭ്യതമോസാന്ദ്ര മിസ്ഥലത്തിരുന്നവ
യറിയാമോരോന്നുമീ വസന്തസ്മരണയാൽ.
പുല്ലണിച്ചാർത്തും, ഫലദ്രുമവും, നികുഞ്ജവും
ഉല്ലളൽസുഗന്ധമാം മുല്ലചമ്പകാദിയും.
പത്രങ്ങൾചൂഴും നീലക്കുഡംബപ്രസൂനങ്ങ-
ളെത്രയും ക്ഷണികങ്ങൾ, വസന്താങ്കുരമായി,
നിറയെ നീഹാരത്തിൻ ശുദ്ധമദ്യവുംപേറി
വിരിയും കടുംശോണരാഗമാം പനിനീർപ്പൂ.
മധുമാസത്തിൻ സായാഹ്നങ്ങളിൽ പൂംപാററകൾ-
ക്കതിമാദകനമ്മാലാപ സങ്കേതസ്ഥാനം.

## VI

ഇരുളിൽ ശ്രവിപ്പൂഞാൻ ; പലപ്പോഴുമായ് ക്ഷിപ്ര-
മരണത്തിനോടുൾ പ്രേമയാചനചെയ്‌വൂ.
തേനൊലിക്കാവാക്യങ്ങളാൽ മൃത്യുവെവാഴ്ത്തിപ്പാടി
ഞാ,നെന്റെ ശാന്തശ്വാസം വായുവിലലിയിക്കാൻ.
ഏതിലും സമ്പന്നമീ മുഹൂർത്തം മരിക്കുവാൻ
പാതിരയ്ക്കുഞാൻ 'കഴിഞ്ഞെങ്കിൽ' ! യാതനയെന്യേ.
ആനന്ദാതിരേകത്താൽ നീയെങ്ങുമാത്മാവിന്റെ
ഗാനമാധുരികോരിച്ചൊരിയും സമയത്തിൽ.
പിന്നെയും പാടും ഭവാൻ, എൻചെവി മണ്ണായീടും,
നിന്റെയാവിലാപഗാനങ്ങൾ നിഷ്ഫലമാകും.

## VII

നീ മരിക്കുവാനല്ല പിറന്നു ചിരംജീവി !
നീയവിധേയൻ വിശപ്പാർന്ന വംശങ്ങൾക്കെല്ലാം.
ശബ്ദമീയകലുന്ന രാത്രിഞാൻ ശ്രവിപ്പതൊ,-
ട്ടബ്ദമപ്പുറംകേട്ടു മന്നനും മറയനും.
കണ്ണുനീരൊലിപ്പിച്ചു വീട്ടിലേക്കേകാകിയായ്
ഖിന്നയായ് നീങ്ങുന്നേരം പുതുതാം മാറ്റങ്ങളിൽ
നിന്നുപോം, റൂത്തിൻ * തപ്തി ഹൃദയം സ്പർശിച്ചതു-
മിന്നരം ഗാനംതന്നെയായീടാം; പലപ്പോഴും
അനന്താബ്ധിതൻഫേനശുഭ്രമാം പരപ്പിലു-
മതിനപ്പുറം ത്യാജ്യ ഗന്ധർവ്വലോകത്തേക്കും.

* മന്ത്രജാലകങ്ങളെ മയക്കിത്തുറന്നിട്ടൊ-
രിന്ദ്രജാലവുമിതേ ഗാനമായീടാം പക്ഷെ.

---

* ബൈബിളിലെ ഒരു കഥ. റൂത്തെന്ന സ്ത്രീ ഭർത്താവിന്റെ മരണാനന്തരം അയാളുടെ മാതൃഗേഹത്തിൽ താമസിക്കുന്നു. കീററ്സ് ഈ കഥക്കു ചെറിയൊരു മാററം വരുത്തിയിരിക്കുന്നു. ഭർത്താവു മരിച്ചതിനുശേഷം റൂത്ത് തകന്ന ഹൃദയവുമായി സ്വഭവനത്തിലേക്കു മടങ്ങുന്നതായിട്ടാണ് അദ്ദേഹം ചിത്രീകരിച്ചിരിക്കുന്നതു്.

* ക്ലോഡ് എന്ന പ്രസിദ്ധ കലാകാരന്റെ ഒരു ചിത്രം കവിതാരൂപത്തിൽ പകത്തുകയാണ് കീററ്സ് ചെയ്തിട്ടുള്ളതു്. അനന്തമായ സമുദ്രത്തിന്റെ മദ്ധ്യത്തിൽ ഒരു മണിമാളിക. പതനിറഞ്ഞ സമുദ്രപ്പരപ്പിലേക്കും വിദൂരതയിൽ ത്യാജ്യമായിക്കിടക്കുന്ന ഗന്ധർവ്വനഗരങ്ങളിലേക്കും അതിന്റെ ജാലകങ്ങൾ തുറന്നുകിടക്കുന്നു. ആ ജാലകങ്ങളെ മന്ത്രജാലകങ്ങളായിട്ടാണ് കീററ്സ് സങ്കല്പിക്കുന്നതു്. അവ തുറക്കുന്നതു് വാനമ്പാടിയുടെ സംഗീതാകർഷണംകൊണ്ടാണത്രെ.

## VIII

ത്യാജ്യം! ആപദ,മെന്നെ, മണിനാദംപോൽ, നിന്റെ
രാജ്യവും ത്യജിപ്പിച്ചു തിരിച്ചെന്നിലേക്കാക്കി.
വന്ദനം! കഴിവുള്ളോളെങ്കില്ല, മിത്തുപോലെ
വഞ്ചിക്കയില്ലെന്നോർത്ത 'സങ്കല്പം' ദയാശൂന്യ.
വന്ദനം! ആ ശോകാത്മരാഗം മായുകയായി
മന്ദമതടുത്തുള്ള മൈതാനതലം വിട്ടു.
നിശ്ചലമായുള്ളോരു നിമ്നഗ കടന്നുപോയ്,
കൊച്ചുകുന്നുകൾവിട്ടു, താഴ്ന്ന താഴ്വരക്കുള്ളിൽ.
മായാചിത്രമോ ? ദിവാസ്വപ്നമോകഴിഞ്ഞു ? ഞാൻ
—മാഞ്ഞതായാസംഗീതം—ഉണർന്നോ ? ഉറങ്ങുന്നോ ?

# വിരൽപ്പാടുകൾ *

( രാമനാഥൻ, കെ. വി. Cl, iii. )

ഭൂതകാലത്തിൻെറ പ്രതിനിധികൾ! ഈ ചുമരിലെ ഓരോ അടയാളത്തിന്നും ഓരോ പെൻസിൽ കേററലിന്നും ഓരോ കഥപറയുവാനുണ്ടാകാം. വിസ്മൃതങ്ങളായ ആ ദിനങ്ങൾ!

ദീർഘനിശ്വാസങ്ങൾ നിശ്ശബ്ദമായി അന്തരീക്ഷത്തിൽ അലിഞ്ഞലിഞ്ഞുചേരുമ്പോഴും, പൊട്ടിച്ചിരികളും കൂക്കിവിളികളും മുഴങ്ങിയുയരുമ്പോഴും ഈ പാടുകൾ സാക്ഷ്യംവഹിച്ചിട്ടുണ്ട്.

സംഗീതധ്വനികൾ ഉയർന്നുയർന്ന് മുഴങ്ങുമ്പോഴും വീർപ്പുമുട്ടുന്ന ഹൃദയങ്ങളുടെ തേങ്ങലുകൾ വിങ്ങിവിങ്ങി പുറപ്പെട്ടപ്പോഴും, ഈ ചെളിപ്പാടുകൾ നിർവ്വികാരം സ്ഥിതിചെയ്തിട്ടുണ്ടാകും.

ഇന്ന് ഞാൻ — ഈ ഞാൻ, ഇവിടെയിരുന്ന് 'എൻെറ' മുറിയിലെ വിരൽപ്പാടുകളെ നോക്കുകയാണ്. ഇവയുടെ കാരണഭൂതന്മാർ — അവരും ആശകളും ആശങ്കകളും നിറഞ്ഞ ഹൃദയത്തോടെ — ശുഭപ്രതീക്ഷകൾ ഓളംവെട്ടുന്ന ഭാവനാസാഗരത്തിൽ നീന്തിക്കളിച്ചുകൊണ്ട് എന്നെപ്പോലെത്തന്നെ ഇവിടെ വന്നിട്ടുണ്ടാകും. കൂടുതുറന്നുവിട്ട പൈങ്കിളികളെപ്പോലെ ചിലച്ചു പറന്നുകൊണ്ട് — അടച്ചു പൂട്ടിയിരുന്ന ഗൃഹാങ്കണത്തിൻെറ വാതിൽ തള്ളിത്തുറന്ന് സ്വതന്ത്രവായു ശ്വസിച്ചുകൊണ്ടാണ് അവർ വന്നെ — ഭാവിജീവിതം കരുപ്പിടിക്കുന്ന മൂശയിലേക്ക്. ജിജ്ഞാസയോടെ അവരും ജീവിതഗ്രന്ഥത്തിൻെറ ഒരു നവീനാദ്ധ്യായം തുറന്നു.

ആരാണീ 'അവർ'?

ഗംഭീരമായ ഒരു ചോദ്യമാണത്. ഉശിരോടും ഉത്സാഹത്തോടുംകൂടി ഓരോ കൊല്ലവും ഓരോ സംഘം ഇവിടെ വന്നുചേരുന്നു. ആദ്യം അവർ അപരിചിതരാണ്. ഇവിടുത്തെ ഓരോ മുഖവും അവർക്ക് പുതിയതാണ് — ഓരോ പരിപാടിയും നവീനമാണ്.

ഈ നവലോകത്തിലേക്ക് പ്രഥമപ്രവേശനംചെയ്ത അവരുടെ പകപ്പും പരിഭ്രമവും പഴയവർക്ക് വിനോദസന്ദായകമായിത്തീരുന്നു. ക്രമേണ ഇവിടുത്തെ പതിവുകളും പരിപാടികളും അവരും പഠിക്കുന്നു. അങ്ങിനെ കൂട്ടച്ചിരികളിലും കൂക്കിവിളികളിലും അവരും പങ്കെടുത്തുതുടങ്ങുന്നു. പടിപടിയായി അവർ പരിശീലിതരാവുകയാണ്...... അങ്ങിനെ ഒരുകൊല്ലം കഴിയുന്നു.

.. ...നിലയിലും വിലയിലും അവർ ഉയർന്നു കഴിഞ്ഞു. തങ്ങൾക്ക് തലേക്കൊല്ലം ലഭിച്ച അനുഭവങ്ങൾ അവർ തിരിച്ചുകൊടുക്കുകയാണ്. എന്തുകൊണ്ടും "പ്രമാണി"കൾ! ഭാരിച്ച കാര്യങ്ങൾ — വമ്പിച്ച ചുമതലകൾ — അവരുടെ ശ്രദ്ധയിൽ - പ്രവർത്തനപരിധിയിൽ. ലോകത്തിലെന്തും അവരുടെ വിമർശനവിഷയങ്ങളാണ്. എല്ലാതരക്കാരും അവരുടെ ഇടയിലുണ്ട്. ചിന്താലോലുപന്മാരായ ഏകാന്തതപ്രിയന്മാർ, ഉത്സാഹഭരിത

---

* ഹോസ്റ്റലിലെ മുറിയിലിരുന്ന് ചുററുപാടും ഒന്നു കണ്ണോടിക്കുമ്പോൾ കാണുന്ന പോയ തലമുറകളുടെ സ്മാരകാവശിഷ്ടങ്ങൾ ബഹുവിധവികാരങ്ങൾക്ക് വഴികൊടുക്കുകയാണ്.

രായ—'പൊടിയും ചുണ്ണയും ചുരുചുരുക്ക' മുള്ള ചെറുപ്പക്കാർ—പ്രേമസഹജമായ വിഷാദാത്മകത്വം ബാധിച്ചിട്ടുള്ളവർ, "കോളേജുവിദ്യാർത്ഥി"കളുടെ ഗൌരവവും ഘനവും ആർജ്ജിച്ചിട്ടില്ലാത്ത 'അരപ്പിരിയ' ന്മാരും—കുട്ടിക്കളിവിടാത്ത കുമാരന്മാരും, സാഹിത്യകാരന്മാരും, ഒട്ടും കുറവില്ലാതെ അരസികന്മാരും ലോകം കണ്ടറിയാൽ യോഗമില്ലാത്ത 'പുസ്തകപ്പുഴു' ക്കളും—എല്ലാത്തരവും ധാരാളം.

സംഭവബഹുലങ്ങളായ ദിവസങ്ങളെ തള്ളിനീക്കിക്കൊണ്ടു് അവർ തങ്ങളുടെ നിത്യജീവിതത്തോണിയിൽ യാത്രതുടൎന്നു പരിക്ഷകളുടെ ചെറുതും വലുതുമായ ചുഴികളിൽപെട്ടു് വട്ടംകറങ്ങിയും, വികാരങ്ങളുടെ തിരത്തല്ലലിൽ താണുമുയൎന്നും അങ്ങിനെ മുന്നോട്ടുനീങ്ങി. സൎവ്വകലാശാലാ പരീക്ഷയുടെ ഭയങ്കരച്ചുഴിയിൽനിന്നു രക്ഷപ്പെട്ട ഭാഗ്യവാന്മാർ ഒരു പുതിയ സംസാരസാഗരത്തിലേക്കു് തങ്ങളുടെ തോണി നയിച്ചു.

അവർ 'ജീവിതം' ആരംഭിച്ചു. അവിടേയും പുതുമകളാണു്. പുതിയ പുതിയ അനുഭവം! പക്ഷെ, സൌഭാഗ്യത്തിൻെറ സുന്ദരവനികയോ, നൈരാശ്യത്തിൻെറ നാശഗൎത്തമോ അവരെ ഇനി സ്വാഗതംചെയ്യുക?

അനിശ്ചിതം! അചിന്തനീയം!!

ഈ ഹോസ്റ്റലിൻെറ സ്മരണയിൽനിന്നും അവർ അകന്നകന്നുപോയി—വിസ്മൃതിയിലേക്കു്! ബദ്ധപ്പെട്ടു് മുന്നോട്ടുപായുന്ന ലോകത്തിൻെറ തിക്കിലും തിരക്കിലും പെട്ടു് അവർ അദൃശ്യരായി.

പരുപരുത്തതും മിനുമിനുത്തതുമായ സംഭവപരമ്പരകളുടെ പല്ലുകൾ മിന്നിത്തിളങ്ങുന്ന കാലചക്രം ചുററിക്കറങ്ങിക്കൊണ്ടേയിരുന്നു.

അവസാനം ഈ 'ഞാനും' എൻെറ സഹയാത്രക്കാരും ഇവിടെയെത്തി. പഴയ പാരമ്പൎയ്യങ്ങൾ നവീനതയുടെ തേൻകുഴമ്പിൽ ചാലിച്ചാസ്വദിക്കുന്ന ഞങ്ങളും പോകുകയാണു്, അതേ വിസ്മൃതിയിലേക്കു്!

ഞങ്ങളിവിടെ പിന്നിട്ടുപോകുന്ന വല്ല അടയാളവും ഞങ്ങളുടെ സ്മരണയെ കുറച്ചു കാലത്തേക്കുകൂടി നിലനിൎത്തിയേക്കാം. അനിശ്ചിതമായ ഭാവിയിലേക്കു് അന്ധമായ കണ്ണുകൾ നിഷ്ഫലമായി തുറപ്പിച്ചുകൊണ്ടു് ഞങ്ങൾ മുന്നോട്ടുനീങ്ങുകയാണു്. വൎത്തമാനകാലത്തിൻെറ ഊന്നുവടിയുമേന്തിക്കൊണ്ടു്.

ഉന്നല്ലാസഭരിതരായ പലരും ഉന്മേഷരഹിതരായിത്തീൎന്നേക്കാം. പല പൂമൊട്ടുകളും വിടരുന്നതിന്നുമുമ്പു് ദുൎവ്വിധിയുടെ പുഴക്കുത്തേററു് ഞെട്ടററുവീണേക്കാം. ആശയുടെ കൊടുമുടിയിൽനിന്നു് നിരാശയുടെ നാശഗൎത്തത്തിലേക്കു് വീണടിഞ്ഞേക്കാം. എങ്കിലുണ്ടോ ലോകത്തിൻെറ പുരോഗതിക്കു് വല്ല വിഘാതവും? ജീവിതപ്പോരിൽ മരണമടഞ്ഞു് മണ്ണടിഞ്ഞുകിടക്കുന്ന മഹാരഥന്മാരുടെ മാഹാത്മ്യത്തെപ്പോലും വകവെക്കാതെ അവരുടെമേൽക്കൂടിയും പുരോഗമനേച്ഛുവായ ലോകം വിജയകാഹളംമുഴക്കി തൻെറ രഥരോടിച്ചുപോകും. എന്നിട്ടല്ലെ ഞങ്ങൾ!!

# ഇന്നത്തെ പദ്യസാഹിത്യം

( പി. വി. ഗോവിന്ദൻ, Cl, ii. )

അരശ്ശതാബ്ദംകൊണ്ടു മലയാളസാഹിത്യത്തിൽ, പ്രത്യേകിച്ചു പദ്യസാഹിത്യത്തിൽ, ഒരു വലിയ പരിവൎത്തനം വന്നുചേൎന്നിട്ടുണ്ട്. ഈ ചുരുങ്ങിയകാലംകൊണ്ടുതന്നെ പല പുതിയ പ്രസ്ഥാനങ്ങളും ഉണ്ടായിട്ടുണ്ട്. കല കലയ്ക്കുവേണ്ടിയല്ല മനുഷ്യനുവേണ്ടി, അഥവാ ജീവിക്കാൻവേണ്ടി എന്നു നാം മനസ്സിലാക്കിയതും ഈ കാലഘട്ടത്തിൽത്തന്നെയാണ്. ഒരു കലാകാരന്ന് ലോകത്തിൽ പലതും ചെയ്യുവാൻ കഴിയുമെന്ന പരമാൎത്ഥവും നാം മനസ്സിലാക്കിയിട്ടും വളരെനാളുകളായിട്ടില്ല; കാരണം നമ്മുടെ സാഹിത്യം യഥാൎത്ഥരൂപത്തിൽ പുറത്തുവരുവാനുണ്ടായ താമസമാണ്.

സഹചൎയ്യമാണ് കലാകാരനെ മുന്നോട്ടുനയിക്കുന്നതു്. "ഒരു ഭൂഖണ്ഡം മുഴുവൻ പട്ടാളപരിശീലനത്തിലേൎപ്പെടുത്തി വെറും മൌനികളായി ജീവിക്കുന്ന റഷ്യക്കാർ സാഹിത്യസംബന്ധമായി ഒന്നും സൃഷ്ടിക്കാത്തവർ" എന്ന് കാർളൈൽ ഒരിക്കൽ ആ രാജ്യവാസികളെപ്പററി പറഞ്ഞിട്ടുണ്ട്. എന്നാൽ റഷ്യൻ വിപ്ലവകാലത്തിൽ റഷ്യയെപ്പോലെ നരകദുരിതമനുഭവിച്ചിട്ടുള്ള വേറൊരു രാജ്യക്കാർ ഉണ്ടെന്നു തോന്നുന്നില്ല. അപ്രകാരംതന്നെ റഷ്യയിലെ കലാകാരന്മാരും സങ്കടസാഗരത്തിൻെറ മറുകരവരേയും നീന്തി അതിൻെറ വിസ്തീൎണ്ണമളന്നവരാണ്.

കേരളത്തിലെ ജനങ്ങളും വളരെ ജീവിതക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നതിൻെറ ഫലമാണ് മലയാളസാഹിത്യത്തിലും ദൈനന്ദിനമാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. അയിത്തത്തിൻേറയും, അന്ധകാരത്തിൻേറയും, അനീതിയുടേയും മദ്ധ്യത്തിൽ ജനിച്ച ആശാൻ അതിനെതിരായി തൻെറ കവിതകളിൽക്കൂടി ശബ്ദമുയൎത്തി. അസ്വതന്ത്രതയിൽ കിടക്കുന്ന ഭാരതത്തിൻെറ ശോചനീയാവസ്ഥ കണ്ടുകൊണ്ടു വള്ളത്തോൾ തൻെറ തൂലിക ഒരു സമത്വസുന്ദരമായ ലോകം സൃഷ്ടിക്കുവാൻ ഉപയോഗിച്ചു. അങ്ങിനെയിരിക്കുന്ന കാലഘട്ടത്തിലാണ് ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. രാജ്യം കൂടുതൽ ദാരിദ്ര്യത്തിലകപ്പെട്ടു ജീവിക്കാൻ മാൎഗ്ഗമില്ലാതെ, രാജ്യത്തു യാതൊരു തൊഴിലുമില്ലാതെ ജനങ്ങൾ കഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, പലരും പ്രേമകാൎയ്യങ്ങളിലേൎപ്പെട്ട് അതിൽനിന്നും പരാജിതരായി ആത്മഹത്യക്കു തയ്യാറാകുന്ന കാഴ്ചയാണ് ചങ്ങമ്പുഴയുടെ ദൃഷ്ടിയിൽ കണ്ടതു്. അദ്ദേഹം ഈ പരമാൎത്ഥങ്ങളെ തൻെറ തൂലികയിൽക്കൂടി പ്രതിഫലിപ്പിച്ചു.

"കവിത നമ്മെ തത്വനിരൂപണത്തിലേയ്ക്കു പ്രവേശിപ്പിക്കണ"മെന്നു പ്ലൂട്ടാൎക്ക് പറയുന്നു. സുപ്രസിദ്ധ പാശ്ചാത്യപണ്ഡിതരായ ഗെഥെ, ഡാൻെറി തുടങ്ങിയവർ ഈ അഭിപ്രായത്തിനു പ്രാധാന്യംകല്പിച്ചിട്ടുണ്ട്. ഭാവന, വികാരം, ആലോചന എന്നീ മൂന്നുതരം മനോഭാവത്തിൽക്കൂടിയാണ് നാം ഒരു കവിയുടെ കാൽവെപ്പു മനസ്സിലാക്കുന്നതു്. ഇവ മൂന്നും ഒരേ അളവിൽ ഏതൊരു കവിയിലും കാണുകയില്ല. ആലോചനയാണ് ആശാൻെറ കവിതകളിൽ കൂടുതൽ

കാണപ്പെടുന്നതു്. അതുകൊണ്ടു് അദ്ദേഹത്തിൻെറ കവിതകൾ നമ്മെ തത്വചിന്തയിലേയ്ക്കു ക്ഷണിക്കുന്നു. മഹാകവി ജി. ശങ്കരക്കുറുപ്പിൻെറ കവിതയിൽ ആലോചനയും, ഭാവനയുമാണു് മുന്നിട്ടുനില്ക്കുന്നതെന്നു് അദ്ദേഹത്തിൻെറ കവിതകൾ പരിശോധിക്കുന്നതായാൽ നമുക്കു മനസ്സിലാക്കാൻകഴിയും. "ആശയങ്ങളുടെ നൂതനത്വമാണു് കാവ്യമെന്നു" കാർളൈൽ പറയുന്നു. നൂതനാശയങ്ങളുമായി മുന്നോട്ടുചെന്ന ജി. ചെന്നെത്തിയതു് മിസ്റ്റിക്പ്രസ്ഥാനത്തിലാണു്. ടാഗോറിനെപ്പോലെ മലയാളസാഹിത്യത്തിലെ മിസ്റ്റിക്പ്രസ്ഥാനത്തിൻെറ ജനയിതാവു ജി. തന്നെയാണെന്നു വ്യക്തമാണു്. എൻെറ വേളിയെന്ന കവിതയിലെ,

"പ്രേമത്തിൻ തിളക്കം ക-
ണ്ടതു ചെന്നെടുക്കാമ്പിൻ;
ഭീമമാം ഖഡ്ഗത്തേക്കാൾ
മൂച്ചയേറിയതത്രെ"

എന്നും മററുമുള്ള കവിതകൾ അദ്ദേഹത്തിൻെറ പുതിയ പ്രസ്ഥാനത്തെ കാണിക്കുന്നതാണു്. എന്തിന്, ബാലപാഠത്തിൽ കാണുന്ന,

"കരിവണ്ടേ വരണ്ടേൻെറ
അരികെ, തേൻതരില്ല ഞാൻ"

എന്നു തുടങ്ങുന്ന വരികൾതന്നെ അദ്ദേഹത്തിൻെറ പ്രസ്ഥാനത്തിനു ഉദാഹരണമാണു്.

അദ്ദേഹം നവീനലോകത്തിലേക്കാണു് നമ്മുടെ ശ്രദ്ധയെ ഇനിയും ക്ഷണിക്കുന്നതു്.

"നാലഞ്ചു യന്ത്രങ്ങൾ കണ്ടുപിടിക്കുക-
യാലടിപെട്ടുപോയ് കാലമെന്നിങ്ങനെ
നാമഭിമാനിപ്പു; രണ്ടടി നീന്തിയാൽ
ഭീമസമുദ്രം കടന്നെന്ന നാട്യമായ്!"

തുടങ്ങിയ വരികൾകൊണ്ടു നമ്മെ മനസ്സിലാക്കുന്നതു്, നമുക്കു അജ്ഞാതമായ ലോകസമുദ്രത്തിലെ തീരത്തുനിന്നു നാലഞ്ചടിമാത്രം നാം ഉഴല്ലോട്ടു കടന്നിട്ടുള്ളുവെന്നാണു്. അങ്ങിനെ അഗാധമായ സമുദ്രത്തെ നാം ജയിച്ചുവെന്നു നടിക്കുന്നതു് നമ്മുടെ അന്ധമായ അജ്ഞാനംമാത്രമാണു് എന്നാണു്.

ശ്രീ. ജി. തന്നെ ഇയ്യിടെ തിരുവനന്തപുരത്തുവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി. "പതിരുവിതച്ചാൽ വിളവെടുക്കാൻ കഴിയുകയില്ലെന്നു്" ഒരു കലാകാരന് വികസിക്കാൻ കഴിഞ്ഞില്ലെങ്കിൽ, അദ്ദേഹത്തിൻെറ ഭാവനയിൽനിന്നു നമുക്കു ലഭിക്കുന്നതു അധികഭാഗവും പതിരായിരിയ്ക്കും. ഒരു സംഭവത്തേയൊ, വസ്തുവിനേയൊ വിഷയമാക്കി കലാകാരൻെറ ഉള്ളിൽ തട്ടുന്ന താത്വികങ്ങളായ വികാരങ്ങൾ വർണ്ണം, രേഖ, വചനം, തുടങ്ങിയ ഏതെങ്കിലും ബാഹ്യചിഹ്നങ്ങൾവഴിയായി ജനസമുദായഹൃദയത്തിൽ പകരുന്നു. കലാകാരൻെറ കണ്ണിൽകണ്ട അനുഭവങ്ങളാണു് അധികഭാഗവും അദ്ദേഹത്തിൻെറ തൂലികയിൽക്കൂടി പ്രതിഫലിപ്പിക്കുവാൻ കഴിയുന്നതു്. "എൻെറ ഗുരു" എന്ന വള്ളത്തോളിൻെറ ആ ചെറുകാവ്യം ഇതിനേക്കാളും പതിന്മടങ്ങു ഹൃദയസ്പൃശ്യാകുമായിരുന്നു അതിൻെറ പശ്ചാത്തലം കുറിക്കേണ്ടതായ തെക്കെ ആഫ്രിക്കയും മററും അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ പെട്ടിരുന്നുവെങ്കിൽ.

സാഹിത്യപരമായി ഇനിയും നാം വളരെ അധികം വളരുവാനുണ്ടു്. ഇംഗ്ലീഷ് സാഹിത്യത്തിലെ ഗീതകം, (Sonnet) റിയലിസം മുതലായ പ്രസ്ഥാനങ്ങൾ നമ്മുടെ ഭാഷയിൽലഭിച്ചിട്ടു് ഏറെക്കാലമായില്ല ഇന്നും നാം സോഷ്യലിസ്ററു റിയലിസത്തിലേയ്ക്കു് എത്തിച്ചേർന്നിട്ടില്ല ഇനിയും നാം വളരണമെങ്കിൽ—കലാകാരൻെറ ഭാവന പുഷ്ടിക്കണമെങ്കിൽ—കലാകാരനെ ലോകവുമായി ബന്ധപ്പെടുത്തണം.

# സഞ്ജയൻെറ ഹാസസാഹിത്യം

( എ പി. ഇന്ദുകലാധരമേനോൻ, ക്ലാസ് ii. )

നശിക്കാത്ത ചില സ്മരണകളുണ്ട്. മായാത്ത ചില ചിത്രങ്ങളുണ്ട്. മരിക്കാത്ത ചില മഹാന്മാരുമുണ്ട്. അവരിലൊരാളായിരുന്നു ശ്രീ. പാറപ്പുറത്തു സഞ്ജയൻ. അനുഗൃഹീതനായ ആ ഹാസസാഹിത്യകാരൻെറ ഫലിതോക്തികൾ ആസ്വദിച്ചിട്ടില്ലാത്തവർ കേരളീയരുടെ ഇടയിൽ ചുരുങ്ങും. ആരെല്ലാം എന്തുതന്നെ പറഞ്ഞാലും കാര്യം പറയുന്ന ഒരു തമാശക്കാരനായിരുന്നു സഞ്ജയൻ. അദ്ദേഹത്തിൻെറ വിയോഗത്താൽ നികത്താനാവാത്ത ഒരു വിടവാണ് ഇനിയും കാലോചിതം വികസിച്ചുകഴിഞ്ഞിട്ടില്ലാത്ത നമ്മുടെ ഹാസസാഹിത്യത്തിൽവന്നുപെട്ടിരിക്കുന്നത്. പലരും ആഗ്രഹിക്കുന്നതുപോലെ സഞ്ജയൻ ജീവിച്ചിരുന്നുവെങ്കിൽ........ !

നമ്മുടെ ഹാസസാഹിത്യത്തിലേക്കൊന്നു തിരിഞ്ഞുനോക്കുക: ഒരു തോലൻ, ഒരു കുഞ്ചൻ, ഒരു ചന്തുമേനോൻ, ഒരു ഈ. വി. ഒരു സഞ്ജയൻ, കഴിഞ്ഞു. ബഹുജനങ്ങളെ ലാക്കാക്കി, സംസ്കാരോന്നമനത്തോടൊപ്പം അവരിൽ ഭാഷാഭിരുചിയും കലാസ്വാദനവും അനുഭവപ്പെടുത്തുന്ന — സൃഷ്ടിപരമായ ഉയർച്ചയുടെ ആന്തരപ്രചോദനത്താൽ ഉയർന്നു പൊങ്ങിവരുന്ന ഫലിതങ്ങളായിരുന്നില്ല തോലൻെറയും കുഞ്ചൻെറയും എന്നൊരാക്ഷേപം പരക്കെയുണ്ട്. എങ്ങിനെയാകും? കുഞ്ചൻനമ്പ്യാർ വിപ്ലവകാരിയല്ലെന്നവകാശപ്പെട്ട ഒരു പ്രസംഗകൻെറ കാര്യമാണ് ഈയവസരത്തിൽ ഓർമ്മവരുന്നത്. * ഊട്ടുപുരയിൽനിന്ന് ചക്കാത്തുണ്ണുംകഴിച്ച്, മുറുക്കാൻചെല്ലവും മുമ്പിൽവെച്ച് പെരുമാക്കന്മാരോടും രാജാക്കന്മാരോടും വെടിപറയാനിരിക്കുന്ന — ഉത്തമാംഗം വയറെന്നു ശഠിക്കുന്ന ആ പ്രാചീനകവിയുടെ സാഹിത്യത്തിൽ 'വിപ്ലവം' കണ്ടില്ലെങ്കിൽ അതിനെന്താണത്ഭുതപ്പെടുവാനുള്ളത്? പക്ഷേ, ജീവനുള്ള ഫലിതങ്ങൾ — യാഥാർത്ഥ്യത്തിൻെറ നിറവും തിറവുമുള്ള ഫലിതങ്ങൾ — യഥാതഥപ്രസ്ഥാനക്കാരനായിരുന്ന കുഞ്ചൻനമ്പ്യാരിൽനിന്നും കൈരളി കേട്ടുകഴിഞ്ഞിട്ടുണ്ട്. ഭാവനയുടെ പൊൻചിറകുകളിൽനിന്ന് വേർപെടുത്തി യാഥാർത്ഥ്യത്തിൻെറ പടിവാതിലിലേക്കു കുഞ്ചൻനമ്പ്യാർ കവിതാദേവിയെ ക്ഷണിച്ചുവെന്നു പറയുന്നതിൽ തെററുണ്ടായിരിക്കയില്ലെന്ന് വിശ്വസിക്കുന്നു. കേരളീയരുടെ കണ്ണിലുണ്ണിയായിരുന്ന കുഞ്ചൻനമ്പ്യാരുടെകാലത്ത് ഹാസസാഹിത്യം കുറച്ചുകൂടി പരിപുഷ്ടിപ്രാപിച്ചു.

അങ്ങിനെ, നൂററാണ്ടുകൾക്കുശേഷം, ഹാസസാഹിത്യശാഖ നിർജ്ജീവാവസ്ഥയിലാണ്ടുകിടന്നിരുന്ന ഒരു കാലത്തു സഞ്ജയൻ രംഗപ്രവേശംചെയ്തു. തികച്ചും ഭിന്നമായ

---

* ശ്രീ. എസ്സ്. ഗുപ്തൻനായർ ഈയിടയ്ക്കു മഹാരാജകലാലയത്തിൽവെച്ചു ചെയ്ത പ്രസംഗമാണ് ഇവിടെ വിവക്ഷിക്കുന്നതെങ്കിൽ ലേഖകൻ ആ പ്രസംഗത്തിൻെറ പൊരുൾ എന്തെന്നു ധരിച്ചിട്ടില്ലെന്നു പറയേണ്ടിവരുന്നു. ( കു. മേ. )

ഒരു രീതിയിലൂടെ, വ്യക്തിത്വമുദ്രപതിഞ്ഞ അദ്ദേഹത്തിന്റെ കൃതികൾ അന്നുവരെയുണ്ടായിട്ടുള്ള മററു ഹാസ്യകൃതികളെ അധഃകരിച്ചു. ശ്ലോകമുത്തശ്ശിയെ നാട്ടിൽനിന്നോടിച്ച്, ദ്രാവിഡനാട്ടുകാരിയായ 'മിസ്റ്റിക്കോമന്' യെ വരിക്കുവാൻ യുവകവികൾ കാപ്പുകെട്ടിയിറങ്ങിയപ്പോൾ, വടക്കേമലയാളത്തിലെ ചങ്ങലംപരണ്ടയെന്ന കുഗ്രാമത്തിൽ അന്നുവരെ രാമുണ്ണിനായരായിരുന്ന സഞ്ജയൻ പാറപ്പുറത്തുനിന്നൊരു ക്രുക്ക്രുകി. ആ പൊട്ടിച്ചിരിയാണ് പിൽക്കാലത്തു വിശ്വരൂപത്തിലൂടെ വികസിച്ച് കേരളമാകെ മാറെറാലിക്കൊണ്ടത്.

## ബാല്യകാലകൃതികൾ

ബാല്യത്തിൽതന്നെ കണക്കില്ലാത്ത കാവ്യതല്ലജങ്ങൾ ശ്രീ. എം. ആർ. നായർ എഴുതിക്കൂട്ടിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ബാല്യാപരാധങ്ങളായിരുന്ന ആ കൃതികളിൽ ചുരുക്കം ചിലതൊഴിച്ച് പിൽക്കാലത്ത് അദ്ദേഹം, അനുവാചകന്മാരെക്കാണിക്കുവാൻ ഇഷ്ടപ്പെടാത്തതുകൊണ്ടോ എന്തോ നശിപ്പിക്കുകയാണുണ്ടായത്. ഒരു കൊച്ചുകവിയുടെ വിഭാവനാവൈഭവം ആമൂലാഗ്രം പ്രസ്തുത കൃതികളിൽ നിഴലിച്ചുകാണുന്നുണ്ട്.

"പൂർവ്വാന്തരീക്ഷത്തിലിരുണ്ടുനില്ക്കും
മുകിൽപ്പരപ്പാം നികഷോപലത്തിൽ,
ആരോ തനിത്തങ്കമുരച്ചു മാററു-
നോക്കുന്നു സൂര്യോദയകൈതവത്താൽ —"
"തീക്കൊത്തിടും തിമിരമാമുരകല്ലുതന്മേ-
ലക്കൊള്ളിവീശൽ ചില പൊൻവര
(ച്ചേർത്തിടുമ്പോൾ"

പ്രൗഢഗാംഭീര്യവും പദഭംഗിയും ഉൾക്കൊള്ളുന്ന ഈ വരികൾ വായിക്കുമ്പോൾ ആരാണ് സുഷമാപൂരം നിറഞ്ഞ ചിന്താസുന്ദരമായ ഈ കവനതല്ലജം കേവലം കുട്ടിക്കളിമാറിയിട്ടില്ലാതിരുന്ന ഒരു ചെറുപ്പക്കാരന്റേതാണെന്നു സംശയിക്കുക?

## സാഹിത്യയാത്രയിലെ നാഴികക്കല്ല്

തടംതല്ലി പുളഞ്ഞൊഴുകിയിരുന്ന എം. ആറിന്റെ സാഹിത്യസരണിയെ പെട്ടെന്ന് മറെറാരുവഴിക്കു തിരിച്ചുവിട്ടത് അദ്ദേഹത്തിന്റെ പ്രിയതമയുടെ അകാലവിയോഗമായിരുന്നു. ശോകാർത്തനായ കവി,

"പനിനീരലരെ പറഞ്ഞുവോ
വിവരം നിന്നോടു സാന്ധ്യമാരുതൻ?
തവ സതസഖിനമ്മെ വിട്ടുപോയ്
ഭുവനം പാഴ്‌വനമിന്നു മാമകം"

എന്ന തിലോദകത്തിൽ വിലപിക്കുന്നതു കാണുമ്പോൾ — പ്രസന്നാത്മകത്വത്തിൽ മാത്രം വിശ്വസിച്ച്, മരണത്തിന്റെ നേരെപോലും ചിരിച്ചുകൊണ്ടു ചരിച്ചിരുന്ന അത്തരമൊരു ഹാസസാഹിത്യകാരനിൽ നിന്നിങ്ങിനെയൊരഭിപ്രായം ശ്രവിക്കുമ്പോൾ—നിങ്ങളത്ഭുതപ്പെട്ടേക്കും. ഗീതയുമായിട്ടടുത്തിടപഴകിയിട്ടില്ലാതിരുന്ന ഒരവസരത്തിലാണ് എം. ആർ. നായർ തിലോദകം എഴുതിയത്. അപൂർണ്ണമെങ്കിലും സഞ്ജയന്റെ സാഹിത്യയാത്രയിലെ ഒരു നാഴികക്കല്ലാണ് തിലോദകം.

## എം. ആർ. നായരും സഞ്ജയനും

അദ്ദേഹം പലപ്പോഴും വിശദമാക്കിയിട്ടുള്ളതുപോലെ രാമുണ്ണിനായരും, സഞ്ജയനും രണ്ടുവ്യക്തികളായിരുന്നുവെന്നുള്ളതാണ് പരമാർത്ഥം. അഥവാ, വ്യക്തിയായിരുന്ന രാമുണ്ണിനായരുടെ സങ്കല്പവും ഭാവനയുംകൂടി സമ്മേളിച്ചപ്പോൾ ഉടലെടുത്ത ഒരു ശക്തിയാണ് സഞ്ജയൻ. വ്യക്തിപരമായ വികാരവിചാരങ്ങളിൽനിന്നകന്ന്, ആദ്ധ്യാത്മികത്വത്തിന്റെ വെളിച്ചത്തിൽ ആത്മാർത്ഥതയുടെ പാറപ്പുറത്തുനിന്നാണ് സഞ്ജയൻ പരിസരങ്ങളെനോക്കിക്കണ്ടത്.

രാമുണ്ണിനായർ ദുഃഖഭൂയിഷ്ഠമായ ജീവിതം നയിക്കുമ്പോൾ സഞ്ജയന്റെ കണ്ണുകളിൽ പ്രസാദം മിന്നുന്നു. മുഖത്തു സഹൃദയത്വം വെള്ളവീശുന്നു. ഈ നിസ്തുല്യാനുഭവത്തിൽ സഞ്ജയൻ ചിരിക്കുന്നു. അകൃത്രിമമായ ആ ചിരിയാണു് കേരളീയഹൃദയങ്ങളിലെല്ലാം ഓളംവെട്ടിയതു്. മാഞ്ഞു മറയുന്ന സന്ധ്യയുടെ ഏകാന്തതയിൽ രാമുണ്ണിനായർ നെടുവീർപ്പിടുമ്പോൾ, സൌന്ദര്യത്തിലേക്കു കുതിച്ചുപായുന്ന കലാസരണിയുടെ വക്കത്തു് ശുഭപ്രതീക്ഷകനായ സഞ്ജയൻ സർവ്വതും മറന്നു നിലകൊള്ളുകയാണു്. മരിക്കാൻ സന്നദ്ധനായ സഞ്ജയൻ ചിരിക്കാൻ ചരിക്കുകയാണു്. കണ്ണീരിലും കാർവില്ലുകാണിക്കുന്ന, അന്ധകാരത്തിലും വെളിച്ചം വീശുന്ന ഈ തത്വത്തെ അഭിമുഖീകരിച്ചു് അഥവാ അടിസ്ഥാനപ്പെടുത്തി ജീവിച്ചതുകൊണ്ടാണു് രാമുണ്ണിനായർ മരിച്ചിട്ടും സഞ്ജയൻ അമൃതനായിരിക്കുന്നതു്.

## ആദ്ധ്യാത്മികബോധം

അസുന്ദരമായ കപടലോകത്തിലെ യാഥാർത്ഥ്യങ്ങളെ തന്റെ സാങ്കല്പികസൃഷ്ടികളാക്കി മാററി വാഗ്രൂപിണിയായ കലയോടു് യോജിപ്പിച്ചു് അനശ്വരമായ ആദ്ധ്യാത്മികതത്വത്തെ ആവിഷ്കരിക്കുക എന്നുള്ളതായിരുന്നു സഞ്ജയൻ തന്റെ ഹാസ്യോദ്യമങ്ങളാൽ ഉദ്ദേശിച്ചിട്ടുണ്ടായിരുന്നതു്. ദൈനന്ദിനസംഭവങ്ങളിൽനിന്നു് പരിതഃസ്ഥിതികളുടെ ഹാസ്യാത്മകമായ ചിത്രീകരണങ്ങളിലൂടെ കലയുടെ സാക്ഷാത്ക്കാരത്തേയും, പൂർണ്ണവദ്രൂപമായ അദ്ധ്യാത്മികസത്യത്തേയും പ്രാപിക്കാനായിരിക്കണം ആ ഗീതാരാധകൻ യത്നിച്ചിട്ടുണ്ടാവുക. പ്രഥമശ്രവണത്തിൽനിന്നുതന്നെ കേവലം അന്തസ്സാരവിഹീനങ്ങളാണെന്നു് തോന്നുന്ന അദ്ദേഹത്തിന്റെ ചില കവനങ്ങൾ, കുറച്ചുകൂടി ചിന്തിച്ചുനോക്കുമ്പോളാണു് നമുക്കു മനസ്സിലാവുക അവ അനന്തങ്ങളായ ചില നിത്യസത്യങ്ങളെ ഉൾക്കൊള്ളുന്നവയാണെന്നു്.

## ഫലിതം

"കരളെരിഞ്ഞാലും തലപുകഞ്ഞാലും
ചിരിക്കണമത്രേ വിദൂഷകധർമ്മം"

എന്നാണു് സഞ്ജയന്റെ അഭിപ്രായം. മനുഷ്യൻ ഒരുടഞ്ഞ മൺകുടമാണെന്നും ചിരികൊണ്ടാണതു നിറയ്ക്കപ്പെട്ടിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുള്ളതാണു്. ശരിയായിരിക്കാം. അതാണല്ലോ ഒഴിക്കുന്തോറും ഏതോ ഒരദൃശ്യകരം വീണ്ടുമതു നിറയ്ക്കുന്നതു്.

ചുരുക്കം ചില വാക്കുകളിൽ ഹാസ്യരസം പരിപൂർണ്ണമായി പ്രകാശിപ്പിക്കുന്നതിനുള്ള സഞ്ജയന്റെ കഴിവു് അന്യാദൃശമാണു്. അദ്ദേഹത്തിന്റെ നിരവധി ലേഖനങ്ങളും ഹാസ്യാഞ്ജലിയുമൊക്കെ ഇതിന്നു് ഉത്തമദൃഷ്ടാന്തങ്ങളാകുന്നു. മിസ്റ്റിക് കൂട്ടാന്റെ കർത്താവായ വാലിയക്കാരൻ ഗോപാലനും, ഭാര്യയുമായി വഴക്കിനുപോയി ബ്ളീച്ചടിച്ച കോമനും, പാലാട്ടുമന്ത്രിയുമൊക്കെ നമ്മുടെ ഹൃദയങ്ങളിൽ ശാശ്വതസ്ഥാനം നേടിക്കഴിഞ്ഞിട്ടുള്ളവർതന്നെയാണു്.

വ്യക്തിപരമായ മുറിവു് ആർക്കുമേല്പിക്കാതെ സഹൃദയഹൃദയാഹ്ലാദകരമായ ഫലിതോക്തി ജീവിതക്ലേശത്തെ സാരമായി ലഘൂകരിക്കുന്നു. ഇങ്ങിനെയുള്ള ഫലിതോക്തി സ്വാഭാവികമായിത്തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. അല്ലാതെ, ശുഷ്കവും ദുർബ്ബലവുമായ — ഫലിതത്തിന്നുവേണ്ടിയുള്ള ഫലിതം എന്നൊരാദർശം അദ്ദേഹത്തിനുണ്ടായിരുന്നില്ല. സമുദായത്തിലേയും, രാഷ്ട്രത്തിലേയും പരിഹാസ്യങ്ങളായ മർമ്മസ്ഥാനങ്ങൾ കണ്ടുവെച്ച ഒരുത്തമകലാകാരനായിരുന്നു അദ്ദേഹം. മുഖംനോക്കാതെ കാര്യം പറയുന്നതിന്നു് അദ്ദേഹത്തെപ്പോലെ മററാരെ

ങ്കിലും ധൈര്യപ്പെട്ടുമോ എന്നുള്ള കാര്യമാണ് സംശയാസ്പദം. രാഷ്ട്രീയപ്രവർത്തകന്മാരേയും, സാഹിത്യകാരന്മാരേയും, ഉദ്യോഗസ്ഥന്മാരേയും ആ സാഹിത്യസവ്യസാചി പരിഹാസക്രൂരമ്പുകൾ തൊട്ടുവിട്ടു മുറിവേല്പിച്ചിട്ടുണ്ട്. പക്ഷെ, അവ സഭ്യതയുടെ സീമയ്ക്കപ്പുറം കടന്നിട്ടില്ല. പത്രമര്യാദയുടെ പരിധിവിട്ട് ആ അഭ്യാസി പയററീട്ടുമില്ല. ആദർശത്തിൻെറ കണ്ണിൽ അപഹാസ്യമായ എന്തിനേയും അദ്ദേഹം വെറുതെവിട്ടിട്ടില്ല. ആരെല്ലാം എന്തെല്ലാം എതിരഭിപ്രായങ്ങൾ പുറപ്പെടുവിച്ചാലും ആദർശം ത്യജിക്കുവാനദ്ദേഹം തയ്യാറുണ്ടായിരുന്നില്ല. ആ കല്ലിന്മേലുരച്ചുനോക്കിയിട്ടാണ് അദ്ദേഹം എന്തിൻേറയും മാറററിഞ്ഞിരുന്നത്. അദ്ദേഹം പറയാറുണ്ട്; 'എം. ആർ. നായരല്ല സംസാരിക്കുന്നത്, സഞ്ജയനാണ്' എന്ന്. വ്യക്തിവിദ്വേഷം പാറപ്പുറത്തു പൊടിച്ചിട്ടില്ല. അദ്ദേഹം സ്വീകരിച്ച ഈ നില ഇന്നത്തെ വിമർശകമ്മന്യന്മാർ ഒന്നു കണ്ടുപിടിച്ചിരുന്നുവെങ്കിൽ..... ! സഞ്ജയൻെറ പരിഹാസപ്പനിനീർച്ചെടിക്ക് ചിരിപുഷ്പവും ശകാരം മുള്ളുമായിരുന്നു.

## വിഷാദാത്മകത്വത്തോടുള്ള വെറുപ്പ്

വിഷാദാത്മകത്വത്തെ ഇത്രയധികം വെറുത്തിരുന്ന ഒരു കവി വേറെയുണ്ടോയെന്ന് സംശയമാണ്. കരുണത്തിൻെറ വേഷത്തിൽ ഷേക്സ്പിയറെ ബാധിക്കുകയും, ചാററർട്ടനെ കൊല്ലുകയും, നക്ഷത്രവീഥിയിൽ ദൃഷ്ടിയർപ്പിച്ച കീററ്സിനെ സമീപിക്കുകയും ചെയ്ത വിഷാദാത്മകത്വം, അദ്ദേഹത്തിൻെറ ഭാഷയിൽ നിരാശയെ കല്യാണംകഴിച്ചു; ബുദ്ധിഭ്രമമാകുന്ന സന്തതിയും ജനിച്ചു. ഇതുകൊണ്ടാണ് സഞ്ജയൻ എന്നെന്നേക്കുമായി വിഷാദാത്മകപ്രസ്ഥാനത്തോടെതിർത്തുനിന്നത്. ചന്ദ്രനും, പൂനിലാവും, ചെന്താമരയുമെല്ലാമണിഞ്ഞ സൌന്ദര്യത്തെ വിഷാദാത്മകതയുടെ ചളിക്കുണ്ടിലേക്കു കെട്ടിത്താഴ്ത്തുവാൻ അദ്ദേഹം തയ്യാറായിരുന്നില്ല; പക്ഷെ, അതിനെ പ്രസാദത്തിൻെറ വെളിച്ചത്തിലേക്കു പൊക്കിയെടുക്കുകയാണദ്ദേഹം ചെയ്തത്.

## സഞ്ജയനും ചങ്ങമ്പുഴയും

സമകാലീനരായിരുന്നുവെങ്കിലും, വിഭിന്നങ്ങളായ രണ്ടു ഭാവങ്ങളുടെ പ്രതിരൂപങ്ങളായിരുന്നു സഞ്ജയനും ചങ്ങമ്പുഴയും. പ്രസാദാത്മകത്വത്തിൻേറയും വിഷാദാത്മകത്വത്തിൻേറയും. നിർഭാഗ്യയായ കൈരളിയുടെ ദുരദൃഷ്ടമെന്നുതന്നെ പറയട്ടെ, ഇവരിരുവരുടേയും സാമീപ്യസാഹചര്യങ്ങൾ വളരെ പരിമിതമായ ഒരു കാലഘട്ടത്തിൽമാത്രമെ അവൾക്കനുഭവിക്കാൻ സാധിക്കുകയുണ്ടായുള്ളു.

വിഷാദാത്മകന്മാരോടും, മിസ്റ്റിക്കുകവികളോടും അദ്ദേഹത്തിനു വളരെയധികം ചെറുത്തുനില്ക്കേണ്ടിവന്നിട്ടുണ്ട്. നിഗൂഢാർത്ഥപ്രതിപാദകങ്ങളായ മിസ്റ്റിക് കവിതകളോടോ, ഗാനാത്മകതയോടോ അദ്ദേഹത്തിനു യാതൊരു വെറുപ്പുമുണ്ടായിരുന്നില്ല. സഞ്ജയൻ എതിർത്തതു് മരണത്തിൻെറ ഗാനവുംപാടി ജനതതിയെ അസ്തപൌരുഷന്മാരാക്കാൻ മിനക്കെട്ട കാവ്യകാരന്മാരേയും അപ്രാപ്തരായ അനുകരണഭ്രമക്കാരേയും മാത്രമാണ്.

എങ്ങനെയായാലും, സഞ്ജയൻെറ നിശിതമായ തൂലികാചലനത്തിനു മുമ്പിൽ ചങ്ങമ്പുഴ ചൂളിപ്പോയിരുന്നുവെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. ഒന്നേ നമുക്ക് സമാധാനിക്കാനുള്ളു: "പാറപ്പുറത്തു വീണവരാരെങ്കിലുമുണ്ടോ പരുക്കേൽക്കാതെപോയിട്ട്?"

# ചിന്താവിഷ്ടയായ സീത

( ടി. കെ. ബാഹുലേയൻ, ക്ലാസ് iii. )

"മഹാകവി കുമാരനാശാന്റെ കാലത്തിനു മുമ്പുവരെ, കേവലം വിനോദത്തിനോ പാണ്ഡിത്യപ്രകടനത്തിനോ ഉള്ള ഒരുപകരണമെന്നതിൽകവിഞ്ഞ്, നമ്മുടെ സാഹിത്യത്തിന് സൃഷ്ടിപരമായി എന്തു മേന്മയാണുണ്ടായിരുന്നത്" എന്ന് പരേതനായ ചങ്ങമ്പുഴ ഒരു സാഹിത്യസമ്മേളനത്തിൽ വച്ച് ചോദിച്ചു. ന്യായമല്ലേ ആ ചോദ്യം? പുരാണങ്ങളിൽനിന്ന് ഇതിവൃത്തം സ്വീകരിച്ച് കുറെ അലങ്കാരങ്ങളുംകിലുക്കി സജാതീയ ദ്വിതീയാക്ഷരപ്രാസമാകുന്ന മംഗല്യവുംചാർത്തി ഭാഷാകവിത അലസഗമനംചെയ്തിരുന്നകാലത്ത് 'ഹാ പുഷ്പമെ' എന്ന് പ്രതിരൂപാത്മകരീതിയിൽ ആശാൻ വിളിച്ച ആ വിളി സാഹിത്യലോകത്തെ ആകമാനം "കണ്ണുമിഴിപ്പിച്ച് ചുററുമെനോക്കിച്ചു."

വീണപൂവാണ് ആശാന്റെ ആദികൃതിയെങ്കിലും പിന്നീടുണ്ടായ നായികമാരാണ് അദ്ദേഹത്തിന് സാഹിത്യത്തിൽ ഒരു സ്ഥിരപ്രതിഷ്ഠ നൽകിയത്. ഹിമവൽസാനുവിലെ ഒരപ്സരസ്സുമുതൽ ഉത്തരമധുരാപുരിയിലെ വേശ്യവരെ ആറു നായികമാരുടെ അവകാശിയാണ് ആശാൻ. ആദിനായികയായ നളിനി ഹിമവൽസാനുവിലെ ഒരപ്സരസ്സുതന്നെയാണ്. ലീലയാകട്ടെ തന്റെ കാമുകനെ അന്വേഷിച്ചലയുന്ന ഒരു കിന്നരി. ചിന്താവിഷ്ടയായ സീത പതിവ്രതാരതമായ ഒരു ദേവി. ചണ്ഡാലഭിക്ഷുകി ചാമർനായകന്റെ കിടാത്തിയായ ഒരു ചണ്ഡാലകന്യക. 'ദുരവസ്ഥയിലെ' സാവിത്രിയാണെങ്കിൽ 'ചാത്തന്റെ ചാള'യിലേക്കു പോകുന്ന ഒരു ബ്രാഹ്മണയുവതി ഇങ്ങിനെ വിവിധസ്വഭാവങ്ങളോടുകൂടിയ നായികമാരെയാണ് അദ്ദേഹം സൃഷ്ടിച്ചിട്ടുള്ളത്. ആദ്യകൃതിയായ നളിനിയും ലീലയും ആനന്ദത്തിനുവേണ്ടിയാണെങ്കിൽ സീത തുടങ്ങിയ നായികമാർ സാമുദായികജീവിതത്തിലെ പല പ്രതികൂലശക്തികളോടും ധീരധീരം പോരാടുന്നതായിട്ടാണ് നമുക്കനുഭവപ്പെടുന്നത്.

"അവമതിയേററിട്ടും രാമനെ ധ്യാനിച്ചിരിക്കുന്നവളാണ് എഴുത്തച്ഛന്റെയും വാല്മീകിയുടേയും സീത. പതിക്ക് സർവ്വമംഗളങ്ങളുംനേർന്ന് മാറിനിൽക്കുന്ന ഒരു പ്രൌഢയാണ് ആശാന്റെ സീത". ഇതാണ് നമ്മ

---

സഞ്ജയന്റെ ദേഹവിയോഗംവരെ മൌനമവലംബിച്ച നമ്മുടെ ജനകീയകവി, ആ ചിതാഭസ്മത്തിന്റെ ചൂടാറുന്നതിനു മുമ്പു പറഞ്ഞതെന്താണെന്നോ?, "പരിഹാസത്തിന്റെ പഴന്തൂവലുകൾ പിഴുതുകളഞ്ഞാൽ സഞ്ജയനിൽ എന്താണവശേഷിക്കുന്നത്?" എന്ന്. വളരെ ബുദ്ധിപൂർവ്വകമായ ഒരു ചോദ്യം. സഞ്ജയനെപ്പോലുള്ള ഒരു ഹാസസാഹിത്യകാരനിൽ മററന്താണവശേഷിക്കേണ്ടത്?

നൈരാശ്യോദിതമായ ആ ചോദ്യം സ്വർഗ്ഗസ്ഥനായ ആ ഫലിതസാമ്രാട്ടിനെ ഒന്നു പുഞ്ചിരിപ്പിച്ചിട്ടുണ്ടായിരിക്കണം ഇല്ലേ?

ടെ നിരൂപണവിഷയമായ 'ചിന്താവിഷ്ടയായ സീതയും വാല്മീകി മുതലായ കവികളുടെ സീതയും തമ്മിലുള്ള അന്തരം. ആശാന്റെ സീത നവീനസമുദായാദർശത്തോട് ബന്ധപ്പെട്ടവളാണ്. ഭാരതീയവനിതകൾക്കാകമാനം അഭിമാനകേന്ദ്രമായ സീതയ്ക്ക് ആശാൻ പാതിവ്രത്യഭംഗം വരുത്തിയെന്ന ഒരപവാദവും ഈ കവിതയ്ക്കുണ്ട്. കടുത്ത വൈരാഗ്യത്തിൽനിന്ന് പൊട്ടിപ്പുറപ്പെട്ട ആശാന്റെ സീത ഭർത്തൃപ്രവർത്തനങ്ങൾ സാധൂകരിക്കുന്നുണ്ടെന്നകാര്യം നിരൂപകന്മാർ വിസ്മരിച്ചായിരിക്കാം ഈ അപവാദങ്ങൾ പുറപ്പെടുവിക്കുന്നത്.

സീതാദേവി, അന്തർദ്ധാനംചെയ്യുന്നതിന്റെ തലേദിവസം വാത്മീകിയുടെ ആശ്രമവാടിയിൽ ഇരുന്ന് തന്റെ ആസന്നഭാവിയേയും പൂർവ്വാനുഭവങ്ങളേയുംപററി ചിന്തിക്കുന്നതാണ് ഈ കൃതിയിലെ പ്രധാനവിഷയം. അന്ന് രാമന്റെ കൊട്ടാരത്തിൽ ഒരു അശ്വമേധം നടക്കുകയാണ്. തദവസരത്തിൽ ഒരു സഹധർമ്മിണിയും അത്യാവശ്യമാണെന്ന് സീതയ്ക്കറിയാം. അതിനുപകരം ഒരു സ്വർണ്ണവിഗ്രഹമാണ് വെച്ചിട്ടുള്ളത്. എന്നുമാത്രമല്ല അവളുടെ സകല ശ്രേയസ്സിന്നും കേന്ദ്രമായ

"സുതർ മാമുനിയോടയോദ്ധ്യയിൽ
ഗതരായോരളവന്നൊരന്തിയിൽ"

ആണ് സീത ആശ്രമവാടിയിലിരുന്ന് ചിന്തിക്കുന്നത്. ഈ സന്ദർഭത്തിൽ സീതയെക്കൊണ്ട് ചിന്തിപ്പിച്ചതുതന്നെ ആശാന്റെ വിജയത്തിന് ഈ കാവ്യത്തിലുള്ള ഒരൊന്നാംതരം ഉദാഹരണമാണ്. ഇതുകണ്ട് പരേതനായ കെ. പി. കറുപ്പൻ ഭർത്തൃപരിത്യക്തയായ ശകുന്തളയെക്കൊണ്ട്, ഭരതനെ ദേവദാസികളെക്കൊണ്ടുകററി, ഒന്നു ചിന്തിപ്പിച്ചുനോക്കി. അതിന്റെ ഫലം കാക്കയ്ക്കു കിട്ടിയ കരിക്കുട്ടതന്നെ ആയിരുന്നു.

ചിന്താപ്രധാനമായ ഒരു ഇതിവൃത്തം ചിത്രണംചെയ്തുകൊണ്ടാണ് കുമാരകവി ചിന്തയിലേക്ക് പ്രവേശിക്കുന്നത്. സീതയെ ആശാൻ ഒരു പൂവാകയുടെ ചുവട്ടിലിരുത്തിയാണ് ചിന്തിപ്പിക്കുന്നത്. ആ വണ്ണനതന്നെ അവളുടെ പൂർവ്വകാലചരിത്രത്തിൽ ശ്രീരാമനോടൊന്നിച്ച് മണിമച്ചിൽ കഴിച്ചുകൂട്ടിയകാലത്തെ ഓർമ്മിപ്പിക്കുവാൻ വളരെ സഹായിക്കുന്നു. സീത യാതൊരനക്കവും കൂടാതെ 'രവിപോയിമറഞ്ഞതും ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും' അറിയാതെയാണ് ഇരുന്നിരുന്നത്. ദേവിയുടെ കുന്തലിൽ മിന്നാമിനുങ്ങുകൾ കൂട്ടംകൂട്ടമായി വന്നിരുന്നുവെങ്കിലും,

"ഒരു നോട്ടവുമെന്നിനിന്നുതെ
വിരയാതല്പമടഞ്ഞ കണ്ണുകൾ
പരുഷാളകപംക്തി കാററിലാ
ഞ്ഞുരസുമ്പൊഴുമിളക്കമെന്നിയേ".

ചിന്ത അതിന്റെ മൂർദ്ധന്യദശയിൽ എത്തുമ്പോൾ അത് ഏതുപ്രകാരത്തിലെങ്കിലും പറഞ്ഞവസാനിപ്പിക്കുവാൻ പല തത്വചിന്തകളും മുഖേന 'മനതാരടക്കുവാൻ' ശ്രമിക്കുന്നതായിട്ടുകാണാം. പക്ഷെ തത്വചിന്ത ചിന്തയെ നീട്ടിക്കൊണ്ടുപോകുവാനാണ് സഹായിക്കുന്നത്. ഈയിടെ മഹാമനസ്വിനിയായ സീത 'ഉഴലും മനതാരടക്കുവാൻ വഴികാണാതെ വിചാരഭാഷയിൽ' സാമാന്യമായി ഇപ്രകാരം പിറുപിറുത്തു.

"ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോദശവന്നപോലെപോം
വിരിയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ".

ഇപ്രകാരം തുടങ്ങുന്ന ചിന്തക്കുള്ള കാരണം അവൾക്കുതന്നെ നേരിട്ട രണ്ടവസ്ഥകളേയും ആലോചിച്ചിട്ടാണ്. രാമന്റെ ധർമ്മപത്നിയായി കഴിച്ചുകൂട്ടിയ സീതയ്ക്ക് നേരിട്ട ആ അപമാനം തീർത്താൽതീരാത്ത ഒന്നാണ്. അതുകൊണ്ടുതന്നെയാണ് 'മാനഹാനിയാൽ ഒഴിയാത്ത ആർത്തി മനുഷ്യനേവരും' എന്ന് സീത ചിന്തിക്കുന്നതും. ഈ വിധ

ത്തിൽ 'തിരിയും രസബിന്ദുവെന്ന' പോലെ അഗാധവും 'പൊരിയും നെന്മണിപോലെ' തീവ്രവുമായി ചിന്തിച്ചിരുന്ന സീതയുടെ ഇടതുതോൾ ഒന്നു ചലിച്ചു. സ്ത്രീകളുടെ ഇടത്തുതോളിന്റെ ചലനം പ്രിയസമാഗമത്തെയാണല്ലോ സൂചിപ്പിക്കുന്നതു് 'നളിനി' യുടെ കരവും ദിവാകരന്റെ സമാഗമത്തിനു ല്പം മുമ്പു് കവി ഒന്നു ചലിപ്പിച്ചു. ഈ ചലനംതന്നെ സീതയുടെ ചിന്ത തുടന്നുകൊണ്ടുവരുവാൻ ഉപകരിക്കുന്നു. അവൾക്കുണ്ടാകുവാൻപോകുന്ന സന്തോഷത്തിനുള്ള കാരണം ഒരുപക്ഷെ,

"മുനിചെയ്ത മനോജ്ഞകാവ്യമ-
മ്മനുവംശാധിപനിന്നു കേട്ടടൻ
അനുതാപമിയന്നിരിക്കണം
തനയന്മാരെയറിഞ്ഞിരിക്കണം"

എന്നായിരുന്നു. അങ്ങിനെ വരുമ്പോൾ അവളെ തിരികെ വിളിച്ചേക്കുമോ എന്നായിരുന്നു അവളുടെ ചിന്ത. എന്നാൽ അവൾക്കു് ശ്രീരാമനോടുള്ള "പ്രണയം തലപൊക്കിടാതെ അണലിപ്പാമ്പുകണക്കു് നിദ്രകൊള്ളുകയാണു്. 'ഇന്ദ്രിയമോദഹേതുക്കളായ ചില ഭാവങ്ങൾ ദേവിയുടെ ഹൃദയത്തിൽനിന്നും വിട്ടുപിരിഞ്ഞിരുന്നു. ദേവിയുടെ മനസ്സിൽ 'ഉദയാസ്തമയങ്ങളെന്നിയെ' വിളങ്ങിയിരുന്ന ശ്രീരാമനാകുന്ന വെൺമതി ഇപ്പോൾ സ്മൃതിദപ്പണത്തിൽമാത്രമാണു് സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു് അവൾ പ്രിയസമാഗമത്തെ കാംക്ഷിക്കുന്നില്ലെന്നു് കവി സൂചിപ്പിക്കുകയാണു് ചെയ്യുന്നതു്. "പതിരാഗജന്യങ്ങളായ പ്രിയഭാവങ്ങൾ ചിന്തയിൽ ഊന്നിടാതെ ആയെന്നും പ്രണയം തലപൊക്കാതെ അണലിപ്പാമ്പുകണക്കെ നിദ്രയായെന്നും ഇന്ദ്രിയമോദഹേതുക്കളായ ഭാവങ്ങൾ ഒഴിഞ്ഞുപോയെന്നും മററും സീത ചിന്തിക്കുന്നുണ്ടെങ്കിലും, സൂക്ഷ്മം പരിശോധിച്ചാൽ ആ മാനവതി അപ്രകാരം അഭിമാനിക്കുകമാത്രമാണു് ചെയ്യുന്നതു്" എന്ന അവതാരികാകാരന്റെ പ്രസ്താവന ആശാന്റെ സീതയെ തെററിദ്ധരിപ്പിക്കുകയാണു് ചെയ്യുന്നതു്. ഒരുപക്ഷെ ഒന്നുപറഞ്ഞു് മറെറാന്നു പ്രവത്തിക്കുന്ന സ്വഭാവം സീതയ്ക്കില്ലെന്നകാര്യം അദ്ദേഹം വിസ്മരിച്ചിരിക്കാം.

പിന്നീടു് ശ്രീരാമൻ സീതയെ ഏതോ ഒരു മണ്ണാൻ പറഞ്ഞ അപവാദം കേട്ടു് 'സുപരീക്ഷിതമായ രാഗവും കൃപയുംകൂടി മറന്നു്' ലക്ഷ്മണനോടൊന്നിച്ചു് ഘോരവനത്തിൽ അവളെ പരിത്യജിക്കുവാൻ പറഞ്ഞയച്ചതും ലക്ഷ്മണൻ കാട്ടിൽ തനിയെ വിട്ടുപോയതിനുശേഷം 'പെരുമാരിയിൽ മാഴ്കിടുന്നൊരു ഭൂമിക്കു് ശരത്തുപോലെ' വാല്മീകിമഹഷി അവളുടെ അരികത്തണഞ്ഞിട്ടു്,

"നികടത്തിൽ മദീയമാശ്രമം
മകളേ! പോരികതോക്ക നിൻഗൃഹം"

എന്നുപറഞ്ഞു് ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടുപോയതും മററും ഇപ്പോൾ സ്മരിക്കുന്നു.

മനുഷ്യഹൃദയത്തിന്നു് ക്ഷോഭംതട്ടുമ്പോൾ എന്തുതന്നെ പറയുവാനും പ്രവത്തിക്കുവാനും അശേഷം മടിയുണ്ടാവുകയില്ല. എന്നാൽ ആ ക്ഷോഭത്തിന്നു് ഒരറുതിവരുമ്പോൾ താൻ ചെയ്തതു തെററായിപ്പോയി എന്ന ഒരു പുനരാലോചന ചിന്തയിൽ ഉദിക്കുന്നതാണു്. ഇവിടെ സീതയുടെ ചിന്ത മൂദ്ധന്യതയിലെത്തുമ്പോൾ തന്റെ പ്രിയതമനായ ശ്രീരാമൻ ദോഷമേശാത്ത തന്നെ കാട്ടിൽ വിട്ടതു ശരിയായോ? അതു് ധമ്മപാലകനായ ഒരു രാജാവിനു് ഉചിതമാണോ? എന്നും മററും ചിന്തിക്കുന്നതായി കാണാം. അതിനിടയിൽ അവൾ രാമചന്ദ്രനേയും അദ്ദേഹത്തിന്റെ പിതാവിനേയും എന്നുവേണ്ട അനുജനെപ്പോലും നിരൂപണം ചെയ്യുന്നു. ഇതു് സീതയ്ക്കു പററിയതാണോ എന്നു് ചോദിച്ചേക്കാം. അതിനുള്ള മറുപടി അതു് ചിന്തമാത്രമാണെന്നാണു്. പോരെങ്കിൽ ആ സതീരത്നത്തിന്റെപേരിൽ

യാതൊരു കുററവുമില്ലെന്ന് അവൾക്കുതന്നെ ആത്മസംതൃപ്തിയുമുണ്ട്.

ഇങ്ങിനെ അനേകം ചിന്തകൾക്കുശേഷം സീതയുടെ അക്ഷമയ്ക്ക് ഒരറുതിവരുന്നതായിട്ടുകാണാം. ഈ സമയത്താണ് സീത ഭർത്തൃപ്രവർത്തനങ്ങൾ സാധൂകരിക്കുന്നത്. 'ഉടനുള്ളിലെരിഞ്ഞതീയിൽ നിന്നിടറിപ്പൊങ്ങിയ ധർമ്മശ്ശുരതയായിരിക്കണം' അവളെ രാമൻ പരിത്യജിക്കുവാനുണ്ടായ കാരണമെന്നും അദ്ദേഹം അതിനെക്കുറിച്ച് പിന്നീട് സഹതപിച്ചിട്ടുണ്ടാവാമെന്നും കരുതുന്നു. അതുകൊണ്ടുമാത്രമായിരിക്കാം അദ്ദേഹം അവളുടെ പ്രതിമാരാധകനായിത്തീർന്നത്. ശ്രീരാമൻ നീതിയുടെ തടങ്ങലിൽ ജീവിക്കുന്ന മററെല്ലാ സൂര്യവംശരാജാക്കന്മാരേക്കാളും ശ്രേഷ്ഠനാണെന്നും ജനേച്ഛയ്ക്കനുകൂലമായി തൻെറ പ്രിയതമയെപ്പോലും പരിത്യജിക്കുവാൻ സന്നദ്ധനാണ് അദ്ദേഹമെന്നും അതുകൊണ്ട് അദ്ദേഹം കുററക്കാരനല്ലെന്നും സീത സമാധാനിക്കുന്നു. 'മുടിദൂരെയെറിഞ്ഞു തെണ്ടിടാം വെടിയാമന്യനുവേണ്ടി ദേഹവും' എന്നും മററുമുള്ള ചിന്ത അവളുടെ പാതിവ്രത്യത്തെ വെളിപ്പെടുത്തുന്നതാണ്. അല്പം മുമ്പ് താൻ ചെയ്ത നിശിതവിമർശനങ്ങൾ തെററായിപ്പോയിയെന്നുകരുതി,

> "ക്ഷുഭിതേന്ദ്രിയ ഞാൻ ഭവാനിലി—
> ന്നുപദർശിച്ച കളങ്കരേഖകൾ
> അഭിമാനിനിയാം സ്വകാന്തയിൽ
> കൃപയാൽ ദേവ ഭവാൻ ക്ഷമിക്കുക"

എന്നുപറഞ്ഞ് സ്വയം ദൂഷിച്ചുകൊണ്ട് മാറിനിൽക്കുന്നു.

ഇങ്ങിനെയൊക്കെയാണെങ്കിലും ആ മാനവതി വീണ്ടും ശ്രീരാമൻെറ പത്നിയായി വാഴുവാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടുതന്നെയാണ് അവൾ മാനവതിയാകുന്നത്. 'നിഴലിൻവഴി പൈതൽപോലെ' പോയി ഇച്ഛാഭംഗത്തിന്നിടവരുത്തുകയില്ലെന്ന അഭിപ്രായത്തെ ഒന്നുകൂടി ബലപ്പെടുത്തി,

> "അരുതെന്തയി! വീണ്ടുമെത്തി ഞാൻ
> തിരുമുമ്പിൽ തെളിവേകി ദേവിയായ്
> മരുവീടണമെന്ന മന്നവൻ
> കരുതുന്നോ ശരി പാവയോയിവൾ?"

എന്ന് വീണ്ടും ചിന്തിക്കുന്നു. ഇങ്ങിനെ സീതയുടെ ചിന്ത അവസാനിക്കുന്നു.

മഹാകവി കുമാരനാശാൻെറ കൃതികളിൽ കാണുന്ന ഒരു ദോഷമാണ് വിഷാദാത്മകത്വം. ചിന്താവിഷ്ടയായ സീതയിൽ നിന്നും അതിന്ന് അനേകം ഉദാഹരണങ്ങൾ ഉദ്ധരിക്കാവുന്നതാണ്. എന്നാൽ ഈ കവിതയിൽ അദ്ദേഹം വെറും ഒരു ദോഷകാര്യദർശിമാത്രമല്ല. ക്ലേശപൂർണ്ണമായ ഒരു ജീവിതത്തിൻെറ പിന്നിൽ ശാന്തവും സുന്ദരവുമായ ഒരു വസന്തമുണ്ടെന്ന് കവിക്കറിയാം. അത് പ്രകൃതിയെ ചൂണ്ടിക്കാണിച്ചുകൊണ്ടു തന്നെ കവി തെളിയിക്കുന്നുമുണ്ട്.

ഇങ്ങിനെനോക്കുമ്പോൾ ആദികവിയുടെ സീതയ്ക്കില്ലാത്തതും ചിന്തിക്കാവുന്നതും ആയ ഒരു ചിന്ത ആശാൻ 'ലിറിക്' രീതിയിൽ രചിക്കുകയാണ് ചെയ്തിട്ടുള്ളത്. ആശാൻെറ സീത നവീനസമുദായത്തിലെ ഒരു വനിതാരത്നമാണെന്ന് കരുതേണ്ടതാണ്. ചിന്താപ്രധാനമായ ഒരു ഇതിവൃത്തംതന്നെ കവി ഒരെട്ടൊമ്പതു ശ്ലോകങ്ങൾകൊണ്ട് സാധിച്ചിരിക്കുന്നു. ചുരുക്കിപ്പറയുന്നതാണെങ്കിൽ വാല്മീകിയുടെ പതിവ്രതാരത്നമായ സീതയിൽനിന്നും ഒരുപടികൂടി ഉല്ക്കർഷം സിദ്ധിച്ച മാനവതിയായ ഒരു സീതയെയാണ് ആശാൻ സൃഷ്ടിച്ചുവിട്ടത്. അത് ഭാഷാസാഹിത്യത്തിന്ന് ഒരമൂല്യരത്നമായി എന്നും വിളങ്ങുകതന്നെചെയ്യും.

# "ബ്രാനിസയിലെ വീനസ്"

[ മോപ്പസാങ്ങ് ]

( വിവ: രവി, ക്ലാസ് ii. )

കുറച്ചുകൊല്ലങ്ങൾക്കുമുമ്പ് 'ബ്രാനിസ'യിൽ സുപ്രസിദ്ധനായ ഒരു യഹൂദപണ്ഡിതനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രശസ്തി അദ്ദേഹത്തിന്റെ ജ്ഞാനത്തേക്കാളും ബുദ്ധിയേക്കാളും ദൈവഭയത്തേക്കാളും കൂടുതലായി ഭാര്യയുടെ സൗന്ദര്യത്തിന്മേലാണ് അധിഷ്ഠിതമായിരുന്നത്. അവൾ 'ബ്രാനിസയിലെ വീനസ്' എന്ന പേരിനെ തികച്ചും അർഹിച്ചിരുന്നു. അസാധാരണമായിരുന്നു അവളുടെ രൂപലാവണ്യം. മാത്രമല്ല, യഹൂദവേദഗ്രന്ഥത്തിൽ അഗാധമായ പാണ്ഡിത്യം സമ്പാദിച്ച ഒരാളുടെ പത്നിയായിരുന്നല്ലോ അവൾ. സാധാരണയായി യഹൂദപണ്ഡിതന്മാരുടെ ഭാര്യമാർ വിരൂപകളോ അംഗവൈകല്യമുള്ളവരോ ആയിരിക്കും.

യഹൂദഗ്രന്ഥങ്ങൾ ഇങ്ങനെയാണ് പറയുന്നത്: വിവാഹങ്ങൾ നടക്കുക സ്വർഗ്ഗത്തിൽവച്ചാണ്. ഒരു ആൺകുട്ടിയുടെ ജനനസമയത്ത് അവന്റെ ഭാവി വധുവിന്റെ പേർ ഒരു ദിവ്യപുരുഷൻ പറയുന്നതു കേൾക്കാം. അതുപോലെത്തന്നെ ഒരു പെൺകുട്ടി ജനിച്ചാലും. ബുദ്ധിമാനായ പിതാവ് വീട്ടിലെ നല്ല സാധനങ്ങൾ പുറമെ സൂക്ഷിച്ച് കേടുവന്ന സാധനങ്ങൾ കുട്ടികൾക്കു കളിക്കാൻ കൊടുക്കുന്നതുപോലെ, ഈശ്വരൻ മററു പുരുഷന്മാരാരും വരിക്കാൻ മുതിരാത്തവിധം വിരൂപകളായ സ്ത്രീകളെയാണ് ജൂതപണ്ഡിതന്മാൎക്ക് കൊടുക്കുക പതിവ്.

എന്നാൽ നമ്മുടെ പണ്ഡിതന്റെ കാര്യംമാത്രം ഒരു വ്യത്യാസമായിരുന്നു. അദ്ദേഹത്തിന് ഈശ്വരൻ ഒരു സൗന്ദര്യധാമത്തെത്തന്നെ പ്രദാനംചെയ്തു; ഒരുസമയം ആ നിയമത്തിന്റെ കാഠിന്യത്തെ ഒന്നു കുറയ്ക്കുവാൻവേണ്ടിമാത്രമായിരുന്നിരിക്കാം അങ്ങനെ ചെയ്തതു്. ഏതു രാജധാനിക്കും ഏതു ശില്പപ്രദർശനശാലയ്ക്കും അലങ്കാരമായിരിക്കേണ്ടവളായിരുന്നു ആ താതപികന്റെ പ്രിയതമ. ഉയരംകൂടി കാമാതുരമായ ദേഹം: കഴുത്തിനു ചുററും ചുമലുകളിൽ സമൃദ്ധിയായി നിൽക്കുന്ന കറുത്ത ചെറികൾ; രണ്ടു നീളംകൂടിയ കറുത്ത നയനങ്ങൾ കണ്ണിമകൾക്കു കീഴിൽ മിന്നിയിരുന്നു. അവളുടെ മോഹനങ്ങളായ കൈകൾ ആനക്കൊമ്പുകൊണ്ടു കടഞ്ഞെടുത്തവപോലെയാണിരുന്നിരുന്നത്.

ആ സൌഭാഗ്യവതി അനേകം അടിമകളെ കാൽക്കൽ വീഴിക്കുവാനും അനേകം ഹൃദയത്തെ ഭരിക്കുവാനും ആയി പ്രകൃതിയാൽ നിർമ്മിക്കപ്പെട്ടവളാണെന്നാണ് തോന്നുക. ചിത്രകാരന്മാരുടെ തൂലികയ്ക്കും പ്രതിമാനിർമ്മാതാക്കളുടെ ഉളിയ്ക്കും കവികളുടെ തൂവലിനും വിഷയമാകേണ്ട ആ സൌന്ദര്യധാമം ചുട്ടുനീറിയ ഒരു അറയ്ക്കകത്ത് അടയ്ക്കപ്പെട്ട ദുർല്ലഭവും സുന്ദരവുമായ ഒരു പുഷ്പത്തിന്റെ ജീവിതമാണ് നയിച്ചിരുന്നത്. അവൾ അവളുടെ വിലയേറിയ രോമവസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് മനോരാജ്യത്തിൽ മുഴുകി പകൽ മുഴുവൻ തെരുവീഥിയിലേയ്ക്കു നോക്കി ഇരിക്കാറുണ്ടു്.

അവൾക്കു് കുട്ടികളുണ്ടായിരുന്നില്ല. അവളുടെ ഭർത്താവ് — ആ പണ്ഡിതൻ — നേരംവെളുക്കുമ്പോൾമുതൽ രാത്രിയാകുന്ന

തുവരെ പഠിക്കുകയും പ്രാർത്ഥിക്കുകയും വീണ്ടും പഠിക്കുകയുംതന്നെ ചെയ്തുകൊണ്ടിരുന്നു. യഹൂദന്മാർ പറയുന്ന നിഗ്രന്ഥജ്ഞാനം പോലെ അനാവൃതമായ ഒരു സൌന്ദര്യ്യമായിരുന്നു അയാളുടെ പ്രിയതമ. അവൾ വീട്ടുകാര്യ്യങ്ങളിൽ യാതൊരു ശ്രദ്ധയും പതിപ്പിച്ചിരുന്നില്ല; അവൾ ധനികയായിരുന്നല്ലോ! എല്ലാം അതാതിൻെറ ഇഷ്ടംപോലെ നടന്നുപോന്നു; ആഴ്ചയിൽ ഒരുപ്രാവശ്യംമാത്രം താക്കോൽ കൊടുക്കേണ്ടുന്ന ഒരു ഘടികാരത്തെപ്പോലെ ആരും അവളെക്കാണാൻ വന്നില്ല. അവൾ വീട്ടിൽനിന്നും പുറത്തേയ്ക്ക് ഒരിയ്ക്കലും പോകാറും ഇല്ല. അവൾ ഇരുന്നു; സ്വപ്നംകണ്ടു; മനോരാജ്യത്തിൽ മുഴുകി;—കോട്ടുവായിട്ടു.

* * * * *

ഒരുദിവസം ഇടിയും മിന്നലും ആ പട്ടണത്തിൻെറ മീതെ കോപം മുഴുവൻ പ്രകടിപ്പിക്കുകയായിരുന്നു. 'മിശിഹാ' യ്ക്കകത്തേയ്ക്കു കടക്കുവാൻ എല്ലാ ജനാലകളും തുറന്നിട്ടിരുന്നു. ആ ജൂതതിലോത്തമ പതിവുപോലെ അവളുടെ സുഖാവഹമായ കസേലമേൽ ആലോചനാമഗ്നയായിരിക്കുകയാണ്; രോമവസ്ത്രങ്ങൾ ഉണ്ടായിരുന്നിട്ടും അവൾ തണുത്തുവിറച്ചു. പെട്ടെന്ന് അവളുടെ ദീപ്തങ്ങളായ കണ്ണുകൾ വേദഗ്രന്ഥം മലർത്തിവച്ചുകൊണ്ടിരുന്ന ഭർത്താവിൻെറമേൽ പതിപ്പിച്ചുംകൊണ്ട് അവൾ ചോദിച്ചു:

"എന്നോടു പറയൂ; എപ്പോഴാണ് മിശിഹാ,ദാവീദിൻെറ പുത്രൻ, വരുക?"

"അദ്ദേഹം വരും" ആ താത്വികൻ പ്രതിവചിച്ചു: "എല്ലാ ജൂതന്മാരും ഒന്നിലോ ഒരുമിച്ചു നന്നാവുമ്പോൾ, അല്ലെങ്കിൽ ഒരുമിച്ചു ചീത്തയാകുമ്പോൾ യഹൂദേതിഹാസങ്ങൾ അങ്ങനെ പറയുന്നു."

"നിങ്ങൾ വിശ്വസിക്കുന്നുവോ ജൂതന്മാരെല്ലാവരും എന്നെങ്കിലും ഒരിക്കൽ നന്നാവുമെന്ന്?" ആ സുന്ദരി തുടർന്നു.

"അതെങ്ങനെ ഞാൻ വിശ്വസിക്കാനാ?"

"അപ്പോൾ എല്ലാ ജൂതന്മാരും ദുർബ്ബുദ്ധികളാകുമ്പോൾ മിശിഹാവരും, അല്ലേ?"

തത്വചിന്തകൻെറ തോളൊന്നു ചുളിഞ്ഞു. വീണ്ടും ആ വേദഗ്രന്ഥത്തിലെ ഭ്രമവലയത്തിൽ മുഴുകി. ഒരാൾമാത്രമേ ശരിയ്ക്കുള്ള ബുദ്ധിയോടുകൂടി ആ വലയത്തിൽനിന്നും പുറത്തുവന്നിട്ടുള്ളുവത്രെ. ജനാലയുടെ അടുത്തിരുന്നിരുന്ന ആ സുന്ദരി വീണ്ടും പുറത്തു പെയ്യുന്ന ഉഗ്രമായ മഴ നോക്കിക്കൊണ്ട് മനോരാജ്യത്തിൽ മുഴുകിയിരുന്നു. അപ്പോൾ അവളുടെ വെളുത്ത കൈകൾ അവളറിയാതെകണ്ടുതന്നെ അവളുടെ മനോഹരങ്ങളായ വസ്ത്രങ്ങളുടെ കറുത്ത രോമങ്ങളിൽ കളിച്ചുകൊണ്ടിരുന്നു.

* * * * *

ഒരുദിവസം ആ ജൂതപണ്ഡിതൻ അടുത്തുള്ള ഒരു നഗരത്തിലേയ്ക്കു ആചാരസംബന്ധമായ ചില കാര്യ്യങ്ങളെക്കുറിച്ചു വാദിക്കുവാൻപോയി. അദ്ദേഹത്തിൻെറ ജ്ഞാനത്തിന് നന്ദിപറയട്ടെ, വിചാരിച്ചതിലും വേഗം ആ വാദപ്രതിവാദം അവസാനിച്ചു. പിറേറന്നേ തിരിച്ചുപോകാനുദ്ദേശിച്ചിരുന്നുള്ളുവെങ്കിലും അന്നു വൈകുന്നേരംതന്നെ അദ്ദേഹത്തോളംതന്നെ അറിവുള്ള മറെറാരു പണ്ഡിതനുമൊരുമിച്ച് അദ്ദേഹം തിരിച്ചുപോന്നു. സുഹൃത്തിൻെറ ഗൃഹത്തിൽവച്ച് വണ്ടിയിൽനിന്നിറങ്ങി വീട്ടിലേയ്ക്കു അദ്ദേഹം നടന്നു. അദ്ദേഹം കുറച്ചൊന്നുമല്ല അത്ഭുതപ്പെടാതിരുന്നില്ല, ഗൃഹത്തിൻെറ ജാലകങ്ങളെല്ലാം ദീപപ്രഭയാൽ ശോഭനമായിക്കണ്ടപ്പോൾ. ഒരു ഉദ്യോഗസ്ഥൻെറ വേലക്കാരൻ വീട്ടിന്നു മുമ്പിൽ സുഖമായി പുകവലിച്ചുകൊണ്ടു നിൽക്കുന്നത് അദ്ദേഹം കണ്ടു.

ഒരു ചങ്ങാതിയുടെഭാവത്തിൽ, എന്നാൽ അല്പം ജിജ്ഞാസയോടുകൂടി, ആ

ത്തപജ്ഞാനി ചോദിച്ചു: "നിങ്ങൾ എന്താണിവിടെ ചെയ്യുന്നതു്?"

ഇവിടത്തെ ജൂതസുന്ദരിയുടെ ഭത്താവ് വിചാരിക്കാതിരിക്കുമ്പോൾ ഇവിടെ വന്നു കേറിയാലോ. ഞാൻ കാവൽനില്ക്കുകയാണു്".

"അതെയോ? കൊള്ളാം. നല്ലവണ്ണം നോക്കിക്കോളൂ".

ഇങ്ങനെ പറഞ്ഞിട്ടു് അദ്ദേഹം പോകുന്നതായി നടിച്ചു. പക്ഷെ വീടിന്റെ പുറകുവശത്തുള്ള ആരാമത്തിൽക്കൂടിയുള്ള പ്രവേശനമാർഗ്ഗത്തിലൂടെ ആ പണ്ഡിതൻ വീട്ടിലേക്കു നടന്നു. ആദ്യത്തെ മുറിയിൽ കടന്നപ്പോൾതന്നെ രണ്ടുപേൎക്കു കിടക്കുവാൻ വേണ്ടി ഒരു മേശയിട്ടിരിക്കുന്നതു് അദ്ദേഹം കണ്ടു. കുറച്ചുനേരമേയായുള്ളു അവിടം വിട്ടിട്ടു് എന്നും അദ്ദേഹത്തിനു മനസ്സിലായി. അദ്ദേഹത്തിന്റെ ഭാൎയ്യ പതിവുപോലെ രോമവസ്ത്രങ്ങളാൽ മൂടപ്പെട്ടു് കിടപ്പുമുറിയുടെ അടുത്തുള്ള ജനാലയ്ക്കൽ ഇരിക്കുകയായിരുന്നു. പക്ഷെ അവളുടെ കപോലങ്ങൾ സംശയസൂചകമാംവണ്ണം ചെമന്നിരുന്നു. സാധാരണ സ്ഫുരിക്കാറുള്ള ആ ദീപ്തിയേറിയ നോട്ടം അവളുടെ കണ്ണുകളിൽ അപ്പോളുണ്ടായിരുന്നില്ല. എങ്കിലും അവളുടെ നയനങ്ങൾ ഭത്താവിൽത്തന്നെ പതിഞ്ഞു. അവയിൽ സംതൃപ്തിയുടേയും അവജ്ഞയുടേയും ഒരു ലാഞ്ഛനയുണ്ടായിരുന്നു. തൽക്ഷണം അയാളുടെ പാദങ്ങൾ നിലത്തുകിടന്നിരുന്ന ഏതോ ഒരു സാധനത്തിന്മേൽ തട്ടി. ഒരു അസാധാരണമായ ശബ്ദമുണ്ടായി. അയാൾ അതെടുത്തു വെളിച്ചത്തുവച്ചു പരിശോധിച്ചു; അതു് ഒരു ജോടി കുതിരമുള്ളായിരുന്നു.

"ഇവിടെ ആരായിരുന്നു?" ആ യഹൂദപണ്ഡിതൻ ചോദിച്ചു.

ആ ജൂതതിലോത്തമ അവളുടെ തോളുകൾ പുച്ഛഭാവത്തിൽ ഒന്നു ചുളിച്ചു. എന്നാൽ യാതൊന്നും മിണ്ടിയില്ല.

"ഞാൻ പറയട്ടെയോ? ഹുസ്സാറിലെ ക്യാപ്റ്റനായിരുന്നു നിന്റെകൂടെ ഇവിടെ".

"അദ്ദേഹത്തിനു് എന്തുകൊണ്ടു ഇവിടെ വന്നുകൂടാ?" വെളുത്ത കൈകളാൽ അവളുടെ ജാക്കററിൽ തലോടിക്കൊണ്ടു് അവൾ പറഞ്ഞു

"എടീ, നിനക്കു ബോധമില്ലേ?"

"ഉവ്വ്, എനിക്കു തികച്ചും ബോധമുണ്ടു്" അവളുടെ ചെമന്ന മനോഹരങ്ങളായ ചുണ്ടുകളിൽ ഒരു ചെറിയ മന്ദഹാസം പരന്നു:

"മിശിഹാ വരുകയും സാധുയഹൂദരായ നമ്മെ രക്ഷിക്കുകയും ചെയ്യുന്നതിനു് എന്റെഭാഗം ഞാനും നിൎവ്വഹിക്കേണ്ടതല്ലേ?"